KOTTAYAM PUBLIC LIBRARY

Call No. M335.4 Acc. No. 5498

Author: മലയാളരാജ്യം.

Title: സ്വാതന്ത്ര്യത്തിന്റെ വിളംബരം.

8498.

No. 8498

KOTTAYAM PUBLIC LIBRARY
KOTTAYAM

# സാമ്രാജ്യത്വത്തിന്റെ
# വിശ്വരൂപം

ശ്രീരാമവിലാസം പ്രസിദ്ധീകരണം

(Malayalam)

# SAMRAJYATHWATHINTE VISWAROOPAM

By

MALAYALA RAJYAM

Publishers:
Sree Rama Vilas Press & Publications (Private) Ltd.,
Quilon.

First Impression October 1962.
Copies 1000.

Copy right:
Reserved by the publishers.

Printed at:
S. R. V. Press, Quilon.

Price Re. 1.

No. 8498

# സാമ്രാജ്യത്വത്തിന്റെ വിശ്വരൂപം

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

മലയാളരാജ്യം

NATIONAL BOOK STALL * BR. KOTTAYAM *
SPCS LTD.

പ്രസാധകർ:

ശ്രീരാമവിലാസം പ്രസ്സ് & പബ്ലിക്കേഷൻസ്

(പ്രൈവററ്) ലിമിററഡ്

കൊല്ലം.

---

വില രൂപ ഒന്നു്.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
No. 8498

അന്തർദ്ദേശീയസംഭവവികാസങ്ങളുടെ ഒരു സൂക്ഷ്മനിരീക്ഷകനായ മാറോക്കി മലയാളരാജ്യം ചിത്രവാരികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ചില ലേഖനങ്ങളുടെ ഒരു സമാഹാരമാണിതു്. സംഘർഷമയമായ ഇന്നത്തെ ലോകത്തിന്റെ ശരി മനസ്സിലാക്കുന്നതിനു്, അദ്ദേഹം വിദഗ്ദ്ധമായി വിശകലനം ചെയ്തു് എഴുതിയിട്ടുള്ള ഈ ലേഖനങ്ങൾ ഉപകരിക്കാതിരിക്കയില്ല നിരവധി വായനക്കാരെ സമ്പാദിക്കാൻകഴിഞ്ഞിട്ടുള്ള ഒരു പംക്തിയാണു് മലയാളരാജ്യത്തിലെ മാറോക്കിയുടെ "നാം ജീവിക്കുന്ന ലോകം" എന്നു രേഖപ്പെടുത്തുന്നതിനു് ഞങ്ങൾക്കു് അതിയായ സന്തോഷമുണ്ടു്.

പ്രസാധകർ.

M335.4

KOTTAYAM PUBLIC LIBRARY

# മുതലാളിത്തവ്യവസ്ഥിതിയുടെ ശക്തിവലയത്തിൽ ഒരു സോഷ്യലിസ്റ്റ് രാഷ്ട്രം

അമേരിക്കൻവൻകരയിൽനിന്നും തൊണ്ണൂറു നാഴികമാത്രം അകലെ ഒരു രാജ്യത്ത് കമ്മ്യൂണിസം വളരുന്നതു് അമേരിക്കയ്ക്കു് സഹിഷ്ണുതയോടെ വീക്ഷിക്കാനാവില്ലെന്ന അമേരിക്കയുടെ ചിന്താഗതി ഒരു പരിധിയോളം മനസ്സിലാക്കാവുന്നതേയുള്ളു. പക്ഷേ അത്തരത്തിലുള്ള ഒരു വിശ്വാസപ്രമാണം എന്തുകൊണ്ടു് കാസ്ട്രോയുടെ ക്യൂബയ്ക്കും വെച്ചുപുലർത്തിക്കൂടാ എന്ന ചോദ്യം ന്യായമായും അവശേഷിക്കുന്നു.

അമേരിക്കയുടെ സാമ്പത്തികവും സൈനികവുമായ സഹായത്തോടെ ക്യൂബൻപ്രതിവിപ്ലവകാരികൾ 1961 ഏപ്രിൽ 17-ാംനു- കാസ്ട്രോയുടെ ക്യൂബയ്ക്കെതിരായി നടത്തിയ ആക്രമണത്തിന്റെ പരാജയത്തെ വിലയിരുത്തിക്കൊണ്ടു് ന്യൂയാക്ക്ടൈംസിന്റെ വിദേശകാര്യലേഖകനായ ഫ്രാംസ്ബർഗർ എഴുതുകയുണ്ടായി: "1812-നു ശേഷം നമുക്കുണ്ടായ ഏററവും ദയനീയമായ പരാജയമാണിതു്. നമ്മുടെ സുഹൃത്തുക്കളുടെ ദൃഷ്ടിയിൽ നാം വിഡ്ഢികളായി. നമ്മുടെ ശത്രുക്കളുടെ ദൃഷ്ടിയിൽ നാം കിരാതന്മാരായി. മററുള്ളവരുടെ ദൃഷ്ടിയിൽ നാം കൊള്ളരുതാത്തവരുമായി."

കാരണം, പരാജയപ്പെട്ട ഈ ക്യൂബൻപ്രതിവിപ്ലവം രാജ്യതന്ത്രത്തിൻെറ പാപ്പരത്തത്തിൻെറ ഏററവും മികച്ച ഒരു നിദർശനമായി അവശേഷിക്കുന്നു. അതുകൊണ്ടത്രേ, അമേരിക്കയിലെ ന്യൂസ്‌വീക്ക്, പ്രസിഡൻറ് ഐസൻഹോവർ അധികാരത്തിലിരുന്ന എട്ടുകൊല്ലക്കാലത്തിനിടയ്ക്കു് ഇത്ര ഭീമമായ ഒരു പരാജയം അഭിമുഖീകരിക്കേണ്ടിവന്നിട്ടില്ലെന്നു്, അഭിപ്രായപ്പെട്ടതു്. അമേരിക്കയിലെ വിവേകമതികളായ രാജ്യതന്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങളെ മാനിക്കാതെ കെന്നഡിയുടെ ആശീർവാദത്തോടും അല്ലൻ ഡള്ളസിൻെറ കേന്ദ്ര ഇൻറലിജൻസ് ബ്യൂറോയുടെ പരോക്ഷമായ കാർമ്മികത്വത്തോടും ക്യൂബൻ എതിർവിപ്ലവകൌൺസിലിലെ കാർഡോണയുടെ നേതൃത്വത്തിലും (കാരണം പ്രതിവിപ്ലവകാരികളല്ല, അമേരിക്കയാണു് യഥാർത്ഥത്തിൽ വിപ്ലവം നയിച്ചതെന്ന റിപ്പോർട്ടുകൾ ഉണ്ടു്) ക്യൂബയുടെ ആക്രമണം പൊട്ടുനാണവെ ഏപ്രിൽ 17-ാംനു- സംഭവിച്ചു.

ക്യൂബയുടെ ആക്രമണത്തിലെ "രക്തത്തിൽ തങ്ങൾക്കു് പങ്കില്ലെന്നു്" വരുത്തിത്തീർക്കുന്നതിനുവേണ്ടി പ്രതിവിപ്ലവത്തിനു മുമ്പു് ചില അടവുകൾ കെന്നഡി പ്രയോഗിക്കാതെയിരുന്നില്ല. ആക്രമണത്തിനു് ഒരാഴ്ചമുമ്പു്, "അമേരിക്കയുടെ സൈന്യം ക്യൂബയിൽ ഒരുതരത്തിലും ഇടപെടുകയില്ലെന്നു്" കെന്നഡി പ്രസ്താവിച്ചിരുന്നു. കൂടാതെ ക്യൂബയെ ആക്രമിക്കുന്നതിനു് സന്നാഹങ്ങൾ ചെയ്യുകയുണ്ടായിയെന്ന കുററംചുമത്തി റോഡണ്ടോ എന്നൊരാളെ അമേരിക്കൻഗവമ്മെൻറു് അറസ്റ്റ്ചെയ്യുകയുമുണ്ടായി. ഈ പൊടിക്കൈകൾ ഉദ്ദേശിച്ചഫലം ചെയ്തില്ലെന്നു മാത്രമല്ല, പരാജയപ്പെട്ട ആക്രമണത്തിൻെറ പ്രചോദനവും ശക്തിദുർഗ്ഗവുമായി വർത്തിച്ചിരുന്ന അമേരിക്കയുടെ ഉദ്ദേശത്തിൻെറ തനിനിറം ലോകത്തിനു് ബോദ്ധ്യപ്പെട്ടത്തിക്കൊടുക്കുന്നതിനും ഉപകരിക്കുകയുണ്ടായി.

അമേരിക്കൻവൻകരയിൽനിന്നും 90 നാഴികമാത്രം അകലെ ഒരു രാജ്യത്ത് കമ്മ്യൂണിസം വളരുന്നതു് അമേരിക്കയ്ക്കു് സഹിഷ്ണതയോടെ നോക്കിക്കാണാനാവില്ലെന്ന കെന്നഡിയുടേയും മററു് അമേരിക്കക്കാരുടേയും മനോഗതി മനസ്സിലാക്കാവുന്നതേയുള്ളു. പക്ഷേ ആത്തരത്തിലുള്ള ഒരു വിശ്വാസപ്രമാണം എന്തുകൊണ്ടു കാസ്ട്രോയ്ക്കും കൂട്ടർക്കും വെച്ചുപുലത്തിക്കൂടാ എന്ന ചോദ്യം ന്യായമായും അവശേഷിക്കുന്നു. ഈ ചോദ്യത്തിനു് കാസ്ട്രോതന്നെ സമാധാനം നല്കുന്നുണ്ടു്: "കെന്നഡിക്കു് സോഷ്യലിസം ഇഷ്ടമല്ലെങ്കിൽ ഞങ്ങൾക്കു് സാമ്രാജ്യത്വവും മുതലാളിത്തവും ഇഷ്ടമല്ല. ഞങ്ങളുടെ കടലോരത്തുനിന്നും 90 നാഴികമാത്രം അകലെ ഒരു മുതലാളിത്ത-സാമ്രാജ്യത്വരാഷ്ട്രം നിലനിൽക്കുന്നു എന്നതിനെപ്പററി ആവലാതിപ്പെടാൻ ഞങ്ങൾക്കും അവകാശമുണ്ടു്." ആക്രമണം പരാജയപ്പെട്ടതിനുശേഷം മെയ്ദിനാഘോഷപരിപാടികളുടെ സമാപനയോഗത്തിലാണു് കാസ്ട്രോ ഇപ്രകാരം പറഞ്ഞതു്. പ്രസംഗത്തിൻെറ ഒരു ഘട്ടത്തിൽ ജനങ്ങളെ അഭിസംബോധനചെയ്തുകൊണ്ടു് കാസ്ട്രോ ദൃഢസ്വരത്തിൽ ചോദിക്കുകയുണ്ടായി: "നിങ്ങൾക്കു് തിരഞ്ഞെടുപ്പുകൾ വേണോ?" ജനക്കൂട്ടം ആത്തിരമ്പി: "വേണ്ട, വേണ്ട."

കാസ്ട്രോയുടെ ഈ പ്രഖ്യാപനം ചരിത്രപ്രധാനമാണു്; ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കാൻ പര്യാപ്തമായതുമാണു്. സ്വകാര്യമുതലാളിത്തത്തിൻെറ ശക്തിവലയത്തിൽ ദേശസാല്ക്കരണം അംഗീകൃതപൊതുനയമായി സ്വീകരിച്ചിട്ടുള്ള ഒരു രാഷ്ട്രത്തിൻെറ പിറവി നടന്നിരിക്കുകയാണു്. വേറൊരുതരത്തിൽ പറഞ്ഞാൽ സോവിയററ യൂണിയൻ പ്രതിനിധാനംചെയ്യുന്ന ഒരു പ്രത്യയശാസ്ത്രത്തിനു് അമേരിക്കൻവൻകരയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിരിക്കുന്നു.

## അപകടമായ രാജ്യതന്ത്രജ്ഞത

കെന്നഡിയുടെ അപകടമായ രാജ്യതന്ത്രജ്ഞതയുടെ ഒരു മികച്ച ഉദാഹരണമാണ് പരാജയപ്പെട്ട ക്യൂബൻ പ്രതിവിപ്ലവം. കെന്നഡിക്ക്, തദ്വാരാ അമേരിക്കയ്ക്ക്, ക്യൂബയുടെ ആക്രമണത്തിൽ പരോക്ഷമായ പങ്കുമാത്രമേ ഉണ്ടായിരുന്നുള്ളുവെന്ന് സമ്മതിക്കുകയാണെങ്കിൽതന്നെയും അമേരിക്കയുടെ മുൻകാലചെയ്തികൾ അത്തരമൊരു പ്രതികരണം മററുള്ളവരിൽ സൃഷ്ടിക്കുന്നതിന് സമർത്ഥമായിരുന്നില്ല. പരമാധികാരമുള്ള ഒരു രാഷ്ട്രത്തിൻെറ ആഭ്യന്തര കാര്യങ്ങളിലുള്ള ഇടപെടലുകളായി അമേരിക്കയുടെ ചില ചെയ്തികളെ ചിത്രീകരിക്കാവുന്നതാണ്. പ്രതിവിപ്ലവകാരികൾ മിയാമി കേന്ദ്രമാക്കി നടത്തിയ ആക്രമണം രൂപംകൊള്ളുന്നതിനു മുമ്പേതന്നെ ഒരുമാസക്കാലത്തിനിടയിൽ 49 തവണ അമേരിക്കൻവിമാനങ്ങൾ ക്യൂബയുടെ അതിർത്തി ലംഘിക്കുകയുണ്ടായിയെന്നും മാർച്ചുമാസത്തിൽ ഒരമേരിക്കൻകപ്പൽ ക്യൂബയുടെ വിമാനത്തെ വെടിവച്ചുവീഴ്ത്തുകയുണ്ടായിയെന്നും ക്യൂബയിലെ ഒരു സംസ്ഥാനത്തിൽ നടന്ന കുഴപ്പത്തെ അമേരിക്ക പലതരത്തിൽ സഹായിക്കുകയുണ്ടായിയെന്നും ക്യൂബ മുമ്പു കുററപ്പെടുത്തുകയുണ്ടായിട്ടുണ്ട്. കാസ്ട്രോയുടെ ഭരണത്തെ നിശിതമായി വിമർശിച്ചുകൊണ്ട് അമേരിക്ക പ്രസിദ്ധപ്പെടുത്തി വിതരണംചെയ്ത ഒരു ലഘുലേഖ അമേരിക്കയുടെ രാജ്യതന്ത്രജ്ഞതയുടെ പാപ്പരത്തത്തെ വിളിച്ചറിയിക്കുന്ന ഒന്നായിരുന്നു. ഒരു വിദേശരാഷ്ട്രത്തിനെതിരായി എതിർപ്രചരണം നടത്തിയ ഇത്തരമൊരു സംഭവം അധുനാതനചരിത്രത്തിൽ വളരെ വിരളമാണ്.

ക്യൂബയ്ക്കെതിരായ ആക്രമണത്തിനു് അനുഗ്രഹാശിസ്സുകൾ ലോഭമില്ലാതെ പ്രദാനം ചെയ്യുന്നതിനു് കെന്ന

ഡിയെ പ്രേരിപ്പിച്ച ഏററവും പ്രധാനപ്പെട്ട വസ്തുത അമേരിക്കൻവൻകരയിലേയ്ക്കു് കമ്മ്യൂണിസം വ്യാപിക്കാൻ തുടങ്ങിയിരിക്കുന്നു എന്ന ഭീതിയാണു്. കമ്മ്യൂണിസ്ററുവിപ്ലവത്തിന്റെ ചരിത്രപരമായ അനിവാര്യതയിൽ സ്വതന്ത്രലോകം വിശ്വസിക്കുന്നില്ലെന്നു് കെന്നഡി പറയുന്നു. പക്ഷേ ക്യൂബൻ ആക്രമണഫലമായി, ഈ അടുത്ത ദിവസങ്ങളിലായി അമേരിക്കയിൽ കമ്മ്യൂണിസത്തിന്റെ മുന്നേററം ത്വരിതപ്പെടുത്തി എന്ന കുററത്തിന്റെ ഉത്തരവാദിത്വം കെന്നഡിക്കുണ്ടു്.

അവിദഗ്ദ്ധവും അനവസരത്തിലുള്ളതുമായ ഇത്തരമൊരു ആക്രമണത്തിനു് കെന്നഡിയെ പ്രേരിപ്പിച്ച മറെറാരു വസ്തുത ഗഗാറിന്റെ വിജയകരമായ ബാഹ്യാകാശയാത്രയാണു്. കമ്മ്യൂണിസ്ററുവ്യവസ്ഥിതിയുടെ നേട്ടമായി ഇതിനെ പ്രകീർത്തിക്കുവാൻതുടങ്ങി. അതേസമയം, ഇതു് മുതലാളിത്തവ്യവസ്ഥിതിയുടെ ദൗർബ്ബല്യത്തേയും വെളിപ്പെടുത്തി. (ഇനിയൊരുനാൾ ഇതിലും മഹത്തരവും അത്ഭുതകരവുമായ ഒരു ശാസ്ത്രീയസിദ്ധി ഒരു മുതലാളിത്തരാഷ്ട്രം കൈവരുത്തുന്നപക്ഷം മുതലാളിത്തവ്യവസ്ഥിതി കമ്മ്യൂണിസ്റ്റ്വ്യവസ്ഥിതിയേക്കാൾ മെച്ചപ്പെട്ടതാണെന്നു് സമ്മതിക്കുവാൻ കമ്മ്യൂണിസ്ററുകൾ തയ്യാറാവുമോയെന്നതു് വേറൊരു വിഷയമാണു്.) എന്താകിലും ഗഗാറിന്റെ, അതായതു് കമ്മ്യൂണിസ്ററുറഷ്യയുടെ, നേട്ടത്തിൽനിന്നും ലോകത്തിന്റെ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നതിനായാണു് കെന്നഡി സന്നാഹസജ്ജീകരണങ്ങൾ പൂർത്തിയാകുന്നതിനു മുമ്പു് അവിദഗ്ദ്ധമായി ആസൂത്രണം ചെയ്യപ്പെട്ട ഒരാക്രമണത്തിനു് അനുഗ്രഹാശിസ്സുകൾ നൽകിയതെന്നു് പറയപ്പെടുന്നു.

1961
60
1902

## സൂയസ്സും ഹങ്കറിയും

പരാജയപ്പെട്ട ക്യൂബൻ ആക്രമണത്തെ സൂയസ്സ് കുഴപ്പത്തോടും ഹങ്കറിയിലെ പ്രതിവിപ്ലവത്തോടും താരതമ്യപ്പെടുത്തി കാണാറുണ്ട്. ഉപമ എത്രത്തോളം ശരിയാണെന്നറിഞ്ഞുകൂടാ. കാരണം, ഹങ്കറിയിൽ റഷ്യൻടാങ്കുകൾ വിപ്ലവത്തെ അടിച്ചമർത്തുകയാണുണ്ടായതു്. സൂയസ് കുഴപ്പത്തിൽ അന്തിമഫലത്തിൻെറ കാര്യത്തിൽമാത്രമേ സവിശേഷസാദൃശ്യമുള്ളു. പരാജയമാണ് രണ്ടിടത്തും സാമ്രാജ്യത്വശക്തികൾക്കു് സംഭവിച്ചതു്. അമേരിക്കയുടെ പ്രതികൂലമനോഭാവമാണ് സൂയസ്സ്കുഴപ്പത്തിൽ ബ്രിട്ടനെ പരാജിതമാക്കിയ ഒരു മുഖ്യഘടകമെങ്കിൽ, ക്യൂബയുടെ കാര്യത്തിൽ ബ്രിട്ടൻെറ ഒരുതരം നിസ്സഹകരണാത്മകത്വവും ദർശിക്കാമായിരുന്നു. സ്ഥാപിതതാല്പര്യങ്ങൾ നിലനിർത്തുന്നതിനാണ്, അല്ലാതെ ഏകാധിപത്യപ്രവണതകൾക്കെതിരായല്ല, ബ്രിട്ടൻ സൂയസ്സിൽ യുദ്ധം നടത്തിയതു്. സ്വാതന്ത്ര്യദാഹികളായ പ്രതിവിപ്ലവകാരികൾ ഒരേകാധിപതിക്കെതിരായി നടത്തിയ ആക്രമണത്തെയാണ് അമേരിക്ക പ്രോത്സാഹിപ്പിച്ചതെന്നു് പറയാം. ഈ പ്രസ്താവനയും എത്രത്തോളം ശരിയാണെന്നു് പറയുകവയ്യ. കാരണം, അമേരിക്കയുടെ നിക്ഷിപ്തതാല്പര്യങ്ങൾക്കു് ഉലച്ചിൽ തട്ടിയെന്നതല്ലേ ക്യൂബയോടുള്ള ശത്രുതയ്ക്കു് മുഖ്യനിദാനമായി വർത്തിക്കുന്നതു്?

## സാമ്പത്തികകോളനി

അമേരിക്കൻചൂഷണത്തിനു് വിധേയമായ ഒരു ചരിത്രമാണ് ഈ കൊച്ചുരാജ്യത്തിൻേറതു്. അമേരിക്കയോടു് ഒരുകാര്യത്തിൽ മാത്രമേ ഈ രാജ്യം കടപ്പെട്ടിട്ടുള്ളു. അറുപതു് കൊല്ലങ്ങൾക്കുമുമ്പു് സ്പാനിഷ്സാമ്രാജ്യത്വത്തിൽ

നിന്ന് വിമുക്തിപ്രാപിക്കുന്നതിന് ക്യൂബയ്ക്ക് അമേരിക്കൻസഹായം അനിവാര്യമായിരുന്നു. ആ സഹായം അതിന് കിട്ടാതെയുമിരുന്നില്ല. എന്നാൽ സ്പാനിഷ് സാമ്രാജ്യത്വത്തിൽനിന്നും സ്വതന്ത്രയായ ക്യൂബ കൊളോണിയൽഅടിമത്വത്തിന്റെ വേറൊരു രൂപം കൈക്കൊള്ളുകയായിരുന്നു. ഫലത്തിൽ, ക്യൂബയെ അമേരിക്കയുടെ ഒരു "സാമ്പത്തികകോളനി"യായി അമേരിക്ക പരിവർത്തിപ്പിച്ചു.

കാസ്ട്രോ അധികാരം പിടിച്ചെടുക്കുന്നതിന് തൊട്ടുമുമ്പുവരെയും അമേരിക്കയുടെ താല്പര്യങ്ങൾക്ക് ക്ഷതമേല്ക്കാതെയിരുന്നുപോന്നു. ഒരുവിധത്തിൽ, കാസ്ട്രോയുടെ രംഗപ്രവേശം ആദ്യഘട്ടത്തിൽ അമേരിക്കയെ പരിഭ്രാന്തയാക്കുന്നതിനുപകരം ആഹ്ലാദചിത്തയാക്കുകയാണുണ്ടായത്. ബാറ്റിസ്റ്റയുടെ സ്വേച്ഛാധിപത്യത്തിൻകീഴിൽ അമേരിക്കയുടെ താല്പര്യങ്ങൾ എത്രകണ്ട് സുരക്ഷിതമായിരിക്കുമെന്ന സംശയം അമേരിക്കയെ അലട്ടിക്കൊണ്ടിരുന്നു. ജനങ്ങൾ വെറുക്കുന്ന ഒരു ഭരണസ്ഥിതിയിൽ ഒന്നിനും സുരക്ഷിതത്വം അവകാശപ്പെട്ടുകൂടല്ലോ.

കാസ്ട്രോ അധികാരത്തിൽ പ്രവേശിച്ചതുമുതൽ അമേരിക്കയുടെ "വലിയ കയ്യ്" ചുരുങ്ങുവാൻതുടങ്ങി. ലോകത്തിൽ ഏറ്റവുംകൂടുതൽ പഞ്ചസാരവിളയിക്കുന്ന ക്യൂബയിലെ കൃഷിഭൂമിയിലേറിയകൂറും അമേരിക്കക്കാരുടേതായിരുന്നു; അമേരിക്കയിലായിരുന്നു ഈ ഉല്പാദനത്തിന്റെ 50 ശതമാനം വിററഴിക്കപ്പെട്ടതും. ഈ ദ്വീപിലെ ജനങ്ങളുടെ സാമ്പത്തികസ്ഥിതിയുടെ സുരക്ഷിതത്വം അമേരിക്കയിൽ ചെലവാകുന്ന പഞ്ചസാരയെ ആശ്രയിച്ചുനില കൊണ്ടു. അമേരിക്കയ്ക്കു ക്യൂബയെ ഒരു കാർഷികരാജ്യമായി നിലനിത്തിപ്പോരുന്നതിൽ താല്പര്യമുണ്ടായിരുന്നു. പക്ഷേ അമേരിക്കയുടെ അഭീഷ്ടാനുസാരം പ്രവർത്തിക്കുന്ന

ഒരാളായിരുന്നില്ല, 1959-ന് ശേഷം ക്യൂബയുടെ ഭരണത്തിന്റെ തലപ്പത്തിരുന്നിരുന്നത്. ക്യൂബയുടെ പുരോഗതിയെ സാരമായി ഉലച്ചുകൊണ്ടിരുന്ന നിലവിലിരുന്ന സമ്പദ്‌വ്യവസ്ഥയിൽ ചില മാററങ്ങൾ അനിവാര്യമെന്ന് കണ്ട കാസ്ട്രോ ഒരു കാർഷികപരിഷ്കാരത്തോടെയാണ് അമേരിക്കയ്ക്കെതിരായുള്ള "യുദ്ധം" ആരംഭിച്ചത്. അമേരിക്കൻ ഉടമയിലിരുന്ന കൃഷിഭൂമി ദേശവല്കരണത്തിന്റെ പേരിൽ കാസ്ട്രോ ഏറെറടുത്തു. അപ്രതീക്ഷിതമല്ലായിരുന്നെങ്കിലും, കാസ്ട്രോയുടെ കാർഷികപരിഷ്കാരം അമേരിക്കയും ക്യൂബയും തമ്മിലുള്ള അകൽച്ച വർദ്ധിപ്പിക്കാൻ തുടങ്ങി.

റഷ്യയുമായി ക്യൂബ ചെയ്ത വാണിജ്യക്കരാറാണ് അകൽച്ച പൂർത്തിയാക്കിയത്. ആ കരാറിനെത്തുടർന്ന് ക്യൂബയിലേക്ക് ഇറക്കുമതി ചെയ്ത ക്രൂഡ് ഓയിൽ ശുദ്ധിചെയ്ത് പെട്രോളാക്കി എടുക്കുന്നതിന് ക്യൂബയിലെ അമേരിക്കൻ ഉടമയിലുള്ള കമ്പനികൾ വിസമ്മതിച്ചു. കാസ്ട്രോ അധികം ആലോചിച്ചില്ല, ആ കമ്പനികൾ പിടിച്ചെടുത്തു.

സാമ്പത്തിക ഉപരോധം മാത്രമേ ഇത്തരുണത്തിൽ അമേരിക്ക ഒരു പോംവഴിയായി കണ്ടുള്ളു ക്യൂബയിൽ നിന്നുള്ള പഞ്ചസാര ഇറക്കുമതി അമേരിക്ക ഗണ്യമായി കുറച്ചു. ക്യൂബയും അമേരിക്കയും തമ്മിലുള്ള സ്പർദ്ധയും ശത്രുതയും പൂത്തുതളിർത്ത് തഴയ്ക്കുന്നത് പാർത്തുകൊണ്ട് അമേരിക്കൻവൻകരയിൽ കാലുകുത്തുന്നതിന് അവസരം കാത്തുകൊണ്ടിരുന്ന റഷ്യ സഹായഹസ്തം നീട്ടുന്നതിന് ഒട്ടുംതന്നെ കാലവിളംബം കാണിച്ചില്ല. അമേരിക്ക വാങ്ങാൻ തയ്യാറില്ലാത്ത പഞ്ചസാര റഷ്യ വാങ്ങുന്നതാണെന്ന് ക്രൂഷേവ് പറഞ്ഞു. അമേരിക്കൻവൻകരയിൽ കമ്മ്യൂണിസത്തിന്റെ വിത്ത് നടുന്നതിന് അനുവദിക്കുന്ന

തല്ലെന്ന് ഐസൻഹോവറും പറഞ്ഞു. ക്യൂബയുടെകാര്യത്തിൽ അമേരിക്കയെ ഇടപെടാൻ അനുവദിക്കുന്നതല്ലെന്ന് ക്രൂഷ്ചേവ് ഭീഷണിമുഴക്കി. ക്യാപ്പിററലിസത്തിന്റെ നാട്ടിലേക്ക്, അമേരിക്ക "ബിഗ്ബ്രദറാ"യി വിലസുന്ന ഭൂവിഭാഗത്തേക്ക് ആഗോളകമ്മ്യൂണിസത്തിന്റെ സ്വാധീനശക്തി വ്യാപിക്കാൻതുടങ്ങി.

## കാസ്ട്രോവിനെതിരായ ശബ്ദം

ഇതൊക്കെയാണെങ്കിലും കാസ്ട്രോയുടെ ഭരണത്തിനെതിരായുള്ള നല്ലൊരു ജനവിഭാഗം ക്യൂബയിലുണ്ട്. ക്യൂബ കമ്മ്യൂണിസ്റ്റ് ഉപഗ്രഹമായി മാറുന്നതിൽ അങ്ങേയററത്തെ അമർഷവും അസന്തുഷ്ടിയുമുള്ള ക്യൂബക്കാരായ ബുദ്ധിജീവികളും പ്രബുദ്ധരായ ജനങ്ങളും നിരവധിനിരവധി ക്യൂബയ്ക്കകത്തും പുറത്തുമുണ്ട്. 50,000 ക്യൂബൻ അഭയാർത്ഥികളാണ് ഇന്ന് അമേരിക്കയിലുള്ളത്. ക്യൂബയിലെ ജനങ്ങൾ ഇച്ഛിച്ചത് ഒരു ഏകാധിപത്യക്രമത്തിന്റെ സ്ഥാനത്ത് വേറൊരു ഏകാധിപത്യക്രമത്തിന്റെ സ്ഥാപനമല്ല; ഏകാധിപത്യത്തിൽനിന്നുള്ള പരിപൂർണ്ണമോചനമാണ്. അതുകൊണ്ടത്രേ 1956-ൽ ബാററിസ്റ്റയുടെ സ്വേച്ഛാധിപത്യത്തെ തകിടംമറിച്ച വിപ്ലവം അവർ നയിച്ചത്.

കാസ്ട്രോയുടെ ഭരണത്തോട്, അതായത് ഏകാധിപത്യക്രമത്തോട് ജനങ്ങൾക്കുള്ള 'വെറുപ്പ്', ബാററിസ്റ്റഭരണത്തിന് മുമ്പുണ്ടായിരുന്ന ഡെമോക്രാററിക്ക് ഗവമെൻറിലെ വിദ്യാഭ്യാസമന്ത്രിയായിരുന്ന പ്രൊഫ: എ. എസ്. അരാംഗ്റേയുടെ വാക്കുകളിലൂടെ ഗ്രഹിക്കാവുന്നതാണ്. അധികാരകാലത്ത് അഴിമതി, കൈക്കൂലി, അധികാരദുരുപയോഗം എന്നിവയുടെപേരിൽ ഒരിക്കലും ആരോപണവിധേയനായിരുന്നില്ല അദ്ദേഹം എന്ന വസ്തുത കാസ്ട്രോ

യുടെ ഭരണത്തിനെതിരായി ശബ്ദിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ അർഹതയ്ക്കൊരു തെളിവാണ്. ഹവാനാ സർവ്വകലാശാലയിൽ അദ്ദേഹം നിയമം പഠിപ്പിച്ചിരുന്നകാലത്ത് കാസ്ട്രോ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നുവെന്നതും ഓർക്കേണ്ടതുണ്ട്. 'ദേശീയജനാധിപത്യമുന്നണി'യുടെ നേതാവായ അരാംഗൊയെ ഒരുകൊല്ലത്തിനുമുമ്പ് വധിക്കാനൊരുശ്രമം നടന്നതിനെത്തുടർന്ന് അദ്ദേഹം ക്യൂബ വിടുകയുണ്ടായി. പടിഞ്ഞാറൻ ബർലിനിൽവെച്ച് 1960-ൽ ഒരു പത്രലേഖനുമായി നടത്തിയ സംഭാഷണത്തിൽ കാസ്ട്രോ ഭരണത്തെ ജനങ്ങൾ എന്തുകൊണ്ട് വെറുക്കുന്നു എന്നകാര്യം അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. അഭിമുഖസംഭാഷണത്തിലെ പ്രസക്തഭാഗങ്ങളിൽ വളരെ കുറച്ചുമാത്രം ചുവടെ ചേർക്കുന്നു:

"കാസ്ട്രോഭരണത്തിന് ഒരുകാലത്തു വളരെയേറെ ജനസമ്മതിയും ആനുകൂല്യവുമുണ്ടായിരുന്നു. 1959 ജനുവരിയിൽ ക്യൂബയിലെ സാമാന്യജനങ്ങളിൽ 95 ശതമാനവും കാസ്ട്രോയ്ക്കു് അനുകൂലമായിരുന്നു. എന്നാലിപ്പോൾ അതു് മുപ്പതഞ്ചോ നാല്പതഞ്ചോ ശതമാനമായിട്ടുണ്ടാവും. കാരണം, ക്യൂബൻജനത ബാറ്റിസ്റ്റയുടെ സ്വേച്ഛാധികാരത്തെ എതിർത്തിരുന്നതു് ഒരു ജനാധിപത്യഭരണക്രമവും ഭരണഘടനയും സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. എല്ലാവരും, ഞാനുൾപ്പെടെ വിശ്വസിച്ചിരുന്നതു് കാസ്ട്രോയുടെ ലക്ഷ്യവും അതാണെന്നുതന്നെയായിരുന്നു. കാസ്ട്രോയും കൂട്ടുകാരും പ്രഖ്യാപിക്കുകയും ചെയ്തിരുന്നു തങ്ങൾ ജനാധിപത്യത്തിനുവേണ്ടി പോരാട്ടുമെന്ന്. ഒന്നരക്കൊല്ലത്തിനകം ജനാധിപത്യഭരണഘടന നടപ്പിലാക്കുമെന്ന് വാഗ്ദാനവും ചെയ്തിരുന്നു. 1958-ൽത്തന്നെ അവർ കമ്മ്യൂണിസ്റ്റുകാരുമായി സമ്പർക്കംപുലർത്തിയിരുന്നു. അവരുടെ ഉള്ളിൽ ജനാധിപത്യത്തിൽനിന്നു് വ്യത്യസ്തമായ

ചില ആശയങ്ങളാണുണ്ടായിരുന്നതു്. 1959-ൽ അധികാരം പിടിച്ചെടുത്തശേഷം കാസ്ട്രോയും കൂട്ടുകാരും ക്യൂബയിൽ ഒരു സമഗ്രാധിപത്യഭരണം നടപ്പിൽവരുത്താനാണു് പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ബാററിസ്റ്റഭരണത്തെ എതിർത്തിരുന്നവരുടേയും സ്വത്തുക്കൾ അവർ കയ്യടക്കി; സമരത്തിനു് സഹായം നൽകിയിരുന്നവരുടെ വസ്തുക്കളടക്കം. ജനസമ്മതി കുറയാൻ രണ്ടു കാരണങ്ങൾ കാണാം. ഒന്നു് രാഷ്ട്രീയം, മറേറതു് സാമ്പത്തികം. ക്യൂബയുടെ സാമ്പത്തികസ്ഥിതി ക്ഷയിച്ചുവരികയാണു്...... പട്ടാളത്തിലും നാവികസേനയിലും ഭരണത്തിലും പോലീസ്വകുപ്പിലും ഉയന്ന ഉദ്യോഗങ്ങൾ വഹിക്കുന്ന കമ്മ്യൂണിസ്റ്റ്കളുണ്ടു്. ചില മന്ത്രിമാർ കമ്മ്യൂണിസ്റ്റ്കാരാണു്. സാമ്പത്തികസംരംഭങ്ങൾക്കു് ചുമതലപ്പെട്ട സ്ഥാപനത്തിലും ധാരാളം കമ്മ്യൂണിസ്റ്റ്കാരുണ്ടു്......കാസ്ട്രോ ഒരു പ്രത്യേകതരക്കാരനാണു്; ഒരു സാഹസികൻ അദ്ദേഹം കാസ്ട്രോയിസ്റ്റ് മാത്രമാണു്. കമ്മ്യൂണിസ്റ്റ് അല്ലെന്നാണു് എൻെറ വിശ്വാസം. ക്യൂബൻഭരണത്തിലെ ഏകാധികാരം കാസ്ട്രോ അല്ല. കമ്മ്യൂണിസ്റ്റ്കാക്കു് ക്യൂബയെ അവരുടെ രാഷ്ട്രീയാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തണമെന്നുണ്ടു് വാസ്തവത്തിൽ ക്യൂബയുടെ സാമ്പത്തികാഭിവൃദ്ധി അവരുടെ ലക്ഷ്യമല്ല. അമേരിക്കയെ പ്രകോപിപ്പിച്ചു് പ്രചരണത്തിനു് മൂച്ചകൂട്ടുക, ക്യൂബൻജനതയിൽ ഈ കുഴപ്പങ്ങൾക്കിടയിൽ കമ്മ്യൂണിസ്റ്റാശയങ്ങൾ കുത്തിവയ്ക്കുക, ക്യൂബയെ ഒരു താവളമാക്കി ലാററിൻ അമേരിക്കയിൽ കമ്മ്യൂണിസ്റ്റ് പ്രചരണം ഊർജ്ജിതമാക്കുക ഇവയൊക്കെയാണു് അവരുടെ മുഖ്യ ലക്ഷ്യങ്ങൾ.''

മുകളിൽ ഉദ്ധരിച്ച അഭിപ്രായം പ്രൊഫസ്സർ അരാംഗൊയുടെ മാത്രമല്ല; ജനസംഖ്യയുടെ നല്ലൊരു ശതമാനത്തിനും ഇതേ അഭിപ്രായമാണുള്ളതു്.

എന്നാൽ അമേരിക്കയുടെ അവിദഗ്ദ്ധമായ രാജ്യതന്ത്രജ്ഞത ഇതുവരെത്തോളം നല്ലൊരു ഉദ്ദേശത്തെ ബാഹ്യദൃഷ്ടിയിൽ കരിതേച്ചുകാണിച്ചിരിക്കുകയാണു്. ക്യൂബയുടെ ആക്രമണഫലമായി അമേരിക്കയുടെ പ്രതാപത്തിനും പ്രശസ്തിക്കും പദവിക്കും കോട്ടം തട്ടിയിരിക്കുന്നതായി എല്ലാവരും പറയുന്നുണ്ടു്. പക്ഷേ, ക്യൂബയിലെ സ്വാതന്ത്ര്യദാഹികളായ ആളുകളുടെ മഹത്തരമായ ഒരു ഉദ്ദേശം ആക്രമണഫലമായി നിന്ദിക്കപ്പെട്ടിരിക്കയാണെന്ന വസ്തുത അധികമാരും പറയുന്നതായി കേൾക്കുന്നില്ല.

# ബഹിഷ്കരണവും സാമ്പത്തികോപരോധവും

അമേരിക്കൻ ഐക്യനാടുകളുടെ നേതൃത്വത്തിലുള്ള രാഷ്ട്രസമുച്ചയത്തിൽനിന്നും ക്യൂബയെ പുറംതള്ളിയിരിക്കുകയാണു്. അമേരിക്കയുടെ നിഷേധാത്മകമായ കമ്മ്യൂണിസ്ററുവിരോധത്തിൻെറ പ്രത്യക്ഷാടയാളമായ ഈ നടപടി സൽഗ്ഗാത്മകമായ ഡെമോക്രസിക്കാണു് ആഘാതമേല്പിച്ചതെന്നു് കാലാന്തരത്തിൽ അനുഭവപ്പെടാതിരിക്കയില്ല. ക്യൂബയെ പൂർണ്ണമായും റഷ്യയുടെ ആശ്രിതത്വത്തിനു് വിധേയമാക്കുകയാണു് ഈ നടപടികൊണ്ടു് അമേരിക്ക സാധിച്ചതു്.

ക്യൂബ കമ്മ്യൂണിസ്ററുപ്രത്യയശാസ്ത്രവുമായി പൊരുത്തപ്പെടാൻ തുടങ്ങിയതുമുതൽ അമേരിക്കൻ ഐക്യനാടുകൾ പ്രദർശിപ്പിച്ചുപോന്നിട്ടുള്ള അസഹിഷ്ണുത ആ രാജ്യത്തിൻെറ പ്രശസ്തിയെ ലോകദൃഷ്ടിയിൽ വളരെയേറെ വിലയിടിയിച്ചുകാണിക്കുവാനേ ഉപകരിച്ചിട്ടുള്ളു. ആ അസഹിഷ്ണുതയുടെ ആദ്യത്തെ സന്തതിയായിരുന്നു കഴിഞ്ഞ ഏപ്രിലിലെ ക്യൂബൻ ആക്രമണം. ആ അസഹിഷ്ണുതയുടെ ഏററവും ഒടുവിലത്തെ സന്തതിയാണു് അമേരിക്കൻ രാഷ്ട്രസമുച്ചയത്തിൽനിന്നും ക്യൂബയെ ബഹിഷ്കരിക്കുവാനും അതിനെതിരായി സാമ്പത്തികോപരോധം ഏർപ്പെടുത്താനും എടുത്ത തീരുമാനങ്ങൾ.

മുതലാളിത്തവ്യവസ്ഥിതിയുടെ ഈററില്ലമായ അമേരിക്കൻവൻകരയിൽ ഒരു സോഷ്യലിസ്ററുരാഷ്ട്രം രൂപം കൊള്ളുന്നതു് അമേരിക്കൻ ഐക്യനാടുകൾക്കു് സഹിക്കുകയില്ലായിരിക്കാം. കമ്മ്യൂണിസ്റ്റ് ഉപഗ്രഹരാജ്യങ്ങളുടെ മേൽ റഷ്യ പുലർത്തിപ്പോരുന്ന മേധാവിത്വത്തെ പരമാധികാരത്തിന്റേയും ജനായത്തസിദ്ധാന്തങ്ങളുടേയും സ്വർഗ്ഗതുല്യമായ ഭാഷയുപയോഗിച്ചു് പുച്ഛിക്കുകയും ഭർത്സിക്കുകയും ചെയ്യാറുള്ള അമേരിക്കൻ ഐക്യനാടുകൾ അമേരിക്കൻവൻകരയിലെ മററു രാഷ്ട്രങ്ങളെ രാഷ്ട്രീയമായും സാമ്പത്തികമായും അതിന്റെ വരുതിയിൽ കൊണ്ടുവരുന്നതിനുള്ള ഒരു വ്യഗ്രത കാണിക്കാറുണ്ടെന്നതാണു് പരമാർത്ഥം. പക്ഷെ റഷ്യയ്ക്കുള്ള പല ആനുകൂല്യസാഹചര്യങ്ങളും അമേരിക്കൻ ഐക്യനാടുകൾക്കു് ഇക്കാര്യത്തിൽ ഇല്ലെന്നതാണു് വേറൊരു പരമാർത്ഥം. അന്തർദ്ദേശീയകമ്മ്യൂണിസത്തിന്റെ പ്രേഷിതത്വത്തിൽ പ്രചോദിതമാണു് കമ്മ്യൂണിസ്റ്റ്ഉപഗ്രഹരാജ്യങ്ങൾ. റഷ്യയാണു് കമ്മ്യൂണിസത്തിന്റെ ആദ്യത്തെ പരീക്ഷണശാലയും ഇപ്പോഴത്തെ സംവിധായകരംഗവും. (ചൈന, യുഗോസ്ലാവിയ, അൽബേനിയ എന്നീ രാഷ്ട്രങ്ങൾ റഷ്യയുടെ സിദ്ധാന്തപരമായ അനുശാസനങ്ങളെ ചെവിക്കൊള്ളുവാൻ തയ്യാറില്ലെന്ന വസ്തുതയെ വിസ്മരിച്ചുകൊണ്ടല്ല ഇതെഴുതിയതു്.) റഷ്യയുടെ ആധിപത്യത്തെ മാനിക്കാൻ കമ്മ്യൂണിസ്റ്റ് ഉപഗ്രഹരാഷ്ട്രങ്ങളിലെ ഭരണകർത്താക്കൾ തയ്യാറാണു്. ജനങ്ങൾ അതിനു് തയ്യാറുണ്ടോയെന്നതു് ഇവിടെ ഒരു പ്രശ്നമല്ല. തികഞ്ഞ പട്ടാള അച്ചടക്കവും വ്യക്തിസ്വാതന്ത്ര്യനിഷേധവും കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിലെ ജനങ്ങളെ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയോടു് വരിഞ്ഞുകെട്ടുന്നതിനു പ്രാപ്തമാക്കിയിട്ടുണ്ടു്. ഭരണകർത്താക്കളാണെങ്കിൽ അവരുടെ വിധിയെ ഭയന്നോ അധികാരമോഹത്തിൽ പ്രലോഭിതരായോ റഷ്യയുടെ പ്രമാണങ്ങൾക്കു് തികച്ചും അനുരൂപമായി പ്രവ

ത്തിക്കുവാൻ സദാ സന്നദ്ധരാണു്. അക്കാരണത്താൽ റഷ്യയ്ക്കു് കമ്മ്യൂണിസ്റ്റ്രാഷ്ട്രങ്ങളുടെമേലുള്ള നിയന്ത്രണവും പിടിയും എന്തിനെപ്പോലെയും ഉറച്ചതാണു്. റഷ്യയുടെ ആധിപത്യമനോഭാവത്തിനു് അങ്ങനെ ഊനംതട്ടാതെ നിലകൊള്ളുന്നു.

അമേരിക്കൻ ഐക്യനാടുകൾക്കു് അമേരിക്കൻവൻകരകളിലെ രാജ്യങ്ങളുടെമേൽ ഇത്തരമൊരു ആധിപത്യം പുലത്താനൊക്കുമോ? അവിടെയാണു് കമ്മ്യൂണിസവും ഡെമോക്രസിയും കമ്മ്യൂണിസ്റ്റേകാധിപത്യക്രമവും മററു് ഏകാധിപത്യക്രമങ്ങളും തമ്മിലുള്ള അന്തരത്തിൻെറ പ്രശ്നം പൊന്തിവരുന്നതു്.

അമേരിക്കൻവൻകരകളിലെ കുറെയേറെ രാജ്യങ്ങൾ ജനാധിപത്യവ്യവസ്ഥിതിയിൽ അധിഷ്ഠിതമാണു്; ചിലവ ഏകാധിപത്യസ്വഭാവമുള്ളവയുമാണു്. ഡെമോക്രാററിക് രാഷ്ട്രങ്ങൾ അവയുടെ പരമാധികാരപദവിയെ എന്തിനെപ്പോലെയും വിലമതിക്കാൻ തയ്യാറുള്ളവയായിരിക്കും. ഏകാധിപത്യഭരണക്രമങ്ങളെ സംബന്ധിച്ചാണെങ്കിൽ അവയും വേറൊരു രാഷ്ട്രത്തിൻെറ അടിമത്തത്തിൽ കഴിയുവാൻ സ്വാഭാവികമായും ആഗ്രഹിക്കുകയില്ല. ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തിൻെറ സ്വാധീനത്തിനു് ഈ രാജ്യങ്ങളെ വിധേയമാക്കാൻ അമേരിക്കൻ ഐക്യനാടുകൾക്കു കഴിവില്ല. കമ്മ്യൂണിസത്തോടുള്ള ശത്രുതയും വെറുപ്പും എന്ന നിഷേധാത്മകമായ ഒന്നിൻെറ അടിസ്ഥാനത്തിൽമാത്രമേ അമേരിക്കയ്ക്കു് ഈ രാജ്യങ്ങളെ ഏകോപിപ്പിക്കുവാനും ഒപ്പം നിത്തുവാനും കഴിയൂ.

അമേരിക്കൻ ഐക്യനാടുകളുടേയും റഷ്യയുടേയും അതാതു് സ്വാധീനമണ്ഡലങ്ങളിലുള്ള നിലയെപ്പററി ഇത്രയും പ്രതിപാദിച്ചതു് അമേരിക്കൻ ഐക്യനാടുകളുടെ

നേതൃത്വത്തിൽ അമേരിക്കൻരാഷ്ട്രങ്ങളുടെ സംഘടന ക്യൂബയെ ബഹിഷ്കരിച്ചതിന്റേയും സാമ്പത്തികോപരോധം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതിന്റേയും ഫലത്തെ വിലയിരുത്തുവാനാണ്. ക്യൂബയുടെ കാര്യത്തിൽ കുറെയൊക്കെ എതിർപ്പുകളോടെയാണെങ്കിലും അമേരിക്കയിലെ രാജ്യങ്ങൾ ഐക്യനാടുകളോടൊപ്പം നിന്നിരിക്കുകയാണ്. ചരിത്രത്തിന്റെ ഗതി അറിവുള്ളവർക്കറിയാം അമേരിക്കക്ക് എക്കാലവും ഈ പിന്തുണ കിട്ടാനിടയില്ലെന്ന്.

ക്യൂബൻപ്രശ്നത്തെ വളരെ ലളിതമായും, അനായാസമായും അപഗ്രഥിക്കാവുന്നതേയുള്ളു. അമേരിക്കൻ ഐക്യരാജ്യങ്ങളുടെ സ്വാധീനമണ്ഡലത്തിൽ മുതലാളിത്തവ്യവസ്ഥിതിയോട് പൊരുത്തപ്പെട്ടുപോകാത്ത ഒന്നിനേയും പൊറുപ്പിക്കാൻ അതു തയ്യാറില്ല. ക്യൂബയുടെ കാസ്ട്രോവാണെങ്കിൽ കമ്മ്യൂണിസത്തെ രാഷ്ട്രത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ വ്യവസ്ഥിതിയുടെ പ്രത്യയശാസ്ത്രമായി ഏറെക്കുറെ അംഗീകരിക്കുകയും നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ആണ്. കമ്മ്യൂണിസത്തിന്റെ മുന്നേററത്തെ തടയുവാൻ സൈനികവും അല്ലാത്തതുമായ ഏകാധിപത്യങ്ങളെ താലോലിച്ച് വളർത്തുന്നതിൽ ബദ്ധശ്രദ്ധയാകാറുള്ള "സ്വാതന്ത്ര്യ"ത്തിന്റെ നാടായ അമേരിക്കൻ ഐക്യനാടുകൾ കമ്മ്യൂണിസ്റ്റ്ക്യൂബയുടെ അന്തർദ്ധാനത്തിന് ആവനാഴിയിലുള്ള എല്ലാ ആയുധങ്ങളും എടുത്ത് പൊരുതുവാൻ തയ്യാറായിരിക്കുകയാണ്.

ഈ അസഹിഷ്ണുതയുടെ ആദ്യത്തെ കാതലായ ബഹിർപ്രകടനമായിരുന്നു കഴിഞ്ഞവർഷം ഏപ്രിലിൽ അമേരിക്കൻ ഐക്യനാടുകളുടെ അനുഗ്രഹത്തോടും ആശീർവാദത്തോടും അവിദഗ്ധമായി ആസൂത്രണം ചെയ്യപ്പെട്ട കാസ്ട്രോയ്ക്കെതിരായുള്ള അട്ടിമറിപ്രസ്ഥാനവും ആക്രമണവും. അമേരിക്കയുടെ നിഷേധാത്മകമായ കമ്മ്യൂണിസ്റ്റ്

വിരോധത്തിന്റെ പ്രത്യക്ഷോദാഹരണമായ ഈ ആക്രമണം സർഗ്ഗാത്മകമായ ഡെമോക്രസിക്ക് കനത്ത ആഘാതമാണ് ഏല്പിച്ചത്. തങ്ങളെ നശിപ്പിച്ചേ അടങ്ങൂവെന്ന പ്രതിജ്ഞയെടുത്തിട്ടുള്ള അതിപ്രബലമായ ഒരു ശക്തിയുടെ സാമീപ്യവും സാന്നിദ്ധ്യവും ക്യൂബയെ കമ്മ്യൂണിസ്റ്റ് ലോകത്തോട് സ്വാഭാവികമായും അടുപ്പിച്ചുവെന്നതാണ് പ്രധാനമായിട്ടുള്ളത്. കമ്മ്യൂണിസത്തോടനുഭാവമില്ലാത്തവരും എന്നാൽ ദേശീയസ്വാതന്ത്ര്യത്തെ എന്തിനെപ്പോലെയും വിലമതിക്കുകയും ചെയ്യുന്ന നല്ലൊരു ശതമാനം വരുന്ന ക്യൂബൻജനങ്ങളിൽ ഭൂരിഭാഗത്തിന്റേയും മുമ്പിൽ അമേരിക്കൻ ഐക്യനാടുകളെ സാമ്രാജ്യത്വശക്തിയായും കൊച്ചുരാഷ്ട്രങ്ങളുടെ ദേശീയസ്വാതന്ത്ര്യത്തിന്റെ സംഹാരകനായും റഷ്യയെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യത്തിന്റെ പ്രവാചകനായും അവതരിപ്പിക്കുവാൻ ഒരിടെ കമ്മ്യൂണിസ്റ്റുസഹയാത്രികൻ മാത്രമായിരുന്ന കാസ്ട്രോയ്ക്കു കഴിഞ്ഞു. അമേരിക്കയുടെ രാഷ്ട്രീയപാപ്പരത്തവും രാജ്യതന്ത്രപരമായ മറയത്തരവും ഡെമോക്രസിക്കാണ് പ്രഹരമേല്പിച്ചത്. കാസ്ട്രോയുടെ ഭരണത്തേയും കമ്മ്യൂണിസത്തേയും വെറുക്കുകയും വേണ്ടിവന്നാൽ എതിർക്കുകയും ചെയ്യുന്ന നിരവധി നിരവധി ക്യൂബക്കാർ ക്യൂബയ്ക്കകത്തും പുറത്തും ഉണ്ട്. ബാററിസ്റ്റയുടെ ഏകാധിപത്യത്തിനെതിരായി കാസ്ട്രോയുമായി പടപൊരുതിയവരും കാസ്ട്രോയുടെ ഏററവും അടുത്ത സഹപ്രവർത്തകരും ആയിരുന്ന കാസ്ട്രോയുടെ ക്യൂബയിലെ ആദ്യത്തെ പ്രസിഡൻറും ആദ്യത്തെ പ്രധാനമന്ത്രിയും ആദ്യത്തെ ചീഫ് ജസ്റ്റീസും വേറെ മുഖ്യസ്ഥാനികളും ഈ ഗണത്തിൽ ഉൾപ്പെടുന്നു. ഇവർ തികഞ്ഞ ദേശീയവാദികളും ക്യൂബയിൽ ഡെമോക്രസി പുലരുന്നതിനായി എന്തു ത്യാഗങ്ങൾ ചെയ്യുന്നതിനും കഷ്ടനഷ്ടങ്ങൾ സഹിക്കുന്നതിനും തയ്യാറായിട്ടുള്ളവരും ആണ്. കാസ്ട്രോയുടെ ഏകാധിപത്യപ്രവണത

കളേയും അന്തർദ്ദേശീയകമ്മ്യൂണിസത്തേയും അവർ വെറുക്കുകയും ചെറുക്കുകയും ചെയ്യുന്നു. രാജ്യസ്നേഹത്താലും ജനായത്തസിദ്ധാന്തങ്ങളാലും അവർ ഉൽബുദ്ധരാണ്. ബാററിസ്റ്റായെ അവർ കാസ്ട്രോയുമൊത്ത് അധികാരത്തിൽനിന്നു പുറംതള്ളിയതു് ആ കൊച്ചുദ്വീപിൽ ഡെമോക്രസി പുനഃസ്ഥാപിക്കുന്നതിനായാണ്. അമേരിക്കയുടെ അനുഗ്രഹാശിസ്സുകളോടെ ആസൂത്രണംചെയ്യപ്പെട്ട ക്യൂബൻ ആക്രമണത്തോടെ വിപ്ലവപ്രബുദ്ധരായ ഈ ക്യൂബൻ ദേശീയവാദികളുടെ ഉദ്ദേശത്തിന്നെന്തു സംഭവിച്ചുവെന്നതാണ് പരിചിന്തനീയമായിട്ടുള്ളതു്. ക്യൂബയെ കാസ്ട്രോയുടെ ഏകാധിപത്യത്തിൽനിന്നും വിമുക്തമാക്കുകയും ജനായത്തവ്യവസ്ഥിതി പുനഃസ്ഥാപിക്കുകയും ചെയ്യുകയെന്ന സദുദ്ദേശത്തെ ഈ ആക്രമണഫലമായി കാസ്ട്രോയ്ക്കു താറടിച്ചുകാണിക്കാൻ കഴിഞ്ഞു. ബാററിസ്റ്റയുടെ സ്വേച്ഛാധിപത്യത്തെ തകിടംമറിക്കുന്നതിനു് കാസ്ട്രോവിനും കൂട്ടർക്കും സഹായം നൽകിയതിനെ നീതീകരിക്കാൻ കഴിയുമെങ്കിൽ കാസ്ട്രോ ഏകാധിപതിയാകുകയും ഒരു പോലീസ്‌രാഷ്ട്രം കെട്ടിപ്പടുക്കുകയും ചെയ്തപ്പോൾ കാസ്ട്രോയ്ക്കെതിരായി മററുള്ളവർക്കു് എന്തുകൊണ്ടു സഹായംനൽകിക്കൂടാ എന്നാണ് അമേരിക്കയ്ക്കു് ചോദിക്കാനുള്ളതു്. പക്ഷേ, ക്യൂബയെ കാസ്ട്രോയുടെ ഏകാധിപത്യത്തിൽനിന്നും മോചിപ്പിക്കാനുള്ള ദേശീയവാദികളുടെ ഏതൊരു നീക്കത്തേയും ക്യൂബയെ അമേരിക്കയ്ക്കു് വില്ക്കുവാനുള്ള സംരംഭമായി ചിത്രീകരിക്കാൻ കാസ്ട്രോയ്ക്കു് ഇന്നു കഴിയും. ദേശീയവാദികളെ അമേരിക്കയുടെ പിണിയാളുകളായി മുദ്രയടിച്ചു് ദേശീയസ്വാതന്ത്ര്യത്തിൻെറ പേരും പറഞ്ഞു് കൂടുതൽ കടുത്തൊരു പോലീസ്‌രാജ് സൃഷ്ടിക്കുന്നതിനുള്ള അവസരം കാസ്ട്രോയ്ക്കു് അമേരിക്ക കഴിഞ്ഞ ഏപ്രിലിൽത്തന്നെ പ്രദാനംചെയ്തിരുന്നു.

ക്യൂബയുടെ അമേരിക്കയോടുള്ള ശത്രുതയ്ക്കു് അങ്ങനെ തീവ്രതയും റഷ്യയോടുള്ള മമതയ്ക്കു് ആഴവും കൂടിവരികയായിരുന്ന ഒരവസരത്തിലാണു് ഈയിടെ അമേരിക്കൻ രാഷ്ട്രസമുച്ചയത്തിൽനിന്നും ക്യൂബയെ പുറംതള്ളുന്നതിനും നയതന്ത്രബന്ധങ്ങൾ വിടത്തുന്നതിനും ഉള്ള തീരുമാനങ്ങൾ എടുത്തതു്. തികച്ചും ബുദ്ധിശൂന്യമായ തീരുമാനങ്ങളായിരുന്നു അവ. ക്യൂബയെ കൂടുതലായി കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ ആശ്രിതത്വത്തിലേക്കു തള്ളിവിടുന്നതിനേ അവ ഉപകരിക്കുകയുള്ളു. ബ്രസീലും ചിലിയും ഈ വസ്തുത ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഈ ബഹിഷ്കരണസംരംഭം അമേരിക്കൻരാജ്യങ്ങളിലെ ഡെമോക്രസികൾക്കുതന്നെ വിനാശകരമായി കാലാന്തരത്തിൽ ഭവിക്കാതിരിക്കയില്ല. കാരണം, ഈ രാജ്യങ്ങളിൽ ഇടതുപക്ഷകക്ഷികൾ പ്രവത്തിച്ചുപോരുന്നുണ്ടു്. അമേരിക്കൻ ഐക്യനാടുകളുടെ താളത്തിനൊത്തു തുള്ളുന്ന ഗവമ്മെൻറുകളാണു് തെക്കേ അമേരിക്കൻ രാജ്യങ്ങളിലുള്ളതെന്നും ആ ഗവമ്മെൻറുകൾ ദേശീയതാല്പര്യത്തെ ഒററിക്കൊടുക്കുന്നതിൽ മാനസികമായ യാതൊരു പരാധീനതയും പ്രദശിപ്പിക്കുന്നില്ലെന്നും ആ കക്ഷികൾക്കു് ഇപ്പോൾ കുററപ്പെടുത്താം. ആ കക്ഷികളുടെ വളച്ച്യ്ക്കും തദ്വാരാ ഇടതുപക്ഷാശയങ്ങളുടെ പ്രചാരത്തിനും അവിടങ്ങളിൽ നിലവിലിരിക്കുന്ന ഗവമ്മെൻറുകളുടെപ്രശസ്തിക്ഷയത്തിനും ഇത്തരം വിമശനങ്ങൾ സഹായകമായി ഭവിക്കാതിരിക്കയില്ല.

ഒ. എ. എസ്സിൻെറ (അമേരിക്കൻരാഷ്ട്രസമുച്ചയം) ചാട്ടറിനു വിധേയമായല്ല ക്യൂബ പ്രവത്തിക്കുന്നതു് എന്നതിൻെറപേരിലാണു് ഈ ബഹിഷ്കരണപരിപാടി ആവിഷ്കരിച്ചതു്. പ്രത്യക്ഷത്തിൽതന്നെ ഈ വാദം തെററാണു്. കാരണം, ഒ. എ. എസ്സിൽനിന്നു് ഒരു രാഷ്ട്രത്തെ പുറംതള്ളുന്നതിനുള്ള വ്യവസ്ഥകളൊന്നുംതന്നെയില്ല. 1948-ൽ

ഈ സംഘടന രൂപീകരിച്ചതു് ഭൂമിശാസ്ത്രപരമായ പരിഗണനകളെ ആധാരമാക്കിമാത്രമാണു്. രാഷ്ട്രീയമായ പരിഗണനകൾക്കു് അല്പംപോലും പ്രസക്തിയുണ്ടായിരുന്നില്ല. സംഘടനരൂപീകരിച്ച 1948-കാലത്തു് തെക്കേഅമേരിക്കൻരാജ്യങ്ങളിൽ മിക്കതിലും ഏകാധിപത്യക്രമങ്ങളായിരുന്നു. ചുരുക്കത്തിൽ ക്യൂബയുടെ ബഹിഷ്കരണം, അമേരിക്കയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ പ്രമാണങ്ങൾക്കു് വിധേയമായി പ്രവർത്തിക്കാൻ സന്നദ്ധമല്ലാത്ത രാജ്യങ്ങളെ അമേരിക്ക പൊറുപ്പിക്കുകയില്ലെന്ന ധാരണയ്ക്കു് ശക്തികൂട്ടിയിരിക്കുകയാണു്. കൂടാതെ, നിഷേധാത്മകമായ ഈ ബഹിഷ്കരണപരിപാടിയോടെ ക്യൂബയെ പൂർണ്ണമായും റഷ്യയുടെ ആശ്രിതത്വത്തിൽ കഴിയുന്നതിനു് അമേരിക്ക വിട്ടുകൊടുക്കുകയാണു ചെയ്തതു്.

സാമ്പത്തികോപരോധം ഏർപ്പെടുത്തി ക്യൂബയെ ഞെരുക്കുകയെന്നതാണു് അമേരിക്കൻ ഐക്യനാടുകളുടെ നേതൃത്വത്തിലുള്ള ഒ. എ. എസ്സിൻെറ വേറൊരു പരിപാടി. ഇതെത്രത്തോളം വിജയപ്രദമാകുമെന്നു കണ്ടറിയേണ്ടിയിരിക്കുന്നു. കാരണം, ക്യൂബയുടെ എൺപതുശതമാനം വ്യാപാരവും കമ്മ്യൂണിസ്റ്റ്ലോകവുമായിട്ടാണു്.

അമേരിക്കൻവൻകരയിലേക്കു് കമ്മ്യൂണിസത്തിൻെറ മുന്നേററത്തെ തടയുന്നതിനു് അമേരിക്കൻ ഐക്യനാടുകൾക്കു് ഉപയോഗിക്കാവുന്ന ഏററവും നല്ല മാർഗ്ഗം അവിടത്തെ മററുരാജ്യങ്ങളിൽ ആരോഗ്യകരമായ രീതിയിൽ ഡെമോക്രസി വളർത്തുകയെന്നതാണു്. അവിടങ്ങളിലെ സാമ്പത്തികപുരോഗതി ക്യൂബയ്ക്കുതന്നെ ഒരു പാഠമായി കലാശിക്കുമായിരുന്നു. അമേരിക്കയുടെ ബുദ്ധിശൂന്യമായ ക്യൂബൻനടപടികളോടെ വാസ്തവത്തിൽ ക്ഷതം സംഭവിച്ചതു് ജനായത്ത വഴക്കങ്ങൾക്കും സിദ്ധാന്തങ്ങൾക്കുമാണു്.

# സമുദ്രാന്തരീയപ്രവിശ്യയോ കോളനിയോ?

അംഗോള മറെറാരു അൾജീരിയയോ കോംഗോയോ ആകാതിരിക്കുന്നതിന് അവിടെ ഉദാരമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനും സ്വയംഭരണത്തിന്റെ അനിവാര്യതയ്ക്ക് വഴങ്ങിക്കൊടുക്കുന്നതിനും പാശ്ചാത്യശക്തികളിൽ ചിലത് പോർത്തുഗലിനെ ഉപദേശിച്ചിട്ടും കാലഗതിക്കനുസൃതമായി നീങ്ങാനോ വിവേകത്തിന്റെ ശബ്ദം ശ്രവിക്കാനോ സലാസർ തയ്യാറാവുന്നില്ല. കറുത്തവർഗ്ഗക്കാരെ കൊന്നൊടുക്കി നിത്യമായ വിജയം കൈവരിക്കാമെന്ന വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ് സലാസർ ഇന്നും ജീവിക്കുന്നത്.

അംഗോളയിലെ ആഫ്രിക്കക്കാരായ രക്തസാക്ഷികളുടെ എണ്ണം പെരുകുംതോറും അവിടത്തെ സ്വാതന്ത്ര്യപ്രസ്ഥാനത്തിന് പുതുതായൊരു വീറും വീര്യവും കൈവന്നുകൊണ്ടിരിക്കുകയാണ്. സലാസർസാമ്രാജ്യത്വത്തിന്റെ വെള്ളപ്പട്ടാളം മൃഗീയവും പൈശാചികവുമായ മർദ്ദനമുറകൾ അഴിച്ചുവിട്ടുകൊണ്ടേയിരിക്കുന്നു. പക്ഷേ പോർത്തുഗീസ് ഇമ്പീരിയലിസത്തിന്റെ സംഹാരതാണ്ഡവത്തെ അഹിംസാത്മകമായ ഒരു മനോഭാവത്തോടെയല്ല, അംഗോളയിലെ കറുത്തവർഗ്ഗക്കാർ നേരിടുന്നതെന്നത് അംഗോള

യിലെ സ്വാതന്ത്ര്യസമരത്തിന്റെ പ്രത്യേകസ്വഭാവത്തെ വ്യക്തമാക്കുന്നു.

രണ്ടു് രാഷ്ട്രീയസംഘടനകളുടെ ആഭിമുഖ്യത്തിലും നേതൃത്വത്തിലുമാണു് അംഗോളയിൽ സ്വാതന്ത്ര്യലബ്ധിക്കായുള്ള സമരം നടക്കുന്നതു്. ഫ്രെയിൻ (**Frente Revolucionariapara Independencia Nacional das colonias Portuguesas**) എന്ന ഇടതുപക്ഷസംഘടന കോണക്രി താവളമാക്കിയും പാശ്ചാത്യചായ്‌വുള്ള യു. പി. എ. (**Uniao das Papalacoes de Angola**) ലിയോപോൾഡ്വില്ലെ ആസ്ഥാനമാക്കിയും ആണു് പോർത്തുഗീസ് സാമ്രാജ്യദുഷ്പ്രഭുത്വത്തിന്നെതിരായി സമരസന്നാഹങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതു്. അംഗോളയ്ക്കകത്തും പുറത്തുമുള്ള ഈ കലാപകാരികൾ ആയിരത്തിലേറെ യൂറോപ്യൻ വംശജരെ കൊന്നൊടുക്കിയതായുള്ള റിപ്പോർട്ടുകളുണ്ടു്. പക്ഷേ പോർത്തുഗീസ് സായുധസേന നടത്തിയ മനുഷ്യക്കുരുതിയുമായി ഈ സംഖ്യയെ തുലനം ചെയ്താൽ ഇതെത്രയോ തുച്ഛമാണെന്നു് നിഷ്പ്രയാസം ബോദ്ധ്യപ്പെടും. കറുത്തവർഗ്ഗക്കാരെ അംഗോളയിൽനിന്നും പൂർണ്ണമായും നിർമ്മാർജ്ജനംചെയ്യുക എന്ന ലക്ഷ്യത്തോടെയാണു് സലാസർ ഗവർമ്മെൻറു് പ്രവർത്തിക്കുന്നതെന്നു് തോന്നിപ്പിക്കുന്നവിധത്തിലാണു് അതിന്റെ സൈനികനീക്കങ്ങളും ഭീകരവാഴ്ചയും. ആയുധങ്ങൾ ഗണ്യമായതോതിൽ അംഗോളയിലേക്കു് പ്രവഹിച്ചുകൊണ്ടിരിക്കുകയാണു്. ഇപ്രകാരം ഏററവും നീചമായ മർദ്ദനമുറകൾ ഉപയോഗിച്ചിട്ടും അംഗോളയിലെ വലിയൊരു ഭൂവിഭാഗത്തു് പോർത്തുഗീസ് ഭരണം നിയമമാത്രമോ നാമമാത്രമോ ആണു്. റോബർട്ടു് ഹോൾഡന്റെ നേതൃത്വത്തിലുള്ള ദേശീയവാദികളുടെ ചെറുത്തുനിൽപ്പും സ്വാതന്ത്ര്യാഭിവാഞ്ഛയാൽ പ്രചോദിതമായ ആത്മവിശ്വാസവുമാണു് ഇത്തരമൊരു സ്ഥിതിവിശേഷം അംഗോളയിൽ ഉളവാക്കിയിട്ടുള്ളതു്.

സാമ്രാജ്യത്വത്തിൻെറ യുഗം അവസാനിച്ചുവെന്ന് സലാസർ ഇനിയും മനസ്സിലാക്കിക്കഴിഞ്ഞിട്ടില്ല; ആഫ്രിക്കയിൽ ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനത്തിൻെറ കാററിൻെറ ഗതിയും പോർത്തുഗീസ് മനസ്സിലാക്കിയിട്ടില്ല. അഥവാ, കൊളോണിയലിസത്തിൻെറയും അടിമത്തവാഴ്ചയുടേയും, അനിവാര്യമായ അന്ത്യം അവർ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽത്തന്നെയും അതു് സമ്മതിക്കുവാൻ തയ്യാറില്ലെന്ന ഒരു നിലപാടാണ് സ്വീകരിച്ചുപോരുന്നതു്. കാരണം, സാമ്രാജ്യത്വത്തിൻെറ നിലനില്പിന് സാധൂകരണമായി അൾജീരിയയിലെ വലതുപക്ഷതീവ്രവാദികൾക്ക് പറയാനുള്ളതുതന്നെയാണ് സലാസർക്കും കൂട്ടുകാർക്കും പറയാനുള്ളതു്—അതായതു്, അംഗോളയും മൊസാമ്പിക്കും എല്ലാം പോർത്തുഗീസിൻെറ സമുദ്രാന്തരീയപ്രവിശ്യകളാണ്; കോളണികളല്ല. ഈ വാദത്തിന് എത്രത്തോളം രാഷ്ട്രീയപ്രസക്തിയുണ്ടെന്ന് ലോകം കണ്ടുകഴിഞ്ഞതാണ്.

പോർത്തുഗലിൻെറ കോളണിനയത്തെസംബന്ധിച്ചിടത്തോളം പോർത്തുഗലിലെ ജനങ്ങൾക്കിടയിലും ഗവർമ്മെൻറിൽത്തന്നെയും വിശ്വാസവും അനുഭാവവും കുറവാണെന്നതിനു ധാരാളം തെളിവുകളുണ്ടു്. വൻതോതിലുള്ള ഒരു യുദ്ധം അനിശ്ചിതമായി തുടരുന്നതിനുള്ള സാമ്പത്തികശേഷിയില്ലാത്ത പോർത്തുഗൽ ഒരു പ്രത്യേകഘട്ടത്തിൽ അതു് എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കുവാൻ നിർബ്ബന്ധിതമാവുമെന്നു സൈനികനേതാക്കൾ ചൂണ്ടിക്കാട്ടുകയുണ്ടായിട്ടുണ്ടു്. കൂടാതെ തൻെറ കോളണിനയം പ്രാവർത്തികമാക്കുന്നതിന് വിഘാതമായിനില്ക്കുന്നവരെ മന്ത്രിസഭയിൽനിന്നും സലാസർ നീക്കംചെയ്തു. 1961 മേയ്മാസത്തിൻെറ ഏതാനും ആഴ്ചകൾക്കുള്ളിലാണ് മന്ത്രിസഭ രണ്ടുതവണ പുനഃസംഘടിപ്പിക്കുകയുണ്ടായതു്! മന്ത്രിസഭാപുനഃസംഘടനമൂലം അദ്ദേഹത്തിന് കുറേയേറെ പിണി

യാളുകളെ മന്ത്രിസഭയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടാകാം. രാജ്യരക്ഷാവകുപ്പിൻെറ ചുമതല സലാസർ തന്നെ നേരിട്ട് ഏറ്റെടുക്കേണ്ടിവന്നുവെന്നതു് അദ്ദേഹത്തിനു സഹപ്രവർത്തകരിൽ വിശ്വാസം നഷ്ടപ്പെട്ടുവെന്നതിനെയല്ലാതെ മറെറന്തിനെയാണു് സൂചിപ്പിക്കുന്നതു്? പോർത്തുഗീസു് സാമ്രാജ്യത്വത്തിനു് അംഗോളയിൽ ക്ഷതമേററുകൊണ്ടിരിക്കുമ്പോൾ പോർത്തുഗലിൽത്തന്നെ സലാസർ ഏകാധിപത്യത്തിൻെറ അടിത്തറ ഇളകിക്കൊണ്ടിരിക്കുകയാണെന്നു് പറയാം. പോർത്തുഗലിലെ പൊതുജനാഭിപ്രായം മിക്കവാറും സലാസറുടെ സാമ്രാജ്യത്വനയത്തെ പിന്താങ്ങിക്കൊണ്ടുള്ളതാണെന്നു് പറയാറുണ്ട്. ഏകാധിപത്യഭരണക്രമങ്ങളിലെ പൊതുജനാഭിപ്രായത്തിൻെറ സ്വഭാവം നിശ്ചയമുള്ളവരെ സലാസറുടെ പിന്നിൽ അണിനിരന്നിട്ടുള്ള ജനങ്ങളുടെ ചോദകശക്തി ഏതെന്നു് പറഞ്ഞറിയിക്കേണ്ട കാര്യമില്ല. ചുരുക്കത്തിൽ, സലാസറുടെ രാഷ്ട്രീയരംഗത്തുനിന്നുമുള്ള തിരോധാനം ഒരുനാൾ സംഭവിക്കുമ്പോൾ അവിടത്തെ പൊതുജനാഭിപ്രായവും സമൂലമായ പരിവർത്തനത്തെ പ്രാപിക്കാതെവയ്യ.

അംഗോളയിലേയും മൊസാംബിക്കിലേയും പോർത്തുഗീസു് അധീനതയിലുള്ള മററു് പ്രദേശങ്ങളിലേയും സ്വാതന്ത്ര്യപ്രവാഹങ്ങളുടെ ഗതി എക്കാലവും തടഞ്ഞുനിർത്താമെന്നു് സലാസർ കരുതുന്നതു് മൂഢത്തമാണു്. കറുത്തവർഗ്ഗക്കാരെ നിശ്ശേഷം കൊന്നൊടുക്കി നിത്യമായ വിജയം കൈവരിക്കാമെന്ന വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണു്. സലാസർ ഇന്നു് ജീവിക്കുന്നതു്. ആയിരക്കണക്കിൽ ആഫ്രിക്കക്കാരെ സലാസറുടെ നിറത്തോക്കുകൾ കൊന്നൊടുക്കിയിരിക്കുകയാണു്. അംഗോളയിൽ ഇരുപതുവർഷക്കാലം താമസിച്ചിട്ടുള്ള ഒരു ബ്രിട്ടീഷ് മിഷ്യനറിയായ റവ: പാഴ്സൺസ് അംഗോളയിലെ മനുഷ്യക്കശാപ്പിനെപ്പററി പറയുക

യാണ്: "ഓരോ രാത്രിയും പോർത്തുഗീസ് രഹസ്യപോലീസ് ആഫ്രിക്കക്കാരുടെ വീടുകൾ ആക്രമിക്കുകയും അവരെ വലിച്ചിഴച്ച് നടുറോഡിൽക്കൊണ്ടുപോയി വെടിവെച്ചുകൊല്ലുകയുമാണ് ചെയ്യുന്നത്. ചില ആഫ്രിക്കക്കാരുടെ ഉള്ളംകൈകൾ കനത്ത വടികൊണ്ടടിച്ചു ചതയ്ക്കുന്നതു് ഞാൻ കണ്ടു. അംഗോളയിൽ മുമ്പൊരിക്കലും ഇതുപോലൊരു വെറുപ്പും വിദ്വേഷവും ഉണ്ടായിട്ടില്ല."

അംഗോളയിലും മററു പോർത്തുഗീസ് അധീനപ്രദേശങ്ങളിലും സർവത്ര ശാന്തിയും സമാധാനവും പുലരുന്നുവെന്നു് ലോകത്തെ ബോദ്ധ്യപ്പെടുത്താൻ പോർത്തുഗൽ ഇതുവരെയും ശ്രമിച്ചുപോരുകയുണ്ടായിട്ടുണ്ടു്. എന്നാൽ പുറമേനിന്നുള്ള അന്വേഷണങ്ങളെ ഏതൊരവസരത്തിലും നിരുത്സാഹപ്പെടുത്തുകയും വേണ്ടിവന്നാൽ നിരോധിക്കുകയുമാണ് ഇതേവരെയും ചെയ്തുപോന്നിട്ടുള്ളതു്. കൂടാതെ, അധീനദേശങ്ങളിലെ തങ്ങളുടെ ജോലി ഇതുവരേയും മുഴമിച്ചിട്ടില്ലെന്നും അവ വിട്ടൊഴിയാത്തതിന്റെ നീതീകരണമായി പോർത്തുഗീസുകാർ പറയുന്നു. നിരവധി പരിഷ്കാരങ്ങൾ ഇനിയും അവക്കു് ഏർപ്പെടുത്തേണ്ടതുണ്ടത്രെ. (ഒരു പക്ഷേ കത്തോലിക്കാമതം അടിച്ചേല്പിക്കലായിരിക്കും പരിഷ്കാരങ്ങളിൽ പരമപ്രാധാന്യമർഹിക്കുന്നതു്!) വാസ്തവത്തിൽ മററു് സാമ്രാജ്യശക്തികളായിരുന്ന ഇംഗ്ലണ്ടു്, ഫ്രാൻസ് എന്നിവയിൽനിന്നും തികച്ചും വ്യതിരിക്തമായ ഒരു സമീപനമാണ് പോർത്തുഗൽ അധീനപ്രദേശങ്ങളുടെ കാര്യത്തിലും കൈക്കൊണ്ടതു്. മററൊരു കത്തോലിക്കാരാജ്യമായ ബെൽജിയം, കോംഗോയുടെ കാര്യത്തിൽ അനുവർത്തിച്ച രീതിതന്നെയാണ് അംഗോളയുടേയും മററും കാര്യത്തിൽ പോർത്തുഗീസും കൈക്കൊണ്ടു. ആഫ്രിക്കക്കാർക്കു് വിദ്യാഭ്യാസം നല്കുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും പോർത്തുഗീസ്

ഭരണം കൊട്ടിയടച്ചു; ബാഹ്യലോകവുമായി സമ്പർക്കംപുലത്തുന്നതിനെ നിഷേധിക്കുകയുംചെയ്തു.

അംഗോളയിൽ നടന്നുവരുന്ന കലാപത്തിന്റെ ഫലമായി അവിടത്തെ സമ്പദ്വ്യവസ്ഥ ഗുരുതരമായ പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിച്ചിരിക്കുകയാണു്. കാപ്പി സുലഭമായി കയററുമതിചെയ്യുന്ന അംഗോളയിലെ കാപ്പിത്തോട്ടങ്ങൾ ഇന്നു് ശൂന്യമാണു്. തന്മൂലം നിരവധി നിരവധി ആഫ്രിക്കക്കാരും യൂറോപ്യന്മാരും തൊഴിലില്ലാതെ കഷ്ടപ്പെടുകയാണു് ലഹള അടിച്ചമത്തുന്നതിനായി വലിയൊരു പട്ടാളത്തെ അംഗോളയിൽ പോത്തുഗൽ നിത്തിയിരിക്കുകയാണു്. മർദ്ദനം ഒരു നിത്യസംഭവമായി മാറിയിരിക്കുകയുംചെയ്തിരിക്കുന്നു

കോളണിഭരണം നിലനിത്തുന്നതിനു് പോത്തുഗലിനു് മററു ശക്തികളുടെ സഹായം ലഭിക്കുക സാദ്ധ്യമല്ലാതെവന്നിട്ടുമുണ്ടു്. കോളണികൾ വിട്ടൊഴിയുന്നതുകൊണ്ടു് വരാവുന്ന സാമ്പത്തികപരാധീനത നികത്തുന്നതിനായുള്ള സഹായം നല്കാമെന്ന അമേരിക്കയുടെ വാഗ്ദാനംപോലും ചെവിക്കൊള്ളാനുള്ള സന്മനസ്സു് സലാസർ പ്രദശിപ്പിക്കുന്നില്ലെന്നതാണു് വിചിത്രതരമായിട്ടുള്ളതു്. അംഗോള മറെറാരു അൾജീറിയയോ കോംഗോയോ ആകാതിരിക്കുന്നതിനു് അവിടെ ഉദാരമായ പരിഷ്കാരങ്ങൾ ഏപ്പെടുത്തുന്നതിനും സ്വയംഭരണത്തിന്റെ അനിവാര്യതയ്ക്കു് വഴങ്ങിക്കൊടുക്കുന്നതിനും പാശ്ചാത്യശക്തികൾ പോത്തുഗലിനെ നിർബ്ബന്ധിച്ചുപോരികയാണു്. എന്നിട്ടും കാലഗതിക്കനുസരിച്ചു് നീങ്ങാൻ പോത്തുഗൽ തയ്യാറാവുന്നില്ല.

പോത്തുഗലിന്റെ കോളണിനയത്തെ സംബന്ധിച്ചിടത്തോളം പാശ്ചാത്യശക്തികൾ സൃഷ്ടിപരമായ ഒരു സമീപനം കൈക്കൊള്ളുമെന്നു് ആദ്യഘട്ടത്തിൽ ആരും കരുതി

യിരുന്നില്ല കാരണം, പാശ്ചാത്യശക്തികളുടെ നാറേറാ കൂട്ടുകെട്ട് കോളണിവാഴ്ചകൾക്കെതിരായുള്ള സമരങ്ങൾക്ക് എതിരായുള്ള ഒരു ശക്തിയായി പ്രവത്തിച്ചുപോരികയാണെന്ന ഒരു വിശ്വാസം തെററായോ ശരിയായോ പുലത്തിപ്പോരാറുണ്ട്. ഇതിനുംപുറമെ, പാശ്ചാത്യശക്തികൾക്ക് പോത്തുഗലിലും അതിൻെറ കോളണികളിലും സാമ്പത്തികതാല്പയ്യങ്ങളുമുണ്ട്. ഇക്കാരണങ്ങളാൽ പോത്തുഗലിൻെറ കോളണിനയം, പാശ്ചാത്യശക്തികളുടെ സഹാനുഭൂതിയോടെ, സുരക്ഷിതമായിരിക്കുമെന്ന് പലരും പ്രവചിക്കുകയുണ്ടായി.

എന്നാൽ ഐക്യരാഷ്ട്രസഭയിലെ അംഗോളപ്രമേയം ഈ മിഥ്യാധാരണയെ തിരുത്തുകയുണ്ടായി. അംഗോളയും മററു പോത്തുഗീസ് അധീനപ്രദേശങ്ങളും സമുദ്രാന്തരീയ പ്രവിശ്യകളാണെന്ന പോത്തുഗലിൻെറ വാദം സമ്മതിച്ചുകൊടുക്കുവാൻ അമേരിക്ക തയ്യാറായിരുന്നില്ല. ഈ പ്രഖ്യാപനത്തിൽ അമേരിക്കൻനയത്തിലുണ്ടായിട്ടുള്ള സൃഷ്ടിപരമായ വ്യതിയാനം ദശിക്കാവുന്നതാണ്. അംഗോളയിലേയും തെക്കുപടിഞ്ഞാറൻ ആഫ്രിക്കയിലേയും സ്ഥിതിഗതികളെപ്പററി അന്വേഷിക്കുന്നതിനു് ഐക്യരാഷ്ട്രസഭ ഒരഞ്ചംഗകമ്മിററിയെ ഏപ്പെടുത്തി. പോത്തുഗീസ്ഭരണത്തിൽ അംഗോളയിലേയും മററും ജനങ്ങൾ സംതൃപ്തരാണെന്നു വരുത്തിത്തീക്കുന്നതിനു് പോത്തുഗീസുകാർ ഒരു വ്യഗ്രശ്രമം നടത്തുന്നുണ്ട്. അവിടെ നടന്നുവരുന്ന കലാപം ദേശീയവാദികളുടേതല്ലെന്നും വിദേശശക്തികളുടെ പ്രേരണമൂലമുള്ളതാണെന്നും സലാസർഗവമ്മെൻറു് പറയുന്നു.

പോത്തുഗീസ്സാമ്രാജ്യത്വദുഷ്പ്രഭുത്വത്തിനെതിരായുള്ള സമരത്തിൻെറ നാന്ദികുറിച്ചതു് ജനുവരി 24-ാംനു- സാന്തമറിയ എന്ന പോർത്തുഗീസ് യാത്രാക്കപ്പൽ

കേപ്ടൻഗൽവാഓവും 28 കൂട്ടുകാരും നാടകീയമായവിധം കരീബിയൻകടലിൽവച്ചു പിടിച്ചടക്കിയതോടെയാണു്. ഈ സംഭവംകഴിഞ്ഞു; തീരെ താമസിച്ചില്ല, പെട്ടെന്നൊരുനാൾ അംഗോളയിലെ ലുവാണ്ടയിലെ ഒരു ജയിലിനു നേരെ ജനക്കൂട്ടം ആക്രമണംനടത്തി. ലുവാണ്ടയിലെ ജയിലാക്രമണം അംഗോളയിലെ സ്വാതന്ത്ര്യസമരത്തിന്റെ തുടക്കം കുറിച്ചു; അതു് പോർത്തുഗീസ്സാമ്രാജ്യത്വത്തിന്റെ അടിത്തറ ഇളക്കി.

അടിമരാജ്യങ്ങളിലെ സ്വാതന്ത്ര്യസമരങ്ങളെ കമ്മ്യൂണിസ്ററുപ്രേരിതമായ കലാപങ്ങളായി ചിത്രീകരിച്ചു് പാശ്ചാത്യരാജ്യങ്ങളുടെ സഹാനുഭൂതി നേടാനുള്ള ഒരു പ്രവണത പോർത്തുഗീസ് എക്കാലവും പ്രദർശിപ്പിച്ചുപോന്നിട്ടുണ്ടു്. സാന്തമരിയസംഭവത്തെക്കുറിച്ചുള്ള അംഗോളഗവണ്മെന്റുടെ അഭിപ്രായംതന്നെ ഇതിനൊരു തെളിവാണു്. "രാഷ്ട്രാന്തരീയപ്രക്ഷോഭകരുടേയും കമ്മ്യൂണിസ്ററുകാരുടേയും ഭീഷണിയെക്കുറിച്ചു് ഞങ്ങൾക്കു് നല്ലവണ്ണമറിയാം."

അമേരിക്കയുടെ ഉപദേശങ്ങളെ ആദരിച്ചുകൊണ്ടു് സാമ്രാജ്യത്വശക്തികളായിരുന്ന ഇംഗ്ലണ്ടിന്റേയും ഫ്രാൻസിന്റേയുംവഴി പിൻതുടരുകയാണു് പോർത്തുഗലിനു് ഏററവും അഭികാമ്യമായിട്ടുള്ളതു്. കോളണിഭരണം സമാധാനപരമായി അവസാനിപ്പിക്കാത്തപക്ഷം കമ്മ്യൂണിസത്തിന്റെ വളച്ച്യ്ക്കുമാത്രമേ അതു് ഉപകരിക്കുകയുള്ളുവെന്നു് എത്രവേഗം മനസ്സിലാക്കുന്നുവോ അത്രയും നല്ലതു്. ഈ പരമാർത്ഥം ഏററവും കൂടുതൽ മനസ്സിലാക്കിയിട്ടുള്ളതു് "പുതിയ" അമേരിക്കയാണു്. അതുകൊണ്ടത്രേ, അമേരിക്കയുടെ നയത്തിൽ പ്രകടവും സൃഷ്ടിപരവുമായ വ്യതിയാനം കാണുന്നതു്.

ആഫ്രിക്കൻദേശീയത്വം അംഗോളയിൽ ഒരു ശക്തിയായി രൂപാന്തരപ്പെട്ടിട്ട് കാലം അധികമായിട്ടില്ല. പോർത്തുഗീസ്പട്ടാളത്തിൻെറ കിരാതമായ മർദ്ദനമുറകൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്ന അംഗോളയിലെ വിപ്ലവകാരികളും ദേശീയവാദികളും അവിടെ ഒരു ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയെന്ന പ്രവർത്തനപരിപാടി കൈക്കൊള്ളുവാൻ നിർബ്ബന്ധിതരായിട്ടുണ്ട്; ഗ്രാമങ്ങൾ തീവെച്ച് നശിപ്പിക്കുകയെന്നതും കൂട്ടക്കൊലകൾ നടത്തുകയെന്നതും പോർത്തുഗീസ്പരിപാടികളുടെ മുഖ്യഇനങ്ങളാണ്. കഴിഞ്ഞ മേയ്മാസത്തിൻെറ ആരംഭത്തോടെ 20,000 ആഫ്രിക്കക്കാരും 1000-ൽകൂടുതൽ യൂറോപ്യന്മാരും കൊല്ലപ്പെട്ടതായി കണക്കാക്കപ്പെടുന്നു 25,000-ലേറെ ആഫ്രിക്കൻ അഭയാർത്ഥികൾ കോംഗോവിലേയ്ക്ക് പ്രാണരക്ഷാർത്ഥം ഓടിപ്പോവുകയും ചെയ്തിട്ടുണ്ട്; അതേപോലെ നിരവധി യൂറോപ്യൻവംശജരായ സ്ത്രീകളും കുട്ടികളും ലിസ്ബണിലേക്കും. പോർത്തുഗീസ്അധികൃതർ തടവുകാരായി പിടിക്കപ്പെടുന്നവരിൽ നിരവധി കത്തോലിക്കാപുരോഹിതന്മാരും ഉൾപ്പെടുന്നു. തടവുകാരനായി പിടിക്കപ്പെട്ട ഒരു വികാരി ജനറലായ മോൺസിന്യോർ മാനുവൽ ജെ. മെൻഡസ്നെവസിൻെറ ഇപ്പോഴത്തെ ചുററുപാടുകൾ എന്തൊക്കെയാണെന്ന് ഒരുത്തർക്കുപോലും അറിഞ്ഞുകൂടാ.

പോർത്തുഗലിലെ നയത്തിൻെറ ഒരു പ്രതിഫലനംമാത്രമാണ് ആഫ്രിക്കയിലേയും മററു കോളണികളിലേയും പോർത്തുഗീസ്നയം. പ്രജായത്തരീതികളും വഴക്കങ്ങളുമായി യാതൊരുവിധത്തിലും പൊരുത്തപ്പെടാത്തതും ബന്ധപ്പെടാത്തതുമായ ഒരു രാജ്യത്തിൻെറ ആശ്രിതത്വത്തിൽ കഴിയുന്ന ഒരു കോളണിയിൽ ആ രീതികളുടേയും സമ്പ്രദായങ്ങളുടേയും ഉൽഘാടനവും അനുഷ്ഠാനവും പ്രതീക്ഷിക്കുകവയ്യ. പോർത്തുഗീസ്ഭരണത്തിൻെറ തലപ്പത്തിരിക്കുന്ന

സലാസറാണ് പോർത്തുഗലിലെ ഏകനിയമവിധാതാവ്. പോർത്തുഗലിൽത്തന്നെ സലാസറോടുള്ള എതിർപ്പ് അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുകയും ശക്തി സമാർജ്ജിച്ചുകൊണ്ടിരിക്കുകയും ആണ്. ഒരേകാധിപതിയുടെ അന്ത്യമാണോ അതോ കൊളോണിയലിസത്തിൻെറ അന്ത്യമാണോ ആദ്യം സംഭവിക്കുകയെന്ന കാര്യത്തിൽമാത്രമേ സംശയമുള്ളു.

---

# അന്ധമായ വംശഭ്രാന്തു്

സ്വാതന്ത്ര്യലോകത്തിന്റെ നേതൃത്വംവഹിക്കുന്ന അമേരിക്കൻ ഐക്യനാടുകളിലെ തെക്കൻസംസ്ഥാനങ്ങളിൽ വർണ്ണവിവേചനം ശാശ്വതീകരിക്കുന്നതിനുള്ള സംരംഭങ്ങൾ ആ സംസ്ഥാനങ്ങളിലെ ഭരണാധികാരികളുടെ അറിവോടും സമ്മതത്തോടുംകൂടി നടത്തപ്പെടുന്നുവെന്ന വസ്തുതയാണു് അലബാമയിൽ നീഗ്രോകൾക്കെതിരായി നടത്തപ്പെട്ട ആക്രമണങ്ങൾ വ്യക്തമാക്കിയതു്. അതേസമയം, അമേരിക്കയിലെ നീഗ്രോകൾക്കു് പൌരാവകാശങ്ങൾ മുഴുവനും അനുഭവിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊടുക്കുകയെന്നതു് അമേരിക്കൻ രാജ്യതന്ത്രജ്ഞതയുടെ അനിവാര്യമായൊരാവശ്യമായിരിക്കയാണു്. ആഫ്രിക്കൻ രാജ്യങ്ങളുടെ സൌഹൃദം അമേരിക്കയ്ക്കു് ലഭിക്കണമെങ്കിൽ ഇതിനുള്ള വിധാനരംഗം അമേരിക്ക വേഗത്തിൽ സജ്ജമാക്കേണ്ടിയിരിക്കുന്നു.

അമേരിക്കൻ ഐക്യനാടുകളിലെ തെക്കൻസംസ്ഥാനങ്ങളിലൊന്നായ അലബാമയിൽ ഈയിടെ നീഗ്രോകൾക്കെതിരായി നടന്ന വംശീയകലാപങ്ങളെപ്പററി വായിച്ചപ്പോൾ ആദ്യമായി ഓർമ്മവന്നതു് അബ്രാഹാം ലിങ്കണിന്റെ പ്രസിദ്ധമായ ഗററിസ്ബർഗ്ഗ്പ്രസംഗമാണു്.

അന്നു് ആ പ്രസംഗം ശ്രോതാക്കളിൽ പറയത്തക്ക വികാര വിക്ഷോഭമോ അത്യാവേശമോ ഉദ്ദീപിപ്പിക്കുകയുണ്ടായില്ല. കാലം ചെല്ലുന്തോറും അതിൻെറ മഹത്വവും അർത്ഥസമ്പുഷ്ടിയും വർദ്ധിച്ചു. അലബാമയിലും അതിനുമുമ്പു് ലിററിൻ റോക്കിലും ലൂസിയാനയിലെ ന്യൂഓർലിയൻസിലും വംശീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെടുകയും നീഗ്രോവംശജരെ ആക്രമണം നടത്തുകയും ചെയ്തപ്പോൾ ആ പ്രസംഗത്തിൻെറ മഹത്വം കൂടുതൽ പ്രസക്തമാകുകയാണുണ്ടായതു്. അടിമത്വം അവസാനിപ്പിക്കുന്നതിനായി പടപൊരുതി രക്തസാക്ഷിത്വം വരിച്ച വീരയോദ്ധാക്കളെ സംസ്കരിച്ച ശ്മശാനഭൂമിയിൽ നിന്നുകൊണ്ടു് ഉദ്ദേശം നൂറു കൊല്ലങ്ങൾക്കുമുമ്പു്—1865 നവമ്പർ 19-ാംനു—അബ്രാഹാം ലിങ്കൺ പ്രഖ്യാപിച്ചു:

"രൂഢമൂലമായ സ്വാതന്ത്ര്യബോധമുള്ളവരും എല്ലാമനുഷ്യരും സമന്മാരായിട്ടാണു സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന ചിന്താഗതിയോടു് ദൃഢബദ്ധവുമായ ഒരു രാഷ്ട്രത്തെ നമ്മുടെ പ്രപൂർവ്വികന്മാർ 87 വർഷങ്ങൾക്കു മുമ്പു് ഈ ഭൂഖണ്ഡത്തിൽ വളർത്തിക്കൊണ്ടുവരികയുണ്ടായി.......ഇവിടെ, നമ്മുടെ മുമ്പിലുള്ള മഹത്തായ കർത്തവ്യത്തിനു് ആത്മാർപ്പണം ചെയ്യേണ്ടതു് നമ്മളാണു്; ഏതൊന്നിനുവേണ്ടി, സംപൂജ്യരായ ഈ പരേതാത്മാക്കൾ തങ്ങളുടെ അവസാനംവരെയുള്ള ഹൃദയപൂർവ്വമായ സേവനബുദ്ധി സമർപ്പിച്ചുവോ അതിനോടു് അതേവിധത്തിലുള്ള മനോഭാവം പ്രവൃദ്ധമായനിലയിൽ നാമും കൈക്കൊള്ളേണ്ടതാണു്. അവരുടെ മരണം നിഷ്പ്രയോജന

മായിരിക്കരുതു് എന്ന ദൃഢബോധം നമുക്കുണ്ടായിരിക്കണം. ദൈവത്തിൻെറ കാരുണ്യത്താൽ ഈ രാഷ്ട്രത്തിനു് ഒരു പുതിയ സ്വാതന്ത്ര്യോദയം കൈവരണം; ജനങ്ങൾക്കവേണ്ടി, ജനങ്ങളാൽ നടത്തപ്പെടുന്ന, ജനങ്ങളുടെ ഗവൺമെൻറു് ഈ മണ്ണിൽനിന്നു തിരോധാനംചെയ്യരുതെന്ന ദൃഢനിശ്ചയമാണു് നമുക്കുണ്ടാകേണ്ടതു്."

മനുഷ്യമഹത്വത്തിൻെറയും അന്തസ്സിൻെറയും മൂർത്തിമദ്ഭാവമായി വിരാജിക്കുന്നുവെന്നവകാശപ്പെടുന്ന അമേരിക്കൻ ഐക്യനാടുകളിൽ 1861-ൽ ആരംഭിച്ചു് 1865-ൽ അവസാനിച്ച അമേരിക്കൻ ആഭ്യന്തരയുദ്ധത്തിലെ രക്തസാക്ഷികളുടെ അഭിലാഷവും പ്രതിജ്ഞയും ഇനിയും സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ലെന്നതാണു് അലബാമയിലേയും മററും വംശീയകലാപങ്ങൾ അസന്ദിഗ്ദ്ധമായി തെളിയിക്കുന്നതു്. അടിമത്തവ്യവസ്ഥയെ നഖശിഖാന്തം എതിർത്ത അബ്രഹാംലിങ്കൺ 1861-ൽപ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ തെക്കൻസംസ്ഥാനങ്ങളും വടക്കൻസംസ്ഥാനങ്ങളും തമ്മിലുള്ള സംഘർഷം മൂൎദ്ധന്യാവസ്ഥപ്രാപിച്ചു. 1865-ൽ കോൺഫെഡറസിയെ പരാജയപ്പെടുത്തുകയും തൽഫലമായി അടിമത്തം എന്നെന്നേക്കുമായി അവസാനിക്കുകയും ചെയ്തു.

ഇന്നു് ഒരുപക്ഷേ അടിമത്തം അമേരിക്കൻവ്യവസ്ഥിതിയിലില്ലായിരിക്കാം. പക്ഷേ പരിഷ്ക്കാരത്തിൻെറ പരമോന്നതിയിൽ പത്തൊൻപതാം നൂററാണ്ടിലെ അടിമത്തസമ്പ്രദായം ഇരുപതാംനൂററാണ്ടിൻെറ കാലഗതിയിൽ വന്ന മാററത്തിനനുസൃതമായി വേറൊരുരൂപത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുകയാണു്. അതുകൊണ്ടത്രേ, അമേരി

ക്കൻ ആഭ്യന്തരയുദ്ധത്തിന്റെ വിജയകരമായ പരിസമാപ്തി യോടെ അടിമത്തസമ്പ്രദായം അമേരിക്കൻ ഭൂഖണ്ഡത്തിൽ നിന്നും എന്നെന്നേക്കുമായി അന്തർദ്ധാനം ചെയ്യുമെന്നപ്ര തീക്ഷ സഫലീകൃതമായില്ലെന്നും ലിങ്കൺ വിഭാവനംചെയ്ത മനുഷ്യമഹത്വം അവിടെ ഇന്നും ഫലപ്രാപ്തി കൈവരിച്ചി ട്ടില്ലെന്നും പറയേണ്ടിവന്നതു്. അമേരിക്കൻഭൂഖണ്ഡത്തിൽ ജനിച്ചുവളൎന്ന, അമേരിക്കയിലെ വെള്ളക്കുടിയേറിപ്പാർപ്പുകാ രേക്കാൾ പഴക്കവും പാരമ്പര്യവുമുള്ള, അവിടത്തെ നീഗ്രോ വംശജൎക്കു് വൎണ്ണവിവേചനാനയത്തിനു വിധേയരായി ജീവിക്കേണ്ടിവരുന്നുവെന്നതു്, ഇരുപതാംനൂററാണ്ടിന്റെ സാംസ്കാരികമാനദണ്ഡംവച്ചു നോക്കുമ്പോൾ, അടിമത്തം തന്നെയാണു്. സോവിയററുറഷ്യയിലും കമ്മ്യൂണിസ്റ്റു് ഉപ ഗ്രഹരാജ്യങ്ങളിലും ഉണ്ടെന്നു പറയപ്പെടുന്ന മനുഷ്യാവകാശ ധ്വംസനം, അതിനെ അധിക്ഷേപിക്കുന്ന അമേരിക്കയിൽ വേറൊരുരൂപത്തിൽ പ്രത്യക്ഷപ്പെടുകയാണു്.

അലബാമയിലെ വെള്ളത്തൊലിക്കാരായ വൎഗ്ഗവിദ്വേ ഷികളുടെ ചെയ്തികളെ ഐഷ്മാനിന്റെ ജൂതവിരോധ ത്തോടും ബുഡാപ്പെസ്റ്റിലെ തെരുവുകളിൽ റഷ്യൻടാങ്കുകൾ നടത്തിയ ഭീകരമനുഷ്യക്കുരുതിയോടും തെക്കേആഫ്റിക്ക യിലെ ഷാർപ്പുവില്ലിൽ വെർവോർഡിന്റെ "അപ്പാർതീഡു" ഗവമ്മെൻറു നടത്തിയ കൂട്ടക്കൊലയോടും ഒരുതരത്തിൽ തുലനംചെയ്യാവുന്നതേയുള്ളു. എവിടെയും വിദ്വേഷിക ളുടെ ചേതോവികാരം ഒന്നുതന്നെയായിരുന്നു. ഈ ചേതോ വികാരത്തിന്റെ ഫലമായി തെക്കേ ആഫ്റിക്കയിലും ഹങ്കറിയിലും ഹിററ്ലറുടെ ജമ്മനിയിലും നിർദ്ദോഷിക ളായ നിരവധിപേർ കൊല്ലപ്പെട്ടുവെന്ന വ്യത്യാസംമാത്ര മേയുള്ളു.

ഷാർപ്പ്‌വില്ലിൽ നിർദ്ദോഷികളായ കുറേയേറെ ആഫ്രിക്കക്കാർ വെള്ളത്തോക്കുകൾക്കു് ഇരയായി ചത്തുവീ

ണുവെന്നതു് ശരിതന്നെ. പക്ഷേ കറുത്തവർഗ്ഗത്തെ വേട്ടയാടി നശിപ്പിക്കുകയെന്ന തത്വത്തിൽ ദൃഢബദ്ധമായിട്ടുള്ള ഒരു ഗവമ്മെൻറാണു് ഈ ചെയ്തികൾ തെക്കേആഫ്രിക്കയിൽ അഴിച്ചുവിട്ടതു്. ജനിച്ചുവളന്ന മണ്ണിൽ കറുത്ത തൊലിക്കാരനു് നിർബാധം സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യംപോലും അനുവദിച്ചുകൊടുക്കുന്നതിനു് തെക്കേആഫ്രിക്കയിലെ വെള്ളക്കാരന്റെ അപരിഷ്കൃതവും അന്ധവുമായ വംശഡംഭം തയ്യാറില്ല. മനുഷ്യനായി ജനിച്ചിട്ടും പരിപൂർണ്ണതയിലേക്കുയരുന്നതിനുള്ള സാഹചര്യങ്ങൾ നിഷേധിക്കപ്പെട്ടിട്ടുള്ള ഒരു വർഗ്ഗം ഇന്നും ഈ ഭൂമുഖത്തു് പലയിടങ്ങളിലായി ജീവിച്ചിരുപ്പുണ്ടെന്ന നഗ്നവും ദാരുണവുമായ പരമാത്ഥം മനസ്സിലാക്കിക്കുന്നതിനു് അന്നു് ഷാപ്പ്വില്ലിലെ കൂട്ടക്കൊലയും പിന്നീടു് അലബാമയിലെ വംശീയകലാപവും ഉപകരിക്കുകയുണ്ടായി.

അലബാമയിൽ നീഗ്രോവംശജരായവക്കെതിരായി നടന്ന കലാപത്തിന്റെ ശരിയായ പശ്ചാത്തലം മനസ്സിലാക്കുന്നതിനു് 1954-ലെ അമേരിക്കൻ സുപ്രീംകോടതിയുടെ വിധിയിലോളം നാം പോകേണ്ടിയിരിക്കുന്നു. ഈ വിധിപ്രകാരം നീഗ്രോവംശജരുടെ കുട്ടികൾക്കും പൊതുവിദ്യാലയങ്ങളിൽ പ്രവേശനംനല്കേണ്ടതാണെന്നു് ഉറപ്പുവരുത്തുകയുണ്ടായി. ക്രമേണ പലയിടങ്ങളിലും ആരോഗ്യകരമായ ഒരു പ്രവണത പ്രത്യക്ഷപ്പെട്ടുവാൻതുടങ്ങി. കെൻടക്കിയിലും ടെക്സ്സാസിലും വളരെയേറെ പുരോഗതി ദൃശ്യമാവാൻതുടങ്ങി. ഇതോടൊപ്പം അലബാമ, ജോർജിയ, ലൂസിയാന, വടക്കൻകരോളിന, വിർജിനിയ എന്നിവിടങ്ങളിൽ സുപ്രീംകോടതിവിധി പ്രാബല്യത്തിൽ വരുത്താതിരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരുന്നു. ചില തെക്കൻസംസ്ഥാനങ്ങൾ സുപ്രീംകോടതിയുടെ വിധി തങ്ങൾക്കു ബാധകമാവുകയില്ല എന്നുവരെ പറഞ്ഞു. ചിലയിടങ്ങളിൽ സുപ്രീം

കോടതിയുടെ വിധി ദുർബ്ബലപ്പെടുത്തുവാൻ വെള്ളക്കാരായ രക്ഷാകർത്താക്കൾക്ക് അവരുടെ കുട്ടികളെ സ്വകാര്യവിദ്യാലയങ്ങളിലേക്കയയ്ക്കുന്നതിന് സ്റ്റേററിൽനിന്ന് സഹായധനം നല്കിക്കൊണ്ടിരുന്നു. ചില സംസ്ഥാനങ്ങളുടെ തീവ്രമായ വർഗ്ഗവിദ്വേഷംമൂലം സുപ്രീംകോടതിവിധി അതുദ്ദേശിച്ചഫലം കൈവരുത്തുകയുണ്ടായില്ലെന്നതിന് ന്യൂയോർക്ക്ടൈംസിൽ പ്രസിദ്ധീകരിച്ച ചില കണക്കുകൾ പരിശോധിച്ചാൽ മതിയാവുന്നതാണ്. തെക്കൻസ്റ്റേററുകളിലുള്ള 30,20,700 നീഗ്രോവിദ്യാർത്ഥികളിൽ 28,39,700 പേരും കറുത്തവക്കായുള്ള പ്രത്യേക സ്കൂളുകളിൽതന്നെയാണ് വിദ്യാഭ്യാസം കഴിക്കുന്നത്. അതേപ്പോലെ ലൂസിയാന, മിസിസിപ്പി, അലബാമ, ജോർജ്ജിയ, തെക്കൻ കരോളിന എന്നീ തെക്കൻസംസ്ഥാനങ്ങളിൽ കഴിഞ്ഞ സ്കൂൾവർഷം ഒരൊററ നീഗ്രോകുട്ടിയും വെള്ളക്കാരുടെ കുട്ടികളോടൊപ്പം പഠിക്കുന്നുണ്ടായിരുന്നില്ല. ഈ സംസ്ഥാനങ്ങളിലെ ഭരണാധികാരികൾതന്നെ വർഗ്ഗവിദ്വേഷികളുടെ സംരംഭങ്ങളെ അങ്ങേയററത്തോളം പ്രോത്സാഹിപ്പിച്ചിരുന്നു. വിദ്യാഭ്യാസത്തിൽ വർണ്ണവിവേചനം പാലിക്കുന്നതു് ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീംകോടതി വിധി ഉണ്ടായതുമുതൽ ഐക്യനാടുകളിലെ തെക്കൻ സംസ്ഥാനങ്ങൾ വർണ്ണവിവേചനം തുടരുന്നതിനുള്ള എല്ലാ ശ്രമങ്ങളും ചെയ്തിട്ടുണ്ട്. ഈ സംസ്ഥാനങ്ങളുടെ സംരംഭങ്ങൾക്ക് സഹായകരമായി കുക്ലക്സ്ക്ലാൻ എന്ന സംഘടനയും വെള്ളപൗരന്മാരുടെ കൗൺസിലുകളും പ്രവർത്തിച്ചുപോന്നു. (നാസികളുടെ സ്വാസ്തികപ്രസ്ഥാനത്തോടു സാധർമ്മ്യമുള്ള ഒന്നാണ് ഈ കുക്ലക്സ്ക്ലാൻ. ടെന്നിസിയിൽ 1865-ൽ ഒരു സാമൂഹ്യസംഘടനയെന്നനിലയിൽ പ്രവർത്തനമാരംഭിച്ച ഈ രഹസ്യസംഘടന ക്രമേണ തെക്കൻ സംസ്ഥാനങ്ങളിൽ വെള്ളമേധാവിത്വം നിലനിർത്തുന്നതിനായുള്ള ഒരു സംഘടനയായി വികസിക്കുകയുണ്ടായി.

1877-ൽ അപ്രത്യക്ഷയായ ഈ സംഘടന, 1915-ൽ ജൂത വിരോധവും കത്തോലിക്കാവിരോധവും നീഗ്രോവിരോധവും ഉള്ള ഒരു സംഘടനയായി വീണ്ടും ഉയിരെടുത്തു) ഈ സംഘടനകൾ നീഗ്രോവംശജരെമാത്രമല്ല, നീഗ്രോവംശജരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്ന വെള്ളക്കാരേയും മർദ്ദിച്ചൊതുക്കുവാൻ ശ്രമിക്കുന്നുണ്ടു്. നീഗ്രോകളുടെ ഇന്നത്തെ സമരം പ്രധാനമായും വോട്ടവകാശവും ബസ്സിലും റസ്റ്റാറൻറുകളിലും വെള്ളക്കാരോടൊപ്പം ഇരിക്കുന്നതിനുള്ള അവകാശവും നേടിയെടുക്കുന്നതിനായാണു്.

അമേരിക്കൻഗവണ്മെൻറു് എന്നും നീഗ്രോവംശജരുടെ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുന്നതിൽ വളരെ തല്പരരായാണു് കാണപ്പെട്ടിട്ടുള്ളതു്. ഐസൻഹോവറുടേയും ഇപ്പോൾ കെന്നഡിയുടേയും ഭരണത്തിൽ കോടതിവിധിയെ ആദരിക്കേണ്ട ആവശ്യകതയെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അലബാമയിലുണ്ടായ കലാപത്തെ ഒതുക്കുവാൻ 400 ഫെഡറൽ മാർഷലുകളെ കെന്നഡിഗവമ്മെൻറു് അയയ്ക്കുകയുണ്ടായിയെന്നതു്, ഇതിനെ പ്രസ്തുത ഗവമ്മെൻറു് എത്രമാത്രം ഗൗരവത്തോടെയാണുവീക്ഷിച്ചുവന്നതെന്നതിനു തെളിവാണു്. മനുഷ്യാവകാശധ്വംസനത്തെ ഒരുതരത്തിലും പ്രോത്സാഹിപ്പിക്കുവാൻ കെന്നഡിഗവമ്മെൻറു് ഒരുക്കമല്ല എന്നതിൻെറ സൂചനകളായിരുന്നു ഇതഃപര്യന്തമുള്ള അതിൻെറ പ്രവർത്തനങ്ങൾ. നീഗ്രോകളോടൊപ്പം യാത്ര ചെയ്യുകയും റസ്റ്റാറൻറുകളിൽ കയറുകയുംചെയ്ത വെള്ളക്കാരിൽ തീവ്രവാദികളുടെ മർദ്ദനമേററു് ബോധക്ഷയംപററി റോഡിൽ വീണ ഒരാൾ അറേറാർണിജനറൽ കെന്നഡിയുടെ ഒരടുത്ത കൂട്ടുകാരനായിരുന്നു.

അമേരിക്കയെസംബന്ധിച്ചിടത്തോളം നീഗ്രോവംശജർക്കു് പൌരന്മാരെന്നനിലയിൽ തുല്യപദവി ലഭിക്കുമാറാ

ക്കുകയെന്നതു് രാജ്യയന്ത്രജ്ഞതയുടെക്കൂടി ഒരു പ്രധാനഭാഗമാണു്. ആഫ്റിക്കയിൽ പുതുതായി സ്വാതന്ത്ര്യംപ്രാപിച്ചുകൊണ്ടിരിക്കുന്നതും പ്രാപിച്ചതുമായ രാജ്യങ്ങളുടെ സൗഹൃദം അമേരിക്കയ്ക്കു ലഭിക്കണമെങ്കിൽ അമേരിക്കയിലെ നീഗ്രോവംശജരേയും സമന്മാരായി കാണാനുള്ള വിശാലമനഃസ്ഥിതി അമേരിക്കക്കാർ ഒന്നടങ്കം കാണിക്കേണ്ടിയിരിക്കുന്നു.

അമേരിക്കയിലെ വെള്ളതീവ്രവാദികൾ എത്രമാത്രം വൈമനസ്യം കാണിച്ചാലും നീഗ്രോകളുടെ സമരം അവസാനത്തിൽ വിജയകരമായി പരിണമിക്കാതെവയ്യ. കാരണം അവരുടെ ആവശ്യം എത്രയോ നീതിപൂർവ്വമാണു്. കൂടാതെ പൂർണ്ണപൗരത്വം അനുഭവിക്കുന്നതിനുള്ള നീഗ്രോകളുടെ ഈ സമരത്തിനു് സ്വാതന്ത്ര്യമനസ്കരായ വെള്ളക്കാരുടെയും കെന്നഡിഭരണകൂടത്തിൻെറയും പിന്തുണയുണ്ടെന്നുള്ളതു് തികച്ചും ചാരിതാർത്ഥ്യജനകമാണു്.

തെക്കൻസംസ്ഥാനങ്ങളിലെ തീവ്രവാദികൾ ഇപ്പോൾ അനുവർത്തിച്ചുവരുന്ന നയം അവർ ഇനിയും തുടരുന്നപക്ഷം അതു് അവർക്കുതന്നെ ദോഷകരമായി ഭവിക്കുന്നതായിരിക്കും. മനുഷ്യരെയെല്ലാം സമഭാവനയോടെ വീക്ഷിക്കാൻ പഠിപ്പിച്ച ക്രിസ്തുവിൻെറ മതത്തെ അമേരിക്കയിലെ നീഗ്രോകൾ വെള്ളമർത്ത്യൻെറ മതമായാണു് കാണുന്നതു്. ഇസ്ലാംമതത്തോടു് സഹാനുഭൂതി പ്രദർശിപ്പിക്കാനും അവർ തുടങ്ങിയിരിക്കുന്നു.

എന്തായാലും, കമ്മ്യൂണിസത്തെ ചെറുക്കുന്നതിനായി മനുഷ്യമഹത്വത്തെയും മനുഷ്യാവകാശങ്ങളെയും പ്രകീർത്തിക്കുന്ന ഒരു ഭൂഖണ്ഡത്തിലാണു് കിരാതമായ ഒരു യുഗത്തിൻെറ സ്വഭാവവിശേഷങ്ങൾ പ്രതിഫലിച്ചുകാണുന്നതെന്നതു് വിചിത്രതരമായിരിക്കുന്നു.

---

# ഒരു കാളരാത്രിയുടെ അന്ത്യം?

അമേരിക്കയുടെ സൈനികവും സാമ്പത്തികവുമായ സഹായങ്ങളൊന്നും തെക്കൻ കൊറിയയിലെ ജനങ്ങളുടെയിടയിലുണ്ടായിരുന്ന അസ്വസ്ഥതയും അസംതൃപ്തിയും പരിഹരിക്കുന്നതിന് പര്യാപ്തമായില്ലെന്ന് അവിടെ നടന്ന വിജയകരമായ സൈനികവിപ്ലവം വ്യക്തമാക്കുന്നു. ഭരണകൂടത്തിന്റെ ശൈഥില്യം കമ്യൂണിസ്റ്റാധിപത്യത്തിന് വഴിതെളിയിച്ചേക്കുമെന്ന് സൈനികമേധാവികൾ ഭയപ്പെട്ടുവെന്നും തോന്നുന്നു. പ്രഭാതപ്രശാന്തത എന്നർത്ഥമുള്ള കൊറിയയിൽ രാഷ്ട്രീയമായ അനിശ്ചിതത്വവും അരാജകത്വവും നിലനില്ക്കുന്നുവെന്നത് ഒരു വിരോധാഭാസമായ വശേഷിക്കുന്നു.

അവികസിതരാജ്യങ്ങളിൽ സർവ്വസാധാരണമായിതീർന്നിട്ടുള്ള ഒരു രാഷ്ട്രീയപ്രതിഭാസമാണ് സൈനികവിപ്ലവങ്ങൾ. ഏഷ്യയിലെ ചില രാജ്യങ്ങൾ ഇന്ന് പട്ടാളഏകാധിപത്യത്തിൽ കഴിയുകയാണ്. രാഷ്ട്രീയപ്രബുദ്ധത കൈവന്നിട്ടില്ലാത്ത ജനങ്ങളും ശിഥിലീകരണപ്രവണത ഉയർത്തിക്കാട്ടുന്ന രാഷ്ട്രീയകക്ഷികളും അഴിമതിയും അലസതയും മാത്രം കൈമുതലായുള്ള അസ്ഥിരങ്ങളായ ഭരണകൂടങ്ങളും ഒരു രാജ്യത്തുണ്ടായിക്കഴിഞ്ഞാൽ ക്രമേണ ആ രാജ്യം ഒരുതരം ഏകാധിപത്യത്തിലേക്ക് വഴുതിവീഴുക

യായി. ശക്തിയും അധികാരവും അച്ചടക്കബോധമുള്ള സൈന്യത്തിൽ നിക്ഷിപ്തമാകകൊണ്ടു് പ്രായേണ ഇത്തരം സ്ഥിതിവിശേഷങ്ങളിൽ പട്ടാളവിപ്ലവങ്ങൾ വിജയിക്കുന്നു. എങ്കിലും, എത്രമാത്രം അധികാരവും ശക്തിയും പട്ടാളത്തിൽ നിക്ഷിപ്തമായിരുന്നാൽപോലും, ഒരു സൈനികവിപ്ലവത്തിൻെറ വിജയകരമായ പരിപൂർത്തിക്കു് ജനങ്ങളുടെ സഹകരണം അവശ്യംഭാവിയായ ഒരു ഘടകമാണു്. അസ്വാസ്ഥതയും അസംതൃപ്തിയും പടർന്നുപിടിച്ചിട്ടുള്ള ഒരു ജനതതിയുടെ പിന്തുണ സമാർജ്ജിക്കുവാൻ സൈനികമേധാവിക്കു് അധികം ക്ലേശിക്കേണ്ടതായി വരികയില്ല. അപ്രാപ്തിയും അഴിമതിയും നിറഞ്ഞ ജനാധിപത്യമാതൃകയിലുള്ള ഒരു ഗവൺമെൻറിൻെറ സ്ഥാനത്തു്, ഇത്തരം ഒരു സാഹചര്യത്തിൽ. ഒരു ഏകാധിപത്യഭരണക്രമത്തെ അവരോധിക്കുവാൻ ജനങ്ങൾ, ഉത്സാഹം പ്രദർശിപ്പിച്ചില്ലെങ്കിൽപോലും, മടികാണിക്കാനിടയില്ല. ഇത്തരമൊരു പശ്ചാത്തലത്തിലാണു് തെക്കൻകൊറിയയിൽ സൈനികവിപ്ലവം നടന്നതും വിജയകരമായ പരിസമാപ്തി പ്രാപിച്ചതും. ഡോക്ടർ സിങ്ങ്മാൻ റീയുടെ "ജനകീയഭരണത്തിൽ" ജനങ്ങൾ പൗരസ്വാതന്ത്ര്യമെന്തെന്നു് അറിയുകയുണ്ടായില്ല. പതിമൂന്നു മാസങ്ങൾക്കുമുമ്പു് റീയെ അധികാരത്തിൽനിന്നു നീക്കംചെയ്തതിനെത്തുടർന്നു് അധികാരത്തിലേറിയ ഡോ: ജോൺ ചാങ്ങിൻെറ ഡെമോക്രാററിക് കക്ഷിക്കു് രാഷ്ട്രീയമായ അസ്ഥിരത ഉന്മൂലനംചെയ്യുന്നതിനോ കുതിച്ചുകയറിക്കൊണ്ടിരുന്ന ജീവിതച്ചെലവു് നിയന്ത്രിക്കുന്നതിനോ നാട്ടിലുടനീളം പടർന്നുപിടിച്ചിരുന്ന അസ്വാസ്ഥതയും അസംതൃപ്തിയും ഇല്ലായ്മചെയ്യുന്നതിനോ സാധിച്ചില്ല. ഫലത്തിൽ, സിങ്ങ്മാൻറീയുടെ ഭരണകാലത്തെ കൊള്ളരുതായ്മകളും കഴിവുകേടുകളും ക്രമക്കേടുകളും ലിബറൽപാർട്ടിയുടെ സ്ഥാനത്തു് ഡെമോക്രാററിക്പാർട്ടി അധികാരത്തിൽ വന്നിട്ടും തുടർന്നുപോന്നു.

## സിങ്മാൻ റീയുടെ ഭരണം.

ജനസമ്മതിയില്ലാതെ അധികാരത്തിൽ പിടിച്ചുതൂങ്ങാൻ ശ്രമിച്ച് പരാജയപ്പെട്ട ഒരു സ്വേച്ഛാധിപതിയുടെ ദുരന്തത്തിൻേറയും ദുർഭാഗ്യത്തിൻേറയും കഥയാണ് സിങ്മാൻറീയ്ക്കെതിരായി 1960 ഏപ്രിൽമാസത്തിൽ തെക്കൻകൊറിയയിൽനടന്ന ലഹളകളും കലാപങ്ങളും അതേത്തുടർന്നുണ്ടായ റീയുടെ പലായനവും.

1960 മാർച്ച് 15-ാംനു- നടന്ന പ്രസിഡണ്ടുതിരഞ്ഞെടുപ്പിൽ വളരെയധികം ക്രമക്കേടുകളുണ്ടായിരുന്നുവെന്ന പ്രതിപക്ഷാരോപണത്തെത്തുടർന്ന് നടത്തിയ പ്രതിഷേധപ്രകടനങ്ങളുടെനേർക്ക് പ്രസിഡണ്ട് സിങ്മാൻറീയുടെ ഭരണത്തിൻെറ നിറത്തോക്കുകൾ തീതുപ്പുകയും തൽഫലമായി നിർദ്ദോഷികളായ നിരവധിപേർ കൊല്ലപ്പെടുകയുംചെയ്തു. തെക്കൻകൊറിയയുടെ തലസ്ഥാനമായ സിയോളിലെ തെരുവുകളിൽ വിദ്യാർത്ഥികളടക്കം നിരവധി നിരവധിപേരുടെ രക്തം തളംകെട്ടിക്കിടന്നു.

തെക്കൻകൊറിയയിലെ ഈ ആഭ്യന്തരലഹളകൾക്കും അതേത്തുടർന്നുണ്ടായ രക്തച്ചൊരിച്ചിലിനും ഒരു ജനായത്തച്ചുവയും പശ്ചാത്തലവുമുണ്ടായിരുന്നു. 85 വയസ്സായിരുന്ന പ്രസിഡണ്ട് റീ എന്തുഹീനമാർഗ്ഗമുപയോഗിച്ചും പ്രസിഡണ്ടുസ്ഥാനത്തു തുടരണമെന്ന് ഉദ്ദേശിച്ചതിൻെറ പരിണതഫലമായിരുന്നു ഇതു്. 1919-ലാണ് സിങ്മാൻറീ ആദ്യമായി പ്രസിഡണ്ടായി അവരോധിക്കപ്പെട്ടതു്. രണ്ടാം ലോകമഹായുദ്ധാനന്തരം കൊറിയ രണ്ടായി വിഭജിക്കപ്പെട്ടപ്പോൾ കമ്മ്യൂണിസ്റ്റുവിരുദ്ധശക്തികളുടെ മൂർത്തിമത്ഭാവംപൂണ്ട റീയെ കമ്മ്യൂണിസ്റ്റ് നിയന്ത്രണത്തിലല്ലാതിരുന്ന തെക്കൻകൊറിയയുടെ പ്രസിഡണ്ടായി തിരഞ്ഞെടുത്തു. ജനായത്തവഴക്കമനുസരിച്ച് നാലുകൊ

ല്പത്തിലൊരിക്കൽ തിരഞ്ഞെടുപ്പു് നടക്കുകയുണ്ടായിട്ടുണ്ടു്. പക്ഷേ, തിരഞ്ഞെടുപ്പുകൾ എത്രത്തോളം ജനായത്ത സമ്പ്രദായങ്ങളെ ആദരിച്ചും മാനിച്ചും ആണു് നടത്തപ്പെട്ടിരുന്നതെന്നാണു് മനസ്സിലാക്കേണ്ടതു്.

1952-ലും 1956-ലും തിരഞ്ഞെടുപ്പുകൾ നടന്നു. സിങ്മാൻറീതന്നെ പ്രസിഡണ്ടായി രണ്ടുതവണയും തിരഞ്ഞെടുക്കപ്പെട്ടു. പക്ഷേ പല ചതികളും കുതന്ത്രങ്ങളും ഉപയോഗിച്ചാണു് സിങ്മാൻറീ ഈ തിരഞ്ഞെടുപ്പുകളിലെല്ലാം വിജയിച്ചതു്. അദ്ദേഹത്തിൻെറ എതിർസ്ഥാനാത്ഥികൾ ആകസ്മികമായി മരണപ്പെടുകയെന്ന സംഭവം തിരഞ്ഞെടുപ്പവസരങ്ങളിൽ ആവത്തിക്കപ്പെടുകയാണുണ്ടായതു്. 1948-ൽ നാഷണൽ അസംബ്ലിയാണു് അദ്ദേഹത്തെ പ്രസിഡണ്ടായി തിരഞ്ഞെടുത്തതു്. ഈ തിരഞ്ഞെടുപ്പുസമ്പ്രദായം തൻെറ നിലനില്പിനു് ഹാനികരമാവുമെന്നു ബോദ്ധ്യപ്പെട്ടതോടെ ജനങ്ങൾ നേരിട്ടു് വോട്ടുചെയ്യുകയെന്ന സമ്പ്രദായം റീ ഏപ്പെടുത്തി.

ലോകത്തെ മൂന്നാംലോകമഹായുദ്ധത്തിൻെറ പന്ഥാവിലേക്കു തിരിച്ചുവിടുമായിരുന്ന കൊറിയൻയുദ്ധകാലത്തു് കമ്മ്യൂണിസ്ററു് ചൈനയുടെ സഹായത്തോടെ ഇരച്ചുകയറിയ ഉത്തരകൊറിയൻസൈന്യത്തെ പാശ്ചാത്യശക്തികളുടെ സഹായത്തോടെ ഫലപ്രദമായി തടഞ്ഞുനിത്തിയ സിങ്മാൻറീയെ ജനങ്ങളിൽ നല്ലൊരുവിഭാഗം ആദരിച്ചും ബഹുമാനിച്ചും പോന്നിരുന്ന കാലമുണ്ടായിരുന്നു.

എന്നാൽ തൻെറ സ്വേച്ഛാധിപത്യത്തിനു് വിഘാതമായിനില്ക്കുന്ന ശക്തികളേയും വഴക്കങ്ങളേയും ഉന്മൂലനാശം ചെയ്യുന്നതിനു് കച്ചകെട്ടിയിറങ്ങിയ റീയെ ജനങ്ങൾ വെറുത്തു. 1952-ലും 1956-ലും നടത്തിയ തിരഞ്ഞെ

ട്ടപ്പുതന്ത്രങ്ങൾ 1960-ലും റീ ആവർത്തിച്ചപ്പോൾ ജനങ്ങൾ ധാർമ്മികരോഷംകൊണ്ടു് ക്ഷുഭിതരായി. 1960 മാർച്ച് 15-ാംതീയതി നടന്ന തിരഞ്ഞെടുപ്പു് അസാധുവാക്കി ജനായത്തമാർഗ്ഗങ്ങളുപയോഗിച്ചു് വീണ്ടും തിരഞ്ഞെടുപ്പു് നടത്തണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് വിദ്യാർത്ഥികളേറിയക്രൂരംവരുന്ന ജനക്കൂട്ടങ്ങൾ പ്രക്ഷോഭണങ്ങളും പ്രകടനങ്ങളും സംഘടിപ്പിച്ചു. സാർവ്വത്രികമായ പട്ടാളനിയമം പ്രഖ്യാപിച്ചും കാരുണ്യമില്ലാതെ തോക്കിൽനിന്നും നിറഒഴിച്ചും ഈ മുന്നേററത്തെ ചെറുക്കാൻ റീ ശ്രമിച്ചു. റീയുടെ ശ്രമങ്ങളൊന്നും ഫലപുഷ്കലമായില്ല. അമേരിക്കൻ ഇടപെടൽക്കൂടി വന്നുഭവിച്ചപ്പോൾ റീക്കു് തീരെ രക്ഷയില്ലെന്നായി. കാരണം, അമേരിക്കയുടെ സൈനികവും സാമ്പത്തികവുമായ സഹായംകൊണ്ടാണു് റീ തൻെറ അധികാരം അരക്കിട്ടു് ഉറപ്പിച്ചിരുന്നതു്. ജനാധിപത്യത്തെ സംരക്ഷിക്കുന്നതിൻെറപേരിലാണു് അമേരിക്ക നിർല്ലോഭമായി കൊറിയയ്ക്കു് സഹായം നൽകിയതു്. എന്നാൽ ഫലത്തിൽ അതു് ജനങ്ങൾക്കു വേണ്ടാത്ത ഒരു സ്വേച്ഛാധിപതിയെ വളർത്തുന്നതിനാണു് ഉപകരിച്ചതു്.

## ആദ്യത്തെ സ്വതന്ത്രമായ തിരഞ്ഞെടുപ്പു്.

പ്രസിഡണ്ടു് സിങ്ങ്മാൻ റീയുടെ പന്ത്രണ്ടുകൊല്ലക്കാലത്തെ ഏകശാസനഭരണത്തിനുശേഷം നടത്തപ്പെട്ട സ്വതന്ത്രമായ തിരഞ്ഞെടുപ്പിൽ ലിബറൽകക്ഷിയെ പരാജയപ്പെടുത്തി ഡെമോക്രാററിക്ക്കക്ഷി അധികാരത്തിൽ വരികയും ഡാ: ജോൺ ചാങ്ങ് പ്രധാനമന്ത്രിയാകുകയും ചെയ്തു. പക്ഷേ ഭരണകക്ഷിയിൽ അധികം താമസിയാതെ പിളർപ്പുണ്ടായി. യാഥാസ്ഥിതികർക്കും ലിബറൽഗ്രൂപ്പുകാർക്കും പുറമേ സ്വതന്ത്രന്മാരുടേതായ

ഒരു "മിഞ്ചംഗ്ക്ലബ്ബ്" ഡെമോക്രാററിക്ക് കക്ഷിയിൽ ഉണ്ടായി.

ഭരണകക്ഷിയിൽത്തന്നെയുണ്ടായ ഈ ശൈഥില്യം രാഷ്ട്രത്തിൻെറ വിവിധമണ്ഡലങ്ങളിൽ പ്രതിഫലിച്ചിരുന്നു. സാമ്പത്തികമായ അധോഗതിക്കു പരിഹാരംകാണാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, ഭരണത്തിലെ അസ്ഥിരതയും അഴിമതിയും നീക്കം ചെയ്യുന്നതിൽ ഡാക്ടർ ചാങ്ങ് പരാജയപ്പെടുകയും ചെയ്തു. ജനങ്ങളുടെ പൗരാവകാശങ്ങളെ തടഞ്ഞുകൊണ്ടുള്ള ബില്ലുകൾ പാസ്സാക്കുന്ന കാര്യത്തിലും ഡാ: ചാങ്ങ് അമാന്തം കാണിച്ചില്ല. സിങ്ങ്മാൻറീയുടെ പലായനത്തിൻെറ ഒന്നാം വാർഷികമായ 1961-ഏപ്രിലിൽ രാജ്യവ്യാപകമായ പ്രകടനങ്ങളുണ്ടാവുമെന്നു കരുതി പ്രകടനങ്ങൾ നിരോധിച്ചുകൊണ്ടുള്ള ബില്ല് ഗവമ്മെൻറ് പാസ്സാക്കി.

തെക്കൻകൊറിയയിലെ സ്ഥിതിഗതികൾ പൊതുവേ ശാന്തമാണെന്ന് ബാഹ്യലോകം കരുതിയിരുന്ന ഒരു പശ്ചാത്തലത്തിലാണ് പൊടുന്നനവേ സൈനികവിപ്ലവം നടന്നത്. ജനറൽ യങ്ങിൻെറ നേതൃത്വത്തിൽ നടന്ന ഈ സൈനികവിപ്ലവത്തിന് യഥാത്ഥത്തിൽ പ്രേരകമായി വത്തിച്ചതെന്തെന്ന് അജ്ഞാതമാണ്. കമ്മ്യൂണിസത്തോടുള്ള ചെറുത്തുനില്പ് കൂടുതൽ ഉഗ്രവും ഫലപ്രദവുമാക്കാനാണ് സൈനികർ ഭരണം ഏറെറടുത്തതെന്ന് സൈനികവിപ്ലവമേധാവികൾ പ്രഖ്യാപിക്കുകയുണ്ടായിട്ടുണ്ട്. ഇതെത്രത്തോളം ശരിയാണെന്ന് അറിഞ്ഞുകൂടാ. കാരണം, കമ്മ്യൂണിസ്റ്റ്പക്ഷപാതിത്വമുള്ള സുശക്തരാഷ്ട്രീയഗ്രൂപ്പുകൾ ഒന്നുംതന്നെ തെക്കൻകൊറിയയിലില്ല. കൂടാതെ കമ്മ്യൂണിസത്തെ നിർവീര്യമാക്കാൻ ഡാ: ചാങ്ങിൻെറ ഗവമ്മെൻറ് ബില്ലുകൾ കൊണ്ടുവരികയും ഉണ്ടായിട്ടുണ്ട്.

അപ്പോൾ സൈനികവിപ്ലവത്തിന് ഉത്തേജനം നൽകിയ ഘടകം കമ്മ്യൂണിസ്റ്റ്‌വിരോധത്തെ ശക്തിപ്പെടുത്തുകയെന്നതായിരിക്കാൻ ഇടയില്ല. തെക്കൻകൊറിയയുടെയും വടക്കൻകൊറിയയുടെയും ഏകീകരണം എന്ന ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്ന ചില ഗ്രൂപ്പുകളുടെ സമ്മർദ്ദത്തിനു ചാങ്ങ്ഗവൺമെൻറ് വഴങ്ങിക്കൊടുത്തേക്കുമോയെന്ന ഭയമായിരുന്നിരിക്കണം ഒരുപക്ഷേ സൈനികവിപ്ലവത്തിനു പ്രചോദനം നല്കിയ മുഖ്യഘടകം. കാരണം, കമ്മ്യൂണിസ്റ്റാധിപത്യത്തിലുള്ള വടക്കൻകൊറിയയിൽ സുസ്ഥിരമായ ഒരു ഗവൺമെൻറാണുള്ളത്. കൊറിയയുടെ ഏകീകരണം സംഭവിക്കുന്നപക്ഷം അതിൻെറ അനിവാര്യഫലം കമ്മ്യൂണിസം തെക്കൻകൊറിയയിലേയ്ക്കും വ്യാപിക്കുകയെന്നതാണ്. കൂടാതെ, തെക്കൻകൊറിയയിലെ ജനങ്ങളുടെ അസ്വസ്ഥതയും അസംതൃപ്തിയും ഭരണകൂടത്തിൻെറ അസ്ഥിരതയും കഴിവുകേടും വടക്കുനിന്നും എന്തുകൊണ്ട് ഒരു കമ്മ്യൂണിസ്റ്റാക്രമണത്തെത്തന്നെ ക്ഷണിച്ചുകൂടാ എന്നും പട്ടാളമേധാവികൾ ഓർത്തിട്ടുണ്ടായിരിക്കണം.

## അമേരിക്കയുടെ നിലപാട്.

സൈനികവിപ്ലവത്തിൻെറ ആദ്യഘട്ടത്തിൽ അമേരിക്ക അതിനെ അനുകൂലിക്കുകയുണ്ടായില്ലെങ്കിലും പിന്നീട് ജനറൽ യാങ്ങിൻെറ പട്ടാളഭരണത്തിന് പിന്തുണനല്കുകയുണ്ടായി. അമേരിക്കയുടെ സഹായമില്ലാതെ തെക്കൻകൊറിയയിൽ ഒരു ഗവൺമെൻറിനും നിലനില്പുണ്ടാകയില്ല. അമേരിക്കയും തെക്കൻകൊറിയയും പരസ്പരം ഒരു രക്ഷാഉടമ്പടിയിൽ ഒപ്പുവെച്ചിട്ടുണ്ട്. അമേരിക്ക തെക്കൻകൊറിയയുടെ വികസനത്തിനും ജനാധിപത്യത്തിൻെറ നിലനില്പിനുമായി വാരിക്കോരി ചെലവഴിച്ചിരുന്ന പണം മുഴുവൻ റീയുടെ ഭരണകാലത്ത് ജനകീയപ്രസ്ഥാനങ്ങളെ അടിച്ചമ

ത്താനാണ് ഉപയോഗിച്ചിരുന്നത്. അമേരിക്കയുടെ താവളങ്ങളെന്ന് പ്രായേണ കരുതപ്പെട്ടുപോന്നിരുന്ന സ്ഥലങ്ങളിലെല്ലാം കമ്മ്യൂണിസ്റ്റ് നുഴഞ്ഞുകയററങ്ങളും സൈനികവിപ്ലവങ്ങളും സാധാരണയായിരിക്കുകയാണ്. ദക്ഷിണവിയററ്നാമും ലാവോസും തായ്‌ലണ്ടും പാകിസ്ഥാനും ഇറാനും തെക്കൻകൊറിയയും ഇതിന് ഉദാഹരണങ്ങളായിത്തീർന്നിരിക്കുകയാണ്.

തെക്കൻകൊറിയയിൽ ഏതുമാതൃകയിലുള്ള ഭരണക്രമം നിലവിലിരിക്കുന്നുവെന്നതിനേക്കാൾ അമേരിക്ക പ്രധാനമായി കരുതുക, കമ്മ്യൂണിസ്റ്റ് നുഴഞ്ഞുകയററത്തെ പ്രതിരോധിക്കുന്നതിന് ആ രാജ്യത്തെ എങ്ങനെ പരിവത്തിപ്പിക്കാമെന്നതായിരിക്കും. സൈനികമേധാവികളുടെ പ്രഖ്യാപനങ്ങൾ പൊതുവെ അമേരിക്കയ്ക്ക് ആശ്വാസകരങ്ങളാണ്. കമ്മ്യൂണിസത്തെ ഫലപ്രദമായി പ്രതിരോധിക്കുമെന്നും രാജ്യത്ത് സുസ്ഥിരതയും ഭദ്രതയും കൈവരുത്തിയശേഷം സിവിലിയൻഭരണം പുനഃസ്ഥാപിക്കുമെന്നും ജനറൽ യാങ്ങ് പ്രഖ്യാപിക്കുകയുണ്ടായി. ജനറൽ യാങ്ങ് ബമ്മയിലെ ജനറൽ നെവിന്റെ കാലടിപ്പാടുകൾ പിന്തുടരുന്നപക്ഷം ഡെമോക്രസി അധികം താമസിയാതെ തെക്കൻകൊറിയയിലേക്കു തിരിച്ചുവരും. പക്ഷേ ബമ്മയിൽ താൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ജോലി പൂർത്തിയാക്കിക്കഴിഞ്ഞ ജനറൽ നെവിന് ഭരണം ഏല്പിച്ചുകൊടുക്കാവുന്ന ഒരു സാഹചര്യം ഉണ്ടായിരുന്നു—ഊനു ബമ്മയുടെ രാഷ്ട്രീയമണ്ഡലത്തിൽ അപ്പോഴും സ്വാധീനം ചെലുത്തിയിരുന്നു. ഊനുവിനെപ്പോലെ ജനസമ്മതിയും പ്രശസ്തിയുമുള്ള ഒരു മനുഷ്യനെ തെക്കൻകൊറിയയിൽ ജനറൽ യാങ്ങിന് കണ്ടെത്താനാവുമോ? അതേപോലെ വളരെ ചുരുങ്ങിയ മാസങ്ങൾകൊണ്ട് ജനറൽ നെവിൻ ബമ്മയുടെ സാമ്പത്തികരംഗത്തും ക്രമസമാധാനനിലയിലും കൈവരുത്തിയ

തോതിലുള്ള മാററങ്ങൾ ജനറൽ യങ്ങിന് തെക്കൻകൊറി യയിൽ കൈവരുത്താനാവുമോ? വിദ്യാർത്ഥികൾ കൊറി യായുടെ രാഷ്ട്രീയജീവിതത്തിൽ ഗണ്യമായൊരു ശക്തിയാ ണെന്നു് ഓക്കേണ്ടതുണ്ട്. ഏകാധിപത്യത്തിനെതിരായി പടപൊരുതുകയെന്ന ഒരു പ്രവണതയാണു് കൊറിയ യിലെ വിദ്യാർത്ഥികൾ ചക്രവർത്തിമാരുടെ ഭരണകാലം മുതൽ കാണിച്ചുപോന്നിട്ടുള്ളതു്. ഈ പ്രവണത സ്വേച്ഛാ ധിപത്യത്തിനെതിരായിട്ടുമാത്രമേ ഉള്ളുവെങ്കിൽ അസാ ധാരണങ്ങളല്ലാത്ത വിദ്യാർത്ഥിപ്രക്ഷോഭണങ്ങളെ ജനറൽ യങ്ങിന്റെ ഭരണത്തിന് ഭയപ്പെടേണ്ടതുണ്ടാവില്ല.

---

# മനുഷ്യപുത്രൻെറ പിറവി.

> അൾജീറിയയെ ഒരു കോളനിയായി അംഗീകരിക്കാൻ ഫ്രാൻസിലെ വലതുപക്ഷതീവ്രവാദികളും ഫ്രഞ്ചു് കുടിയേറിപ്പാൎപ്പുകാരും വെള്ളപ്പട്ടാളക്കാരും തയ്യാറില്ലെന്ന പിടിവാശിയും പൂൎണ്ണസ്വാതന്ത്ര്യംകൊണ്ടല്ലാതെ തങ്ങൾ തൃപ്തിപ്പെടുകയില്ലെന്ന അൾജീരിയൻദേശീയവാദികളുടെ നീതിപൂൎവ്വമായ ആവശ്യവും തമ്മിലുള്ള സംഘട്ടനത്തിൽ അൾജീറിയൻപ്രശ്നത്തിൻെറ കാതൽ നമുക്കു ദൎശിക്കാം. ഡീഗാളെയ്ക്കെതിരായുള്ള സൈനികവിപ്ലവം പരാജയപ്പെട്ടു; പക്ഷേ ഫ്രാൻസിൻെറ അസ്തിത്വം അൾജീരിയയുടെ സ്വയംനിൎണ്ണയാവകാശപ്രശ്നത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന തത്വം എപ്പോഴും ഓൎക്കേണ്ടതുണ്ടു്.

നാലാം റിപ്പബ്ളിക്കിൻെറ (ഫ്രാൻസ്) പതനം കുറിച്ചതു് അൾജീരിയൻപ്രശ്നമായിരുന്നു. സങ്കീൎണ്ണവും ദുഷ്കരവുമായ ആ പ്രശ്നമാണു് ജനറൽ ഡീഗാളിനെ അധികാരത്തിലേയ്ക്കു് കൊണ്ടുവന്നതു്. ഡീഗാളെറിപ്പബ്ളിക്കിൻെറ അസ്തിത്വത്തെ ഭീഷണിപ്പെടുത്തിയ പ്രശ്നവും ഇതായിരുന്നു. പ്രസിഡൻറു് ഡീഗാളിൻെറ അൾജീറിയൻ നയത്തെ എതിൎക്കുന്ന വലതുപക്ഷതീവ്രവാദികൾ 1961 ഏപ്രിലിൽ നടത്തിയ സൈനികവിപ്ലവം അഞ്ചാംറിപ്പബ്ളിക്കിൻെറ വീഴ്ച ത്വരിതപ്പെടുത്തുമെന്നു് ശങ്കിക്കുവാൻ ന്യായമുണ്ടായിരുന്നു. കലാപകാരികളായ ജനറൽമാർ അൾ

ജീഴ്സ്, ഒറാൻ, കോൺസ്റ്റൻറയിൻ, മോസ്റ്റഗാനെം എന്നീ പട്ടണങ്ങൾ രക്തരഹിതമായ ഒരു സൈനികവിപ്ലവത്തെ തുടന്ന് പിടിച്ചെടുത്തു; അൾജീരിയായിലെ ലക്ഷ്യങ്ങൾ സാധിതപ്രായമായികഴിഞ്ഞാൽ ആകാശമാർഗ്ഗേണ പാരീസ് പിടിച്ചെടുക്കുകയെന്നതായിരുന്നു കലാപകാരികളുടെ അന്തിമലക്ഷ്യം. എന്നാൽ കലാപകാരികളുടെ ഉദ്ദേശങ്ങളൊന്നും നിറവേറിയില്ല. സായുധസേനയിലെ ഡിഗാളെയോട് കൂറുള്ള വിഭാഗം കലാപകാരികളെ തുരത്തി അൾജീരിയയെ ഫ്രാൻസിൻെറ നിയന്ത്രണത്തിൽ തികച്ചും കൊണ്ടുവരുന്നതിന് ഡീഗാളിന് കഴിഞ്ഞു.

ഈ സംഭവവികാസം ഡീഗാളിൻെറ വ്യക്തിപരമായ അന്തസ്സിൻേറയും പ്രശസ്തിയുടേയും ഒരുത്തമനിദർശനമാണ്. ഭരണഘടനയുടെ 16–ാംവകുപ്പുംപ്രകാരം പ്രസിഡൻറ് ഡീഗാൾ പ്രത്യേകാധികാരങ്ങൾ ഏറെറടുത്തുകൊണ്ട് ചെയ്ത പ്രസംഗം അതുദ്ദേശിച്ച ഫലത്തെ ഉളവാക്കുകയുണ്ടായി. "കലാപകാരികളുടെ മാർഗ്ഗം തടയുന്നതിനുവേണ്ടി സമസ്തകഴിവുകളും വിനിയോഗിക്കണമെന്ന് ഫ്രാൻസിൻെറ നാമധേയത്തിൽ ഞാൻ കല്പിക്കുന്നു. അവരുടെ കല്പനകളെ ഏതെങ്കിലും ഫ്രഞ്ചുകാരോ ഫ്രഞ്ചുപട്ടാളക്കാരോ അനുസരിക്കുന്നതിനെ ഞാൻ വിലക്കുന്നു. രാഷ്ട്രം എനിക്ക് തന്നിട്ടുള്ള അധികാരങ്ങൾ ഞാൻ പ്രസിഡൻറായിരിക്കുന്നിടത്തോളംകാലം അല്ലെങ്കിൽ എൻെറ കഴിവ് അവശേഷിക്കുന്നതുവരെ ഞാൻ തുടരും." ഫ്രഞ്ചു ജനതയോടായി ചെയ്ത ഈ പ്രസംഗം കൂറുള്ള പട്ടാളക്കാരെയും ജനതതിയെയും ഡീഗാളിനുപിറകേ അണിനിരത്തുന്നതിന് ഉപകരിച്ചു. വളരെവിദഗ്ധമായാണ് കലാപകാരികളായ സൈനികർ വിപ്ലവം ആസൂത്രണം ചെയ്തതെങ്കിലും പ്രതീക്ഷിക്കപ്പെട്ട പിന്തുണയും സഹായവും അവർക്ക് ലഭിക്കുകയുണ്ടായില്ല.

1940–നുശേഷം വേറൊരിക്കലും ഫ്രാൻസിനു് ഇത്രത്തോളം ഇരുണ്ടതായ ദിനങ്ങളെ തരണംചെയ്യേണ്ടിവന്നിട്ടില്ല. അതേപോലെ മദ്ധ്യധരണ്യാഴിയുടെ മറുവശത്തുനിന്നും കലാപകാരികളായ ജനറൽമാർ ഉയർത്തിപ്പിടിച്ച ഈ വെല്ലുവിളിയുടെ തീവ്രതയോ രൂക്ഷതയോ ഉള്ള ഒന്നു് ഡീഗാൾ അദ്ദേഹത്തിൻെറ ശബ്ദായമാനവും ദുർഘടപൂർണ്ണവുമായ ജീവിതത്തിൽ നേരിട്ടിരിക്കാനും ഇടയില്ല.

കലാപകാരികളായ ജനറൽമാരുടെ ഈ സൈനികവിപ്ലവം അതിനുമുമ്പു് ലെഗെല്ലാർഡും കൂട്ടരും നയിച്ച വിപ്ലവത്തിൽനിന്നും വ്യത്യസ്തമായിരുന്നു. ഫ്രഞ്ച് സായുധസേനയുടെ സഹായത്തോടെ ലെഗെല്ലാർഡിൻെറ മുന്നേററത്തെ അടിച്ചമർത്തുവാൻ അന്നു് ഡീഗാളേയ്ക്കു് നിഷ്പ്രയാസം കഴിഞ്ഞു. എന്നാൽ അന്നു് ഡീഗാളിൻെറ സഹായത്തിനെത്തിയ സായുധസേനയാണു് ഈ സൈനികവിപ്ലവത്തിൽ ഡീഗാളിനെതിരായി തിരിഞ്ഞതു്. എന്നാൽ ഡീഗാളേയോടു് കൂറുള്ള നല്ലൊരുവിഭാഗം പട്ടാളക്കാർ ഉണ്ടായിരുന്നുവെന്നതും തൊഴിലാളിവർഗ്ഗവും ജനങ്ങളും ഡീഗാളിനു് പിന്തുണ നൽകിയെന്നതും ആണു് വാസ്തവത്തിൽ അഞ്ചാംറിപ്പബ്ളിക്കിനെ ഒരു വീഴ്ചയിൽനിന്നും രക്ഷിച്ചതു്. പൊതുജനാഭിപ്രായത്തെ സായുധസേനയ്ക്കു് എളുപ്പത്തിൽ നിരാകരിക്കുക സാദ്ധ്യമല്ല.

ഡീഗാളിൻെറ വിജയം സമ്പൂർണ്ണമായി കഴിഞ്ഞിരിക്കുന്നുവെന്നു പറയാമോ? ഒരിക്കലും തള്ളിക്കളയാവുന്ന ഒരു ശക്തിയല്ല വലതുപക്ഷതീവ്രവാദികൾ. ഫ്രാൻസിലും വലതുപക്ഷതീവ്രവാദികളുടെ ഒരു വ്യൂഹമുണ്ടു്: അൾജീരിയായുടെ സ്വയംനിർണ്ണയാവകാശത്തിൻെറ അനിവാര്യതയിൽ ഡീഗാൾ വിശ്വസിക്കുന്നുവെന്നുവരികിൽ ഈ ശക്തികളുടെ മുന്നേററത്തെ തടയുകയും ഈ പ്രവണതയെ

അങ്ങേയററത്തോളം നിരുത്സാഹപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

അഞ്ചാംറിപ്പബ്ളിക്കിൻെറ വാഴ്ചയ്ക്കു കാരണമായേക്കുമെന്നു് ന്യായമായും ശങ്കിച്ച കലാപകാരികളുടെ സൈനികവിപ്ലവശ്രമംകൊണ്ടതിനു് ഡീഗാാൾ പരോക്ഷമായെങ്കിലും ഉത്തരവാദിത്വംവഹിക്കുന്നുണ്ടു്. അമിതമായ സ്വഭാപ്തിവിശ്വാസം അദ്ദേഹത്തിൻെറ ശത്രുക്കളുടെ ശക്തിയെ തിട്ടപ്പെടുത്തുന്നതിനു് എപ്പോഴും വിഘാതമായിനിന്നു. കലാപകാരികളായജനറൽമാർ അവരുടെ ഉദ്ദേശങ്ങളെ ഒരിക്കലുംമറച്ചുവെച്ചിരുന്നില്ല എന്നു് ഓക്കേണ്ടതുണ്ടു്; യൂറോപ്യൻമേധാവിത്വത്തിലുള്ള ഒരു അൾജീരിയയുടെ നിലനില്പുകൊണ്ടേ തങ്ങൾ തൃപ്തിപ്പെടുകയുള്ളുവെന്ന പിടിവാശിയുണ്ടായിക്കഴിഞ്ഞു് ആ ഉദ്ദേശസാഫല്യത്തിനായി അവർ യത്നിച്ചിരുന്നപ്പോഴൊക്കെയും ഡീഗാാൾ അവരുടെ ചെയ്തികളെ ഗൌനിക്കുന്നതിൽ ഉത്സാഹംപ്രദശിപ്പിച്ചില്ല. മാർഫൽജൂൻ, ജനറൽ വെയ്ഗാഡ്, ജനറൽ മാസ് എന്നിവർ മാച്ചുമാസം നടന്ന വിചാരണയിൽ ഡീഗാളിൻെറ അൾജീരിയൻനയം ഫ്രാൻസിനു് വിനാശകരമായ ഫലങ്ങൾ മാത്രമേ സംഭാവന ചെയ്യുകയുള്ളുവെന്നു് പ്രസ്താവിച്ചതു് ഇത്തരുണത്തിൽ ശ്രദ്ധേയമാണു്. ഫ്രാൻസിൽ ഒരു പട്ടാള ഏകാധിപത്യം സ്ഥാപിച്ചേക്കുമായിരുന്ന അൾജീരിയയിലെ കലാപകാരികളുടെ സൈനികവിപ്ലവത്തിൻെറ സന്തതികൾ ഇനിയും ഗർഭസ്ഥമാകാതിരിക്കണമെങ്കിൽ സാമൂഹ്യവിരുദ്ധരായ സലാൻപ്രഭൃതികളെ രംഗത്തുനിന്നു് പാടേ വിപാടനം ചെയ്യുകയും അൾജീരിയയ്ക്കു് സ്വയംനിണ്ണയാവകാശം നൽകുന്നതിനുള്ള സംരംഭങ്ങൾ ത്വരിതപ്പെടുത്തുകയും വേണം.

അൾജീറിയ മററു കോളണികളിൽനിന്നു് വ്യത്യസ്ഥമാണെന്നതാണു് അൾജീറിയൻപ്രശ്നത്തെ ഏററവുംകൂടു

തൽ സങ്കീണ്ണമാക്കുന്നത്. സാമ്രാജ്യത്വരാഷ്ട്രം കോളണിക്കു് സ്വാതന്ത്ര്യമനുവദിച്ചുകൊടുക്കാൻ തയ്യാറാണെങ്കിൽ സാധാരണഗതിയിൽ പിന്നീട് കുഴപ്പമൊന്നുമുണ്ടാകാറില്ല. എന്നാൽ അൾജീറിയയെസംബന്ധിച്ചിടത്തോളം മൂന്നാമതൊരു ശക്തിയെക്കൂടി കണക്കിലെടുക്കേണ്ടിയിരിക്കുന്നു— അൾജീറിയയിൽ കുടിയേറിപ്പാർത്തിട്ടുള്ള വെള്ളക്കാർ.

അൽജീറിയായെ ഒരു കോളനിയായി അംഗീകരിക്കാൻ ഫ്രഞ്ചു് കുടിയേറിപ്പാപ്പുകാരും വെള്ളപ്പട്ടാളക്കാരും തയ്യാറില്ലെന്നതും പരിപൂണ്ണമായ സ്വാതന്ത്ര്യംകൊണ്ടല്ലാതെ തങ്ങൾ തൃപ്തിപ്പെടുകയില്ലെന്ന ദേശീയവാദികളുടെ നീതിപൂവ്വമായ ആവശ്യവും തമ്മിലുള്ള സംഘട്ടനത്തിൽ അൾജീറിയൻപ്രശ്നത്തിൻെറ കാതൽ നമുക്കു് ദശിക്കാം. ഫ്രാൻസിൻെറ നിരവധികോളനികൾ ഇതിനിടെ സ്വാതന്ത്ര്യത്തിൻെറവായു ശ്വസിച്ചുവെങ്കിലും ഫ്രാൻസിൻെറ സാമ്പത്തികമേന്മയ്ക്കു് നിദാനമായി വത്തിക്കുന്ന അൾജീറിയയെ ഒരു കോളനിയുടെ പദവിയിലേയ്ക്കു് "ഉയത്തുകയോ താഴ്ത്തുകയോ" ചെയ്യുന്നതിനു് ഫ്രാൻസ് സന്നദ്ധമായിരുന്നില്ല. ദേശീയത്വമാണു് ഒരു രാഷ്ട്രത്തിൻെറ തനതായ വ്യക്തിത്വത്തിൻെറ സ്ഥായീഭാവമെങ്കിൽ അൾജീറിയ ഫ്രാൻസിൻെറ ഒരു കോളണിയല്ല; അൾജീറിയൻ ദേശീയത്വം അൾജീറിയയുടേതുമാത്രമാണു്. ഫ്രഞ്ചു്ദേശീയത്വത്തിനു് ഏതെങ്കിലുംതരത്തിൽ പൊരുത്തപ്പെട്ടുപോകാവുന്ന ഘടകങ്ങൾ അൾജീറിയൻദേശീയത്വത്തിലില്ല

രാഷ്ട്രീയാനിശ്ചിതാവസ്ഥ യുദ്ധാനന്തരഫ്രാൻസിൻെറ തീരാശാപങ്ങളിലൊന്നായിരിക്കുകയാണു്. ഫ്രാൻസിൻെറ ദുരന്തം ശാശ്വതസ്വഭാവിയായ ഒന്നാണെന്നുതോന്നുന്നു. യുദ്ധത്തിൻെറ കെടുതികളിൽനിന്നും വിമുക്തമാവാൻ തുടങ്ങിയ ഫ്രാൻസിനു് ആഭ്യന്തരമായ പല പ്രതിസന്ധി

കളെയും പല ഘട്ടങ്ങളിലായി അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. ഏററവും ഒടുക്കത്തേതും ഭീകരവും ആയ പ്രതിസന്ധിഘട്ടമായിരുന്നു കലാപകാരികളുടെ സൈനികവിപ്ലവം. ഇതു് എഫ്. എൽ. എൽ-ന്റെ അവകാശവാദങ്ങളെ ഒരു തരത്തിലും നിരുത്സാഹപ്പെടുത്തുവാൻ സഹായിക്കരുതു്. അൾജീറിയയുടെ സ്വയംനിർണ്ണയാവകാശം എന്തിനെപ്പോലെയും അനിവാര്യമായ ഒന്നാണു്.

---

# കോംഗോയുടെ ദുരന്തം

## ഒരു റിപ്പബ്ളിക് പിറവിയെടുക്കുന്നു

**കോംഗോയുടെ ഏകീകരണത്തിന് വിഘാത മായിനില്ക്കുന്ന ഒരേ ഒരു ശക്തി ഷോംബെയാ ണ്. ഷോംബെയ്ക്ക് അതേസമയം തനതായി ഒരു ശക്തിയുമില്ല. ഷോംബെയുടെ പുറകിലെ ശക്തികളാരാണെന്നും ഏറെക്കുറെ അറിയാവു ന്നതേയുള്ളു. നീതി നടക്കേണ്ടിടത്ത് ദാക്ഷി ണ്യത്തിന് സ്ഥാനമില്ല. യുതാണ്ടിന്റെ കര ങ്ങളെ ശക്തിപ്പെടുത്താനും ഷോംബെയുടെ കൂലിപ്പട്ടാളത്തെ തുരത്താനും ആരൊക്കെ ആത്മാർത്ഥമായി—ആത്മാർത്ഥമായെന്ന വാക്കി ന് വലിയ അർത്ഥമുണ്ട്—മുന്നോട്ട് വരുമെന്ന തിനെ ആശ്രയിച്ചായിരിക്കും കോംഗോയുടെ ഐക്യം സാധിതമാകുന്നത്.**

എത്യോപ്യയുടെ നിഴൽ കോംഗോയുടെരൂപത്തിൽ ഐക്യരാഷ്ട്രസഭയുടെ അസ്തിത്വത്തിന്മേൽ നിപതിക്കാൻ തുടങ്ങിയിരിക്കുകയാണോയെന്ന് സംശയിക്കേണ്ട സംഭവ വികാസങ്ങൾ കോംഗോയ്ക്കകത്തും പുറത്തും ഉണ്ടായിക്കൊ ണ്ടിരിക്കുകയാണ്. (ഇരുപത്താറ് വർഷങ്ങൾക്കുമുമ്പ് മറെറാരു ആഫ്രിക്കൻരാജ്യമായ എത്യോപ്യയും ഇററലിയും തമ്മിൽ നടന്ന യുദ്ധമാണ് ലീഗ് ഓഫ് നേഷൻസിന്റെ തിരോധാനത്തിന് കാരണഭൂതമായത്.) 1960 ജൂൺ

30-ാംതീയതി അർദ്ധരാത്രി കോംഗോ സ്വാതന്ത്ര്യയായതുമുതലുണ്ടായ സംഭവവികാസങ്ങൾ ഈ വസ്തുതയെ ദൃഢീകരിക്കാൻപോന്നവയാണ്. അപക്വമായ രാഷ്ട്രീയപ്രബുദ്ധതയും പൊട്ടന്നനവെ കൈവന്ന സ്വാതന്ത്ര്യവും ശൈശവദശയിലിരിക്കുന്ന ഒരു രാഷ്ട്രത്തിന്റെ നിലനിൽപ്പിന് എങ്ങിനെ ഹാനികരമാവുന്നുവെന്നും ഛിദ്രവാസനകളും വൈദേശികതാല്പര്യങ്ങളും ലോകസംഘടനയുടെ പ്രവർത്തനങ്ങളെ എങ്ങനെ താറുമാറാക്കുമെന്നും കോംഗോയിലെ ഇതഃപര്യന്തമുള്ള സംഭവഗതികൾ തെളിയിക്കുന്നുണ്ട്.

ആഫ്രിക്കൻഭൂഖണ്ഡത്തിൽ മഹത്തായ വമ്പിച്ച പരിവർത്തനങ്ങളും പരീക്ഷണങ്ങളും സംഭവിച്ചുകൊണ്ടിരുന്ന ഒരു സുമുഹൂർത്തത്തിലാണ് ബൽജിയൻ കോംഗോ (റിപ്പബ്ളിക് ഓഫ് കോംഗോ) സാമ്രാജ്യത്വത്തിനെതിരായുള്ള അതിന്റെ പോരാട്ടത്തിൽ വിജയം കൈവരിച്ച് സ്വാതന്ത്ര്യം പ്രാപിച്ചത്. ആഫ്രിക്കയിലെ ദേശീയപ്രസ്ഥാനങ്ങളിൽ അവസാനമായി ഉദയംകൊണ്ട ദേശീയപ്രസ്ഥാനം കോംഗോക്കാരുടേതായിരുന്നു. കോംഗോയുടെ സ്വാതന്ത്ര്യപ്രാപ്തിയെ വസ്തുനിഷ്ഠമായി പരിശോധിക്കുന്ന പക്ഷം ഒരു കാര്യം വളരെ വ്യക്തമാകുന്നതാണ്. കോംഗോയുടെ വിമോചനത്തിനായി ആദ്യം സമ്മർദ്ദം ചെലുത്തിയ ശക്തി കോംഗോയിലെ ദേശീയപ്രക്ഷോഭണമായിരുന്നില്ല. പ്രത്യുത ബൽജിയത്തിലെതന്നെ കൊളോണിയൽവിരുദ്ധഗ്രൂപ്പുകളായിരുന്നു. 1958-വരെയും കോംഗോയിൽ ദേശീയപാർട്ടികൾ തന്നെ രൂപംകൊണ്ടിരുന്നില്ല.

പത്തൊമ്പതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ദുർഗ്ഗമങ്ങളായ വനാന്തരങ്ങളും കറുത്തിരുണ്ട മനുഷ്യരും ഉള്ള ആഫ്രിക്കയെ പാശ്ചാത്യകൊളോണിയൽരാജ്യങ്ങൾ പങ്കുവച്ചപ്പോൾ ബൽജിയത്തിന് ലോകത്തിലെ ഏററവും

സമ്പന്നമായ വിഭാഗങ്ങളിലൊന്ന് ഓഹരിയായി ലഭിച്ചു— 1880-ൽ കോംഗോ ബൽജിയത്തിൻെറ ഒരു കോളണിയായി—1880-മുതൽ 1960 ജൂൺ 30-ാംതീയതി അർദ്ധരാത്രിക്ക് കോംഗോവിന്ന് സ്വാതന്ത്ര്യംനൽകുന്നതുവരെയും ബൽജിയം കോംഗോയെ കൊളോണിയലിസത്തിൻെറ ഒരുത്തമമാതൃകയാക്കി പരിവർത്തിപ്പിക്കുകയായിരുന്നു. സാമ്പത്തികമായി കോളണികളെ ചൂഷണംചെയ്യുന്നതിൽ പാശ്ചാത്യരാജ്യങ്ങളെല്ലാം സാധർമ്മ്യം പാലിച്ചു; പക്ഷേ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും അവർ വീതിച്ചെടുത്തു് ഭരണം നടത്തിയിരുന്ന കോളണികളിൽ പാശ്ചാത്യസംസ്കാരത്തിൻേറയും പരിഷ്കാരത്തിൻേറയും നേട്ടങ്ങൾ പ്രദാനംചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടിരുന്നപ്പോൾ ബൽജിയം അതിൻെറ കോളണിയെ നൂററാണ്ടുകളുടെ വളർച്ചയുടേയും വികാസത്തിൻേറയും വെളിച്ചം കാണാനനുവദിക്കാതെ അന്ധകാരത്തിലേയ്ക്കും അജ്ഞതയിലേയ്ക്കും തള്ളിവിടുന്നതിൽ വ്യാപൃതമായിരുന്നു.

തൽഫലമായി വിദ്യാസമ്പന്നരോ ആധുനികജീവിതരീതികളുമായി ഇണങ്ങിച്ചേർന്നവരോ ആയ ഒരു ജനതതി അവിടെ വളർന്നുവന്നില്ല. ദേശീയപ്രസ്ഥാനത്തിന്ന് തന്മൂലം പക്വതവും പ്രബുദ്ധതയും ആർജ്ജിക്കാനും കഴിഞ്ഞില്ല. ബൽജിയംകാരുടെ നിരുത്തരവാദപരമായ പെരുമാററമാണ്, ഇത്തരമൊരു സ്ഥിതിവിശേഷത്തിന്ന് പ്രേരകമായി വർത്തിച്ചതു്. ജനങ്ങളെ വിദ്യാസമ്പന്നരും പ്രബുദ്ധരും ആക്കുന്നതിൽ ബൽജിയംകാർ ഒരുവിധതാല്പര്യവും അഭിനിവേശവും പ്രദർശിപ്പിച്ചില്ലെന്നു മാത്രമല്ല, അതിനുള്ള സംരംഭങ്ങളെ നിരുത്സാഹപ്പെടുത്തുകകൂടിച്ചെയ്തു.

ആഫ്രിക്കയിലെ മററു നാടുകളിൽ ദേശീയതയുടെയും സ്വാതന്ത്ര്യത്തിൻെറയും അലകൾ ആഞ്ഞടിച്ചതിൻെറ

പ്രതിധ്വനി കോംഗോയിലെ വനാന്തരങ്ങളിൽ മുഴങ്ങിക്കേൾക്കാൻ തുടങ്ങി. ജനങ്ങൾ പൊടുന്നനവെ ഒരൊററ രാത്രികൊണ്ട് പ്രബുദ്ധരായപോലെ കാണായി. മൂപ്പെത്താത്ത ഈ പ്രബുദ്ധതയാണ് കോംഗോയിലെ സമസ്തകുഴപ്പങ്ങളുടേയും മൂലകന്ദമായി ആദ്യഘട്ടങ്ങളിൽ വർത്തിച്ചിരുന്നത്. ഇരുന്നൂറിലധികം ഗോത്രങ്ങളുള്ള കോംഗോയിൽ കുഴപ്പങ്ങളും ലഹളകളും നിത്യസംഭവങ്ങളായിമാറി. ഗോത്രത്തലവന്മാരുടെ നേതൃത്വത്തിലാണ് ലഹളകളും കുഴപ്പങ്ങളും സംഘടിപ്പിക്കപ്പെട്ടിരുന്നത്.

(കോംഗോയിലെ ഗോത്രങ്ങളുടെ ആധിക്യവും അവ രാഷ്ട്രീയവ്യവഹാരങ്ങളിൽ ചെലുത്തുന്ന സ്വാധീനത്തേയും പററി മനസ്സിലാക്കുന്നതിന് കസാവുബു പ്രധാനമന്ത്രിയായി അധികാരത്തിലേററിയ ജോസഫ് ഇലിയോവിന്റെ വാക്കുകൾ ഉപകരിക്കുന്നതാണ്. കോംഗോയിൽ ഐക്യം സ്ഥാപിക്കുന്നതിനായി ഇലിയോ നൽകിയ ആഹ്വാനം അവിടത്തെ ജനങ്ങളോടായിരുന്നില്ല, ഗോത്രങ്ങളോടായിരുന്നു. ഒരോ ഗോത്രവും ഗോത്രത്തലവനും കോംഗോയെ മുഴവൻ തങ്ങളുടെ അഭീഷ്ടാനുസരണം വാർത്തെടുക്കണമെന്ന് വ്യാമോഹിക്കുന്നു. കോംഗോയിലെ ഗോത്രങ്ങളുടെ പെരുപ്പം മനസ്സിലാക്കുന്നതിന് ഇലിയോവിന്റെ അഭ്യർത്ഥനയിലെ ഒരു ഭാഗത്തെത്തന്നെ നമുക്ക് ആശ്രയിക്കുക:

"ഇൗകച്ചററിലെ ബങ്കള, എൻഗച്ചാകച്ച, ബ്വസ, മോംഗോ, എൻകണ്ടോഗോത്രങ്ങളേ, സമതലത്തിലെ ബംഗോക്കോഗോത്രമേ, തടാകപരിസരത്തിലെ മയിന്ദോമ്പെ, ബസകടഗോത്രങ്ങളേ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ദക്ഷിണകാസായിലെ അതേതല, ബസോംഗേ, ലുലുവഗോത്രങ്ങളേ, കതംഗയിലെ ബലുബഗോത്രമേ, ബാലേംബുലാങ്ങ്ഗോത്രമേ ഞാൻ നിങ്ങളോട് അഭ്യ

ത്ഥിക്കുന്നു. കിവുപ്രദേശത്തെ ഷോക്‌വേ, ബാഷി, വരേഗാ. വബേംബ, ബഹുതോ, ബാൻയങ്കഗോത്രങ്ങളേ, മനിമയിലെ വാരുമ്പ, ബാംഗോബാംഗോത്രങ്ങളേ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. സ്റ്റാനിലെ ഫോകാലടോപകേ, ലിബിനിഗോത്രങ്ങളേ, യുലേലയിലെ അസന്ദേഗോത്രമേ, ഇട്ടുരിയിലെ ബഹുകഗോത്രമേ ഞാൻ നിങ്ങളോടായഭ്യർത്ഥിക്കുന്നു" ഇലിയോവിൻെറ ഈ ഗോത്രംവിളികൾ അവയുടെ ആധിക്യത്തെയും സ്വാധീനശക്തിയെയും വിളിച്ചറിയിക്കുന്നുണ്ട്.)

ഇംഗ്ലണ്ടും ഫ്രാൻസും തോക്കുകളും പീരങ്കികളും ചൂണ്ടി സ്വാതന്ത്ര്യസമരങ്ങളെ അടിച്ചമർത്താൻ അവയുടെ കോളണികളിൽ കച്ചകെട്ടിയപ്പോൾ ബൽജിയം തികച്ചും വ്യത്യസ്തമായൊരു മാർഗ്ഗമാണ് അവലംബിച്ചത് കോംഗോയിലെ കുഴപ്പങ്ങൾ മൂർദ്ധന്യാവസ്ഥ പ്രാപിക്കാൻ തുടങ്ങിയപ്പോൾ പെട്ടെന്ന് ഒഴിഞ്ഞുപോകുവാൻ ബൽജിയം തീരുമാനിച്ചു. കോംഗോജനത എത്രത്തോളം പെട്ടെന്ന് രാഷ്ട്രീയമായി പ്രബുദ്ധരായോ അതിലുംപെട്ടെന്ന് കോംഗോ കോളണിവാഴ്ചയിൽനിന്നും വിമുക്തമായി—1960 ജൂൺ 30-ാംനു- അർദ്ധരാത്രിക്ക് കോംഗോ സ്വതന്ത്രയായി.

## ആഭ്യന്തരയുദ്ധത്തിൻെറ ആരംഭം

ഭരണം ഏറ്റെടുക്കുന്നതിന് കോംഗോജനത വളച്ച് പ്രാപിച്ചിട്ടില്ലാത്ത അത്തരമൊരവസ്ഥയിലാണ് ബൽജിയംകാർ കോംഗോ വിട്ടൊഴിഞ്ഞത്. ഏറെക്കുറെ ശൂന്യമായ ഒരു ഖജനാവിൻേറയും, പ്രത്യേക ഗോത്രവർഗ്ഗക്കാരും കക്ഷികളും തമ്മിൽത്തമ്മിലുള്ള സ്പർദ്ധയുടേയും കാലുഷ്യത്തിൻേറയും ഭരണഭാരമാണ് കസാവുബു പ്രസിഡൻറായും, ലുമുംബ പ്രധാനമന്ത്രിയായും രൂപീകരിക്കപ്പെട്ട പുതിയ ഗവമ്മെ

ന്റിന് ഏറെറടുക്കേണ്ടിവന്നതു്. സ്വാതന്ത്ര്യം നൽകിക്കഴിഞ്ഞിട്ടും കോംഗോയുടെ കാര്യങ്ങളിൽ ഇടപെടാനുള്ള ആഗ്രഹം ബൽജിയംകാർ പുലർത്തിപ്പോരുകയാണുണ്ടായതു്. ഛിദ്രവാസനകളെ ഊതിക്കത്തിക്കുന്നതിലാണ് ബൽജിയംകാർ അവരുടെ സത്വരശ്രദ്ധ പതിപ്പിച്ചതു്.

കോംഗോ സ്വാതന്ത്ര്യം പ്രാപിച്ച് ഒരാഴ്ച കഴിഞ്ഞു് ജൂലൈ 7-ാംതീയതി കോംഗോളീസ് പട്ടാളക്കാർ ബൽജിയം ആഫീസർമാർക്കെതിരായി ബഹളം കൂട്ടുകയും യൂറോപ്യൻവംശജരെ ആക്രമിക്കുകയും ചെയ്തു. സ്ഥിതിഗതികൾ വഷളാകാൻ തുടങ്ങിയിരുന്നു. പണിമുടക്ക് കോംഗോയുടെ രാഷ്ട്രീയജീവിതത്തിൽ പൊടുന്നനവേ ഉദയം ചെയ്തു. അതോടൊപ്പം ബാലികോങ്കോവിന്റെ നേതൃത്വത്തിൽ ഗവണ്മെന്റിനെതിരെ ലഹളകളാരംഭിച്ചു. തെരഞ്ഞെടുപ്പുകാലത്തെ കെട്ടടങ്ങാത്ത മാൽസര്യവും വേണ്ടിടത്തോളം ഭക്ഷണമില്ലായ്മയും ട്രാൻസ്പോർട്ടുതൊഴിലാളികളുടെ പണിമുടക്കും കുഴപ്പങ്ങളുടെ തീവ്രതയും ഗൗരവവും വർദ്ധിപ്പിച്ചു. ഇത്തരമൊരു പശ്ചാത്തലത്തിലാണ് പട്ടാളക്കാർ ലഹളയാരംഭിച്ചതു്. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷവും ബൽജിയംകാരായ പട്ടാളമേധാവികളുടെ കീഴിൽ ജോലിചെയ്യുവാൻ സാദ്ധ്യമല്ലെന്നു പട്ടാളക്കാർ ശഠിച്ചു. ഇതേത്തുടർന്ന് ബൽജിയംകാരനായ സർവ്വസൈന്യാധിപനെ ലുമുംബ പിരിച്ചുവിട്ടുവെങ്കിലും കുഴപ്പങ്ങൾ തീക്ഷ്ണതരമാകുകയേ ചെയ്തുള്ളു. തങ്ങളുടെ യജമാനന്മാരായിരുന്ന ഒരു വർഗ്ഗത്തെക്കൊണ്ടു് അനുസരിപ്പിക്കാനുള്ള ഒരു വ്യഗ്രത കോങ്കോപ്പട്ടാളക്കാരുടെ മനസ്സിൽ വേരൂന്നി. കൊലയും ബലാൽസംഗവും ദൈനംദിനസംഭവങ്ങളായി മാറി.

1960 ജൂൺ 30-ാംനു-ക്ക് മുമ്പത്തെ കലാപങ്ങൾക്കും അതിനുശേഷമുണ്ടായ കലാപങ്ങൾക്കും തമ്മിൽ അടിസ്ഥാ

നപരമായ ഒരു വ്യത്യാസമുണ്ട്. ആദ്യത്തേതു് അടിമത്തത്തിലും പാരതന്ത്ര്യത്തിലും ആണ്ടുകിടന്നിരുന്ന ഒരു ജനതതിയുടെ രോഷപ്രകടനങ്ങളായിരുന്നുവെന്നു് വിശേഷിപ്പിക്കുകയും അങ്ങനെ വേണമെങ്കിൽ അവയെ നീതീകരിക്കുകയും ചെയ്യാം. കാരണം എത്രമാത്രം പ്രബുദ്ധമായ ഒരു ജനതതിയുടെ പക്ഷത്തുനിന്നും അവകാശങ്ങളും സ്വാതന്ത്ര്യവും നിഷേധിക്കപ്പെടുന്ന സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും രോഷപ്രകടനങ്ങളുണ്ടായേക്കാം.

എന്നാൽ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുവാൻ സന്നദ്ധമാകാതെ കുഴപ്പങ്ങൾ സ്വയം സൃഷ്ടിക്കുകയെന്നതു് ദുസ്സഹമെന്നപോലെ ദുരൂഹവുംകൂടിയാണു്.

പ്രസിഡൻറു് കാസാവുബുവിനും പ്രധാനമന്ത്രി ലുമുംബയ്ക്കും കോങ്കോജനതയെ നിയന്ത്രിക്കാൻവയ്യാത്ത ഒരു ഘട്ടം ആസന്നമായി. ബൽജിയംപട്ടാളക്കാരും അവരുടെ പങ്കു് നിറവേററുന്നതിൽ ഉദാസീനതകാണിച്ചില്ല. അന്താരാഷ്ട്രബൽജിയം പട്ടാളക്കാർ റോഡിലൂടെ ജീപ്പിൽ ചുററിയടിച്ചു് ദൃഷ്ടിവട്ടത്തിൽ കണ്ടവരെയെല്ലാം വെടിവച്ചു. കോംഗോക്കാരും ബൽജിയംകാരും തമ്മിൽ സംഘട്ടനങ്ങൾ പലയിടത്തും നടന്നു. വിലപ്പെട്ട പലതും നശിപ്പിച്ചു.

കോംഗോവിൻെറ സ്വാതന്ത്ര്യം പരമാധികാരമുള്ള രണ്ടു രാഷ്ട്രങ്ങൾ തമ്മിലുള്ള ശാശ്വതവും ഫലപുഷ്കലവുമായ സഹകരണത്തിൻെറ തുടക്കം കുറിക്കുന്നുവെന്ന ലുമുംബായുടെ സ്വാതന്ത്ര്യദിനാഘോഷവേളയിലെ പ്രഖ്യാപനം കാററിൽ പറത്തിക്കൊണ്ടു്, ബൽജിയംകാരായ ആളുകളുടെ ജീവധനാദികൾ രക്ഷിക്കുവാനെന്നവ്യാജേന കോംഗോപ്രദേശത്തെ സമ്പത്തിൽ ആർത്തിവിട്ടിട്ടില്ലായിരുന്ന ബൽ

ജിയൻ സാമ്രാജ്യത്വം പരമാധികാരം പ്രാപിച്ചുകഴിഞ്ഞ കോംഗോ റിപ്പബ്ളിക്കിൽ പ്രവേശിച്ചു. അന്തർദ്ദേശീയ നിയമത്തിന്റെ ഗുരുതരമായ ഒരു ലംഘനമായിരുന്നു അതു്—ഒരു പരമാധികാരരാഷ്ട്രത്തിൻെറ ആഭ്യന്തരകാര്യ ങ്ങളിലുള്ള ഇടപെടൽ.

അപരിഷ്കൃതരായ കോങ്കോപട്ടാളക്കാരുടെ ബീഭത്സ വൃത്തികളിൽനിന്നും ബെൽജിയക്കാരെ രക്ഷിക്കാനെത്തിയ ബെൽജിയംപട്ടാളം പകപോക്കാനാണിഷ്ടപ്പെട്ടതു്. ശത്രുവിൻെറ സ്ത്രീകളും അപമാനിതരായി. പട്ടാളം കോങ്കോവിൽ നിലയുറപ്പിച്ചു് ശിഥിലീകരണത്തിൻെറ വിത്തുകൾ പാകുന്നതിൽ ബദ്ധശ്രദ്ധമായി ആദ്യം കതംഗ പിന്നീടു് കാസായി എന്നീ സംസ്ഥാനങ്ങൾ കേന്ദ്രഗവണ്മെൻറിൽ നിന്നും വിട്ടുമാറി സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.

(സ്വാതന്ത്ര്യം പ്രഖ്യാപിച്ച കാസായി സംസ്ഥാനത്തിൻെറ അന്തർഭാഗത്തേയ്ക്കു് ദൃഷ്ടികൾ പായിക്കുന്ന പക്ഷം അവിടെനടന്ന ചില കാര്യങ്ങൾതന്നെ കോങ്കോ മുഴുവനുംനടന്ന കലാപങ്ങളുടേയും കുഴപ്പങ്ങളുടേയും യഥാർത്ഥവും സജീവവും ആയ ഒരു ചിത്രം നൽകുന്നതിനു് പര്യാപ്തമാണു്. രത്നസമ്പന്നമായ കാസായിസംസ്ഥാനത്തിൽ പ്രധാനമായി രണ്ടുഗോത്രങ്ങളാണു് ഉള്ളതു്—ലുലുവായും ബാലുബയും. ജനസംഖ്യയിൽ മികച്ചുനില്ക്കുന്ന ലുലുവാ താരതമ്യേന വിദ്യാസമ്പന്നരായ ബാലുബയ്ക്കു് അടിമപ്പെട്ടു് കഴിയേണ്ടിവരുമോയെന്നു് ശങ്കിച്ചു. കൂടുതൽ അംഗസംഖ്യയ്ക്കും പുറമെ സമർത്ഥരായ പോരാളികളും ലുലുവാ ഗോത്രത്തിനാണു്. അത്തരമൊരവസ്ഥയിൽ സ്വാഭാവികമായും അവിടെനടക്കുക ഗളച്ഛേദപരിപാടികളാണു്. അതാണു് അവിടെനടന്നതും. ആ ചിത്രമാണു് ആഭ്യന്തരകുഴപ്പകാലത്തു് കോംഗോമുഴുവനും പ്രതിഫലിച്ചതും—

സ്ത്രീകളെ ബലാൽസംഗംചെയ്തശേഷം ആ ശരീരങ്ങളെ തുണ്ടുതുണ്ടായി വെട്ടിയിടുക. ഗ്രാമങ്ങൾ തീവെച്ചു നശിപ്പിക്കുക. മൃതശരീരങ്ങളുടെ കൈകാലുകൾ വിജയചിഹ്നങ്ങളായി പൊക്കിപ്പിടിച്ച് രക്തം കട്ടപിടിച്ചുകിടന്ന തെരുവുകളിലൂടെ ഘോഷയാത്ര നടത്തുക.)

കേന്ദ്രഗവണ്മെൻറിൻെറ വരുതിയിൽനിന്നുവിട്ട് സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകഴിഞ്ഞിരുന്ന കതംഗയുടെ പ്രശ്നം ഭീമാകാരമാകാൻതുടങ്ങി. 1960-ൻെറ ആരംഭത്തിൽ കോംഗോയുടെ സ്വാതന്ത്ര്യത്തെസംബന്ധിച്ച് ബൽജിയത്തിൻെറ തലസ്ഥാനമായ ബ്രൂസൽസിൽ സമ്മേളനം നടന്ന അവസരത്തിൽത്തന്നെ കതംഗയെ കോംഗോയിൽനിന്ന് വേർപെടുത്തുവാനുള്ള ഒരു വൃഥാശ്രമം ബൽജിയം നടത്തുകയുണ്ടായി. അന്നതു് നിറവേറിയില്ല. കതംഗയിലെ ഷോംബെ കതംഗയുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചപ്പോൾ ബൽജിയത്തിൻെറ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടുകയായിരുന്നു. കോംഗോ റിപ്പബ്ളിക്കിൻെറ സാമ്പത്തികസുസ്ഥിതിക്ക് അനുപേക്ഷണീയമായ കതംഗയുടെ സ്വാതന്ത്ര്യപ്രഖ്യാപനം വളരെയേറെ ഗുരുതരമായ ഒരന്തർദ്ദേശീയപ്രശ്നത്തെ സൃഷ്ടിച്ചു. അരാജകത്വവും അസ്വസ്ഥതയും അസംതൃപ്തിയും പ്രശാന്തസുന്ദരമായിരുന്ന കോംഗോയുടെ ഇരുണ്ട വനഭൂമികളിൽ പടർന്നുപിടിച്ചു.

## കതംഗയുടെ പരമാധികാരവാദം.

കേന്ദ്രഗവണ്മെൻറിലെ പ്രധാനമന്ത്രിയായ ലുമുംബയുടെ നിലനില്പ് അപകടത്തിലാകാൻപോകയാണോയെന്ന സൂചനകൾ കാസായിയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തോടെ കൂടുതൽ വ്യക്തമാവാൻതുടങ്ങി. കതംഗയുടേയും കാസായിയുടേയും വേർപെടലോടെ ഛിന്നഭിന്നമാകാൻതുടങ്ങിയ കോംഗോറിപ്പബ്ളിക്കിൻെറ സുസ്ഥിതിക്കായി

ഐക്യരാഷ്ട്രസേനയുടെ സഹായം ലുമുംബ അഭ്യർത്ഥിച്ചുവെങ്കിലും മൂന്ന് നിബന്ധനകളോടെമാത്രമേ ഐക്യരാഷ്ട്രസേനയെ കോംഗോവിലേക്കയയ്ക്കാൻ ഐക്യരാഷ്ട്രസഭ സന്നദ്ധത പ്രകടിപ്പിച്ചുള്ളു. അവ താഴെപ്പറയുന്നവയായിരുന്നു:—

1. ആത്മരക്ഷാർത്ഥംമാത്രമേ അതു് പ്രവർത്തിക്കുകയുള്ളൂ.

2. കോംഗോയിലെ ആഭ്യന്തരകുഴപ്പങ്ങളിൽ അതു് കക്ഷി പിടിക്കരുതു്.

3. മററു് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നു് സേനയിലേക്കു് റിക്രൂട്ടുമെൻറു് നടത്തേണ്ടതും സെക്യൂരിററികൌൺസിലിലെ സ്ഥിരം അംഗങ്ങളെ ഒഴിവാക്കേണ്ടതും ആണു്.

ഇത്തരമൊരവസ്ഥയിൽ സഹായഹസ്തങ്ങൾ പലതും ലുമുംബയുടെ നേരെ നീണ്ടു. കോംഗോവിൽ ഐക്യരാഷ്ട്ര സംഘടന സമാധാനം പുനഃസ്ഥാപിക്കുന്നില്ലെങ്കിൽ സമാധാനം പുനഃസ്ഥാപിക്കാൻ മററു രാഷ്ട്രങ്ങൾ നിർബന്ധിതമാകുമെന്ന ഭീഷണി ഉയൻുവന്നു. റഷ്യയും ചൈനയും കോംഗോയുടെ കാര്യത്തിൽ കൂടുതൽ താല്പര്യം കാണിക്കാൻ തുടങ്ങി.

സമാധാനം പുനഃസ്ഥാപിക്കുന്നതിനായി കോംഗോവിലെത്തിയ ആഫ്രിക്കൻ രാജ്യങ്ങളിലെ പട്ടാളക്കാർമാത്രമുൾപ്പെടുന്ന ഐക്യരാഷ്ട്രസേനയ്ക്കു് ഭാരിച്ച ചുമതലകളാണു് ചെയ്തുതീർക്കാനുണ്ടായിരുന്നതു്. കോംഗോവിൽ ഭരണകാര്യങ്ങളെല്ലാം അരാജകമായൊരു അവസ്ഥ പ്രാപിച്ചു കഴിഞ്ഞിരുന്നു. പട്ടിണി സാർവ്വത്രികമായിരുന്നു. കതംഗയിൽ ഷോംബെയുടെ പിണിയാളുകളായും യജമാനന്മാരായും പ്രവർത്തിച്ചിരുന്ന ബൽജിയംകാർക്കുപുറമെ പുതിയ കുടിയേറിപ്പാർപ്പും ഉണ്ടായി.

ബൽജിയംസേന എന്നു് കതംഗയിൽനിന്നു് ഒഴിഞ്ഞുപോകുന്നുവോ അന്നു് ആ 'സ്വതന്ത്രരാജ്യ'ത്തിൻെറ നിലനില്പും അസ്തമിക്കുമെന്ന കോംഗോ പ്രധാനമന്ത്രി ലുമുംബയുടെ സമർത്ഥവും ന്യായപൂർവ്വവും ആയ വാദത്തിനു് അന്നു് വലിയ പ്രസക്തി ലഭിച്ചില്ല. കോംഗോയുടെ മററു ഭാഗങ്ങളിൽനിന്നു് ബൽജിയംപട്ടാളക്കാർ ഒഴിഞ്ഞുപോയതുപോലെ കതംഗയിൽനിന്നും പിന്മാറണമെന്നു് ലുമുംബ പറഞ്ഞതിൽ വളരെയേറെ അർത്ഥമുണ്ടായിരുന്നു.

എന്നാൽ, കോംഗോയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനായി എത്തിയിരുന്ന ഐക്യരാഷ്ട്രസേന ബലം പ്രയോഗിച്ചോ മറേറതെങ്കിലും വിധത്തിലോ കതംഗയെ കോംഗോയുടെ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്ന വാദം ഐക്യരാഷ്ട്രസെക്രട്ടറിജനറലിനു് അന്നു് അത്ര എളുപ്പത്തിൽ മനസ്സിലാവുകയുണ്ടായില്ല. അന്നത്തെ സാഹചര്യങ്ങളിൽ ഹാമർഷീൽഡിൻെറനിലപാടു് മനസ്സിലാക്കാവുന്നതും നീതീകരിക്കാവുന്നതുമാണു്. കതംഗയെ ബലം പ്രയോഗിച്ചു് കോംഗോയുടെ വരുതിയിലാക്കുകയെന്നതു് ആഭ്യന്തരകാര്യങ്ങളിലുള്ള ഒരുതരം ഇടപെടലായി അന്നു് വ്യാഖ്യാനിക്കപ്പെട്ടു. ഇതിനുംപുറമേ കോംഗോവിലെ അന്നത്തെ ചില സംഭവവികാസങ്ങളും ഹാമർഷീൽഡിൻെറ നിലപാടിനെ സാധൂകരിക്കാൻപോന്നവയായിരുന്നു. കോംഗോ പ്രസിഡണ്ടു് കസാവുബുവിൻെറപാർട്ടി ലുമുംബയിൽ വിശ്വാസമില്ലെന്നു് ആയിടെ പറയുകയുണ്ടായി. ആയിടെതന്നെ നടന്ന പാൻആഫ്രിക്കൻകോൺഗ്രസ്സിൽ സംബന്ധിക്കാനെത്തിയ ലുമുംബയ്ക്കെതിരായി എതിർകക്ഷിക്കാർ പ്രകടനം നടത്തിയതും തുടർന്നു വെടിവയ്പു നടത്തിയതും ലുമുംബയുടെ നേതൃത്വത്തിനെതിരായുള്ള ചോദ്യചിഹ്നങ്ങളായി കണക്കാക്കപ്പെട്ടു. കൂടാതെ സ്വന്തം അണികളിലുള്ളവരെയും അനുയായികളെയും

നിലയ്ക്കു നിറുത്തുവാൻപോലും ലുമുംബയ്ക്കു കഴിഞ്ഞില്ല. ഐക്യരാഷ്ട്രസംഘടനയുടെ ഉദ്യോഗസ്ഥന്മാരുടെമേൽ നടത്തിയ കയ്യേററങ്ങൾ ഇതിനൊരു തെളിവായിരുന്നു.

ഐക്യരാഷ്ട്രസേന കതംഗയിൽ പ്രവേശിക്കുന്നതിനു മുമ്പായി രണ്ടു് പ്രശ്നങ്ങളെ സംബന്ധിച്ച് ഹാമർഷീൽഡിനു് വ്യക്തത ലഭിക്കേണ്ടിയിരുന്നു. ആദ്യത്തേതു് ബൽജിയംപട്ടാളത്തിൻെറ സാന്നിദ്ധ്യമായിരുന്നു. കതംഗയിലെ ബൽജിയംസൈന്യത്തെ മാറേറണ്ടതാണെന്നും മാററാൻ കഴിയുന്നതാണെന്നും ഹാമർഷീൽഡിനു് വിശ്വാസമുണ്ടായിരുന്നു. പക്ഷേ പരിഹരിക്കാൻ വിഷമമായിരുന്നതു് ഷോംബെയുടെ പരമാധികാരവാദമായിരുന്നു. സംസ്ഥാനഗവണ്മെൻറും കേന്ദ്രഗവണ്മെൻറും തമ്മിൽ നിലനിന്നുവന്നിരുന്ന ശത്രുതാമനോഭാവം കോംഗോയുടെ ആഭ്യന്തരകാര്യമായി ബന്ധപ്പെട്ടതാണു്. ഷോംബെയുടെ അഭിപ്രായത്തിൽ കോംഗോവിൽ നടന്നുകൊണ്ടിരുന്ന കുഴപ്പങ്ങൾ യഥാർത്ഥത്തിൽ ബൽജിയംകാരും കോംഗോക്കാരും തമ്മിലുള്ളതല്ലെന്നായിരുന്നു. കുഴപ്പങ്ങൾ യഥാത്ഥത്തിൽ കോംഗോക്കാർ തമ്മിൽതമ്മിലായിരുന്നു. അവസാനവിശകലനത്തിൽ ഷോംബേയും ലുമുംബയും തമ്മിൽ. അതുകൊണ്ടാണു് ഐക്യരാഷ്ട്രസേനയുടെ അന്നത്തെ പ്രതിനിധിയായിരുന്ന ബുൺഷെയോടു് ഷോംബെ വെട്ടിത്തുറന്നു് പറഞ്ഞതു്—കോംഗോ പ്രസിഡൻറു് കസാവുബുമായി ഒരു ധാരണയിലെത്തുക സാദ്ധ്യമാണു്: പക്ഷേ ലുമുംബയുമായി സാദ്ധ്യമല്ല. കസാവുബുവിൻെറ അധികാരം ഒരു പരിധിവരെയെങ്കിലും അംഗീകരിക്കാൻ തയ്യാറായിരുന്ന ഷോംബെ ഐക്യരാഷ്ട്രസേനയിലുൾപ്പെട്ട ഘാനാപട്ടാളത്തെ ആഫ്രിക്കൻ വിപുലീകരണത്തിൻെറ പ്രതിനിധികളായും ഗയാനാപട്ടാളത്തെ

സോവിയററ് സാമ്രാജ്യത്വത്തിന്റെ ഉപകരണങ്ങളായും മാത്രമേ കണക്കാക്കാൻ കൂട്ടാക്കിയുള്ളു.

ബൽജിയം സാമ്രാജ്യത്വത്തിന്റെ പാവയായി മാറിക്കഴിഞ്ഞിരുന്ന ഷോംബെയ്ക്കു് തന്റെ നിലനില്പിന്നു് ബൽജിയം സൈന്യങ്ങളുടെ സാന്നിദ്ധ്യം അവശ്യമായിരുന്നു. രാജ്യത്തിന്റെ ഭദ്രതയ്ക്കും സുസ്ഥിരിതിക്കും അതേസമയം ബൽജിയം പട്ടാളത്തിന്റെ പിന്മാററം ഒഴിച്ചുകൂടാൻ വയ്യാത്തൊരു ആവശ്യവുമായിരുന്നു. ഈ രണ്ടു് ആശയഗതികളുടെയും അനിവാര്യമായ സംഘട്ടനഫലമായിരുന്നു കോംഗോയിലെ ദുരന്തനാടകം.

കതാംഗയിലെ ഷോംബെയെക്കാളും ആഭ്യന്തരകാര്യമന്ത്രി മുനംഗയെക്കാളും കതാംഗയുടെ കാര്യത്തിൽ പ്രധാനമായി പങ്കുവഹിച്ച മൂന്നു് "മഹാരഥ"ന്മാർ കതാംഗയിലുണ്ടായിരുന്നു. കതാംഗയിലെ ബൽജിയംപട്ടാളത്തെ നയിച്ചിരുന്ന ജനറൽ ഗെയ്സൻസ്, കതാംഗാപട്ടാളത്തിന്റെ മേധാവിയായ മേജർ ക്രെവകർ, കതാംഗാ പ്രധാനമന്ത്രിയുടെ മിലിട്ടറി അററാഷെയായ കേണൽ വൈബർ എന്നീ മൂന്നുപേരാണു് കതാംഗയിലെ പോലീസ്, പട്ടാളം, ഇൻഫർമേഷൻ, ഭക്ഷണംമുതൽ സമസ്തകാര്യങ്ങളും നിയന്ത്രിച്ചിരുന്നതു്. താൻ ബൽജിയംകാരുടെ പാവയല്ലെന്നും ജനങ്ങളുടെ യഥാർത്ഥപ്രതിനിധിയാണെന്നും കതാംഗയുടെ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും ആവശ്യമായത്ര സഹായംമാത്രമേ ബൽജിയംകാരിൽനിന്നു് സ്വീകരിക്കുകയുള്ളുവെന്നും ലോകരെ ബോദ്ധ്യപ്പെടുത്തുവാൻ ഷോംബെ തത്രപ്പെട്ടുവെങ്കിലും കതാംഗയിലെ ബൽജിയത്തിന്റെ 'സാങ്കേതികസഹായം' ഒരു പ്രത്യേക കൊളോണിയലിസത്തിന്റെ രൂപം കൈക്കൊള്ളുകയായിരുന്നുവെന്നു് പിൽക്കാലചെയ്തികൾ തെളിയിച്ചു.

KOTTAYAM

ഇപ്രകാരം വ്യത്യസ്തങ്ങളായ രണ്ട് അഭിപ്രായഗതികളുടെ സമ്യക്കായ അനുരഞ്ജനം സാദ്ധ്യമാക്കുകയെന്ന ദുഷ്കരമായ ഒരു ജോലിയാണ് ഐക്യരാഷ്ട്രസംഘടനയ്ക്കു് കോംഗോവിൽ നിർവഹിക്കാനുണ്ടായിരുന്നതു്. ബെൽജിയം പട്ടാളത്തെ കതാംഗയിൽനിന്ന് പിൻവലിപ്പിക്കാനുള്ള ശ്രമത്തിൽ ഹാമർഷീൽഡ് കുറേശ്ശെ വിജയിച്ചുവരികയായിരുന്നുവെങ്കിലും കേന്ദ്രഗവൺമെണ്ടിന്റെ അധികാരാജ്ഞകൾക്ക് കതാംഗയെ വിധേയമാക്കുകയാണ് ഐക്യരാഷ്ട്രസേനയുടെ കർത്തവ്യമെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപനം ചെയ്ത ലുമുംബയുടെ അഭിപ്രായഗതിയോടു് ഹാമർഷീൽഡിനു് എങ്ങിനെ യോജിപ്പിലെത്താൻ കഴിയുമെന്നതായിരുന്നു പ്രശ്നം. പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കിയ ഒന്നായിരുന്നു ഹാമർഷീൽഡിൽ ലുമുംബയ്ക്കു് വിശ്വാസമുണ്ടായിരുന്നില്ലെന്ന വസ്തുത. ബെൽജിയംകാരുടെ അഭീഷ്ടാനുവർത്തിയാകുന്നതിൽ കവിഞ്ഞു് ഹാമർഷീൽഡിനു് കോംഗോവിൽ യാതൊരു പങ്കും വഹിക്കാനില്ലയെന്നായിരുന്നു ഏറെക്കുറെ ലുമുംബയുടെ വിശ്വാസം.

കതാംഗയുടെ അനിശ്ചിതത്വം നീണ്ടുപോകുന്തോറും ലുമുംബയുടെനില കൂടുതൽ മോശതരമാകാനും തുടങ്ങി. ശിഥിലീകരണത്തിന്റെ വിത്തു് വിതയ്ക്കുന്നതിൽ ബെൽജിയം വിജയിച്ചുകൊണ്ടേയിരുന്നു. അങ്ങനെ അനിശ്ചിതത്വത്തിൽനിന്നു് അനിശ്ചിതത്വത്തിലേക്ക് കോംഗോ പ്രശ്നം നീങ്ങിക്കൊണ്ടേയിരുന്നു.

## ട്രോയിക്കാസിദ്ധാന്തത്തിൻെറ ഉത്ഭവം

1960 സെപ്റ്റംബർ 5-ാംനു- കസാവുബുവും ലുമുമ്പയും പരസ്പരം അവരവരെ അതാതു് സ്ഥാനങ്ങളിൽനിന്നു് നീക്കം ചെയ്തതായി പ്രഖ്യാപിക്കുകയുണ്ടായി. (കസാവുബു ജോസഫ് ഇലിയോവിനെ ലുമുമ്പയുടെ സ്ഥാനത്തു് അതേത്തുടൎന്നു് പ്രതിഷ്ഠിച്ചു.) ലുമുമ്പയുടെ റഷ്യൻ സഹായാഭ്യൎത്ഥനയാണു് കോംഗോയെ ഇത്തരമൊരു സ്ഥിതിവിശേഷത്തിലേക്കു് വലിച്ചിഴച്ചതു്.

ഈ ആകസ്മികസംഭവവികാസത്തെത്തുടൎന്നു് കസാവുബുവിൻെറയും ലുമുമ്പയുടെയും അനുയായികൾ തെരുവിലിറങ്ങി. അന്തരീക്ഷം ആഭ്യന്തരയുദ്ധത്തിൻെറ ഭീഷണികളാലും മുറവിളികളാലും മുഖരിതമായി. കോംഗോറിപ്പബ്ളിക്കിൻെറ ഭരണഘടനയിലെ 22-ം, 17-ം വകുപ്പുകൾ പ്രകാരം പ്രധാനമന്ത്രിയെ നിയമിക്കാനും സ്ഥാനഭ്രഷ്ടനാക്കാനും പ്രസിഡണ്ടിനു് അധികാരമുണ്ടായിരുന്നു. പക്ഷേ 17-ാം വകുപ്പുപ്രകാരം ആ നടപടിക്കു് ഒരുമന്ത്രിയുടെയെങ്കിലും അംഗീകാരം വേണമെന്നുണ്ടു്. കസാവുബും ലുമുമ്പയെ പുറന്തള്ളിക്കൊണ്ടു് പുറപ്പെടുവിച്ച കല്പനയിൽ രണ്ടു മന്ത്രിമാർ ഒപ്പുവച്ചിരുന്നു. ഇതേത്തുടൎന്നു പ്രധാനമന്ത്രിയുടെ ഡിസ്മിസ്സലിനെതിരായി പാർലിമെൻറിൻെറ രണ്ടുസഭകളും വോട്ടു് രേഖപ്പെടുത്തുകയുണ്ടായെങ്കിലും ഭരണഘടന അനുശാസിക്കുന്നവിധം രണ്ടു സഭകളിലേയും

മൊത്തം അംഗസംഖ്യയിൽ കേവലഭൂരിപക്ഷം നേടുവാൻ ലുമുമ്പയ്ക്കു കഴിഞ്ഞില്ല. എങ്കിലും ലുമുമ്പയുടെ നില കൂടുതൽ ഭദ്രവും സുരക്ഷിതവും ആണെന്ന ഒരു വിചാരം ഈ ഘട്ടത്തിലുണ്ടായിരുന്നു. കാരണം ഇത്തരം സാഹചയ്യങ്ങളിൽ പട്ടാളത്തിൻെറ അഭീഷ്ടാനുസരണമാണല്ലോ കായ്യങ്ങൾ നീങ്ങുക പതിവ്. കോങ്കോയിലെ സവ്വസൈന്യാധിപനായിരുന്ന ലുണ്ടുള്ള ലുമുമ്പയുടെ അനുകൂലിയായിരുന്നതിനാൽ പട്ടാളം ലുമുമ്പയുടെ പക്ഷത്തുചേൎന്ന് പ്രവത്തിക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു.

ലുമുമ്പയുടെ സുരക്ഷിതബോധം നൈമിഷികംമാത്രമായിരുന്നു. ഗോത്രപിതാക്കന്മാരുടെ നാടായ കോംഗോവിൽ കസാവുബുവിനു് ജനപിന്തുണ നന്നായുണ്ടായിരുന്നു. പ്രസിഡണ്ട് കസാവുബുവിൻെറ വാറണ്ടനുസരിച്ച് അറസ്ററുചെയ്യപ്പെട്ട ലുമുമ്പയെ രക്ഷപ്പെടുത്തിയതിനു ലുണ്ടുള്ള സവ്വസൈന്യാധിപസ്ഥാനത്തുനിന്നും നിഷ്കാസിതനായി. കേണൽ മൊബ്യൂട്ടു ലുണ്ടുള്ളുവിൻെറസ്ഥാനം ഏറെറടുത്തു. (ഒരൊററദിവസത്തെ പട്ടാളപരിശീലനംപോലും ലഭിക്കാത്ത ഒരാളാണത്രേ കേണൽപദവിയുള്ള മൊബ്യൂട്ടു.)

ഈ മാററങ്ങൾ കൂടുതൽ അരാജകമായൊരവസ്ഥ സൃഷ്ടിക്കുന്നതിനുമാത്രമേ ഉപകരിക്കുകയുണ്ടായുള്ളു. പട്ടാളക്കാർ രണ്ടുചേരികളായിനിന്ന് ഏററുമുട്ടുവാൻ തുടങ്ങി. ഈ ഘട്ടത്തിൽ കേണൽ മൊബ്യൂട്ടു അധികാരം പിടിച്ചെടുത്തിരിക്കുന്നതായും ലുമുമ്പയുടേയും കസാവുബുവിൻേറയും ഗവണ്മെൻറുകൾ നിയമവിരുദ്ധമാണെന്നും പ്രഖ്യാപിക്കുകയുണ്ടായി. പ്രഖ്യാപനം നാമമാത്രമായവശേഷിച്ചു. കാരണം യഥാൎത്ഥാധികാരം പല കൈകളിലായി നിലകൊണ്ടു. സൈനികബലം നല്ലൊരു ശതമാനമുണ്ടായിരുന്നിട്ടും മൊബ്യൂട്ടുവിൻെറ പട്ടാളവിപ്ലവം വിജയിക്കുകയു

ണ്ടായില്ല. ചില പ്രത്യേക ഗോത്രങ്ങളുടെ പിന്തുണ കസാവുബ്വവിനുണ്ടായിരുന്നു. ഭരണംനടത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടേയും ജനപ്രതിനിധികളുടേയും പിന്തുണ ലുമുമ്പയ്ക്കായിരുന്നു.

ലുമുമ്പയ്ക്ക് എന്തൊക്കെ കുററങ്ങളും കുറവുകളും ഉണ്ടായിരുന്നുവെങ്കിൽത്തന്നെയും പ്രാകൃതവിശ്വാസങ്ങളും പാരമ്പര്യങ്ങളും ഗോത്രങ്ങളും ഗോത്രപിതാക്കളും സ്വാധീനം ചെലുത്തിയിരുന്നതും ശിഥിലീകരണപ്രവണതകൾ മൂർഛിച്ചുനിന്നിരുന്നതുമായ കോംഗോയിലെ ഒരേയൊരു ദേശീയനേതാവ് ലുമുമ്പയായിരുന്നു.

കസാവുബ്വവും ലുമുമ്പയും മൊബ്യൂട്ടുവും ഷോംബെയും കാസായിലെ കലോഞ്ചിയും ഇപ്രകാരം ഓരോരോ സ്ഥാനങ്ങളിൽ ഇരിപ്പുറപ്പിച്ചപ്പോൾ ഒത്തുതീർപ്പുശ്രമങ്ങൾ കൂടുതൽ സങ്കീർണ്ണവും ദുഷ്കരവുമായി. ലുമുമ്പ റഷ്യൻ അനുകൂലിയായി മാറിയെന്ന ഒരൊററ കാര്യത്തിൽമാത്രമേ മററുള്ളവർക്കെല്ലാം യോജിക്കാൻ കഴിഞ്ഞുള്ളു.

ഇതിനിടെ ഐക്യരാഷ്ട്രസഭയിൽ കോംഗോയെ സംബന്ധിച്ച് റഷ്യ കൊണ്ടുവന്ന പ്രമേയം സ്ഥിതിഗതികളെ കൂടുതൽ മോശതരമാക്കാനേ ഉപകരിക്കുകയുണ്ടായുള്ളു. ലുമുമ്പയുടെ ഗവണ്മെൻറിന് ഏകപക്ഷീയമായി സഹായം നൽകുന്നതാണെന്ന് റഷ്യ ഭീഷണിമുഴക്കി. ഐക്യരാഷ്ട്രസഭയുടെ അസ്തിത്വത്തെപ്പോലും പിടിച്ചുകുലുക്കാൻപോന്ന ഔദ്ധത്യവും സാഹസികതയും ആ പ്രസ്താവനയിൽ നിഴലിച്ചിരുന്നു. പാശ്ചാത്യശക്തികളുടെ കൈകടത്തലുകളെ അധിക്ഷേപിക്കുന്ന ആഫ്രിക്കൻരാജ്യങ്ങൾ പോലും കോംഗോയിലേയ്ക്കുള്ള ഏതൊരു സഹായവും ഐക്യരാഷ്ട്രസഭയിലൂടെമാത്രമേ ഉണ്ടാകാവൂ എന്ന സിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്നുവെന്നതു് റഷ്യയുടെ ഭീഷണി

യുടെ പൊള്ളത്തരം വ്യക്തമാക്കുവാൻ ഉപകരിക്കുക യുണ്ടായി.

ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറലായിരുന്ന ഹാമർഷീൽഡ്ഡ് ആണ് കോംഗോവിലെ കുഴപ്പങ്ങൾക്ക് മുഖ്യമായും ഉത്തരവാദിത്വം വഹിക്കേണ്ടതെന്ന് റഷ്യ കുററപ്പെടുത്തി. സൃഷ്ടിപരമായൊരു വിമർശനത്തിന് മുതിരുന്നതിനുപകരം ഹാമർഷീൽഡിനെ സാമ്രാജ്യത്വത്തിൻെറ വൈതാളികനായി ചിത്രീകരിക്കുവാൻ റഷ്യ തയ്യാറായി. എന്നാൽ ഐക്യരാഷ്ട്രസഭയുടെ—ഫലത്തിൽ ഐക്യരാഷ്ട്രസേനയുടെ—പ്രവത്തനങ്ങളെ കോങ്കോവിലെ വ്യത്യസ്തതാല്പര്യങ്ങളുടെ പ്രവാചകന്മാരും വക്താക്കളും അതിനിശിതമായും നിർദ്ദയമായും വിമർശിച്ചുകൊണ്ടിരുന്നുവെന്ന വസ്തുതതന്നെ ഐക്യരാഷ്ട്രസഭ കഴിവുള്ളിടത്തോളം നിഷ്പക്ഷമായി കാര്യങ്ങൾ നടത്തിയിരുന്നുവെന്നതിൻെറ ഏററവും വലിയ തെളിവായിരുന്നു. വ്യത്യസ്ഥതാല്പര്യങ്ങളെ പ്രതിനിധാനം ചെയ്തിരുന്ന ലുമുംബയുടേയോ കസാവുബുവിൻേറയോ, മൊബുട്ടുവിൻേറയോ ഷോംബേയുടേയോ വക്താക്കളിലാരെങ്കിലും ഐക്യരാഷ്ട്രസഭയുടെ പ്രവത്തനങ്ങളെപ്പററി മതിപ്പോടുകൂടി സംസാരിച്ചിരുന്നുവെങ്കിൽ യു എൻ. നിഷ്പക്ഷമായല്ല പ്രവത്തിച്ചതെന്ന് അനുമാനിക്കാമായിരുന്നു. നീതി പ്രവത്തിക്കുമ്പോൾ നിഷ്പക്ഷനായി പെരുമാറുന്ന മദ്ധ്യസ്ഥനോട്ട് കക്ഷികൾക്കിരുവക്കും വെറുപ്പ് തോന്നുമെന്നതു് ഒരു സാമാന്യതത്വം മാത്രമാണല്ലോ. യു എൻ. പ്രവത്തനങ്ങളെ കോംഗോവിലെ ഒരു കൂട്ടരും അനുകൂലിച്ചില്ലെന്നതുതന്നെ നിഷ്പക്ഷപ്രവത്തനത്തിനുള്ള ഏററവും നല്ലരേഖാപത്രമാണ്.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് റഷ്യ അതിൻെറ ട്രോയ്ക്കാസിദ്ധാന്തം ആദ്യമായി ഉന്നയിച്ചതു്. ഐക്യരാഷ്ട്രസഭയുടെ ഘടനയിലും സെക്രട്ടറി ജനറൽ

ഹാമർഷീൽഡിൻെറ പ്രവത്തനങ്ങളിലും തനിക്കു് വിശ്വാസമില്ലെന്നു് ക്രൂഷേവു് ഐക്യരാഷ്ട്രസഭയുടെ പതിനഞ്ചാമത്തു് ജനറൽ അസംബ്ളിയോഗത്തിൽ പ്രസ്താവിച്ചതു് പലരേയും അത്ഭുതസ്തബ്ധരാക്കി. നിരായുധീകരണത്തെ സംബന്ധിച്ചു് പ്രധാനമായി ചർച്ചചെയ്യുന്നതിന്നായി സമ്മേളിച്ച ഐക്യരാഷ്ട്രസഭയുടെ പ്രസ്തുത സമ്മേളനത്തിൽ സെക്രട്ടറി ജനറൽ സ്ഥാനത്തുനിന്നും ഹാമർഷീൽഡിനെ നീക്കംചെയ്യാത്തപക്ഷം നിരായുധീകരണം ഫലപ്രദമാകാൻ പോകുന്നില്ലെന്നു് ക്രൂഷേവു് പറഞ്ഞു.

ഐക്യരാഷ്ട്രസഭയുടെ പ്രവത്തനങ്ങളെ കൂടുതൽ സജീവമാക്കണമെന്നും ആ ലോകസംഘടനയ്ക്കുമാത്രമേ ശാശ്വതമായ സമാധാനം വാഗ്ദാനം ചെയ്യാൻ സാദ്ധ്യമാകയുള്ളുവെന്നും ഐസൻഹോവർ പ്രഖ്യാപിച്ചുകഴിഞ്ഞിരുന്ന ഒരു പശ്ചാത്തലത്തിലാണു് ക്രൂഷേവു് സെക്രട്ടറി ജനറലിൻെറ പ്രവത്തനങ്ങളെ പഴിച്ചതും അപലപിച്ചതും അപ്രായോഗികമായ ചില നിർദ്ദേശങ്ങൾ ഉന്നയിച്ചതും.

ഹാമർഷീൽഡിൻെറ നേരെയുണ്ടായ ക്രൂഷേവിൻെറ വിമശനത്തിൻെറ സത്ത ഇതാണു്. കോംഗോവിലെ ഐക്യരാഷ്ട്രസേനയുടെ പ്രവത്തനങ്ങൾ ലോകസംഘടനയുടെ ലക്ഷ്യങ്ങളേയും ഉദ്ദേശങ്ങളേയും താറുമാറാക്കുന്നതരത്തിലുള്ളതായിരുന്നു ഏതൊരു ഗവണ്മെൻറു് (ലുമുമ്പയുടെ ഗവണ്മെൻറു് എന്നത്ഥം) ഐക്യരാഷ്ട്രസഭയുടെ സഹായം ആവശ്യപ്പെട്ടുവോ, ആ ഗവണ്മെൻറിനെതിരായി പ്രവത്തിക്കുകയായിരുന്നു ഐക്യരാഷ്ട്രസേന. അമേരിക്കയുടെ നേതൃത്വത്തിലുള്ള രാജ്യങ്ങളെയാണു് ഹാമർഷീൽഡ് യഥാത്ഥത്തിൽ പ്രതിനിധീകരിക്കുന്നതു്. അക്കാരണത്താൽ ആ സാമ്രാജ്യത്വകുത്തകമുതലാളിത്തശക്തികളുടെ പിണിയാളായാണു് പ്രവത്തിക്കുന്നതും.

ഇതായിരുന്നു ക്രൂഷേവിന്റെ ആരോപണം. (ഈ ആരോപണങ്ങൾക്ക് എത്രമാത്രം കഴമ്പുണ്ടെന്നുള്ളത് ഇതിനുമുമ്പു പലയിടങ്ങളിലായി പരാമർശിച്ചിട്ടുണ്ട്; റഷ്യയ്ക്കു് കോംഗോവിലെ സ്ഥിതിഗതികൾ മോശമാക്കിയതിൽ എത്രത്തോളം പങ്കുണ്ടായിരുന്നുവെന്നും.) ഈ ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് ഹാമർഷീൽഡിനെ സെക്രട്ടറിസ്ഥാനത്തുനിന്നു നീക്കണമെന്നും പകരം ആ സ്ഥാനത്തു മൂന്നുപേർ ഉണ്ടായിരിക്കണമെന്നും ക്രൂഷേവ് നിർദ്ദേശിച്ചതു്. ഈ നിർദ്ദേശങ്ങൾ ഹാമർഷീൽഡിന്റെ സമർത്ഥവും നിഷ്പക്ഷവുമായ പ്രവർത്തനങ്ങളുമായി സ്വാഭാവികമായും പൊരുത്തപ്പെടുകയില്ല. സൂയസ്സിലും ഗാസയിലും ജോർഡാനിലും ലബനോണിലും ലാവോസിലും ശീതസമരത്തിന്റെ അലകൾ വ്യാപിക്കുന്നതിനെ തടയുന്നതിൽ ഹാമർഷീൽഡ് വിജയിച്ചു. പുതുതായി സ്വാതന്ത്ര്യം പ്രാപിച്ചുകഴിഞ്ഞ ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങൾ ഹാമർഷീൽഡിലൂടെ ഐക്യരാഷ്ട്രസഹായത്തിനായി ഉററുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. "അവികസിതരാജ്യങ്ങൾ കമ്മ്യൂണിസ്റ്റ് ചായ്വുള്ളവ എന്നതിനേക്കാൾ കൂടുതൽ ദേശീയബോധമുള്ളവയാണെന്നും പാശ്ചാത്യരുടെ പഴയ സാമ്രാജ്യത്വത്തിനെതിരായി തങ്ങളുടെ സംരക്ഷകൻ എന്ന നിലയിൽ ഐക്യരാഷ്ട്രങ്ങളിലേക്കാണ് നോക്കുന്നതെന്നും" ഉള്ള വസ്തുത ഹാമർഷീൽഡിന്റെ ഐക്യരാഷ്ട്രസഭയുടെ സെക്രട്ടറി ജനറൽസ്ഥാനമാണ് വ്യക്തമാക്കിയതു്.

## ആഫ്റിക്കൻദേശീയത്വത്തിൻെറ രക്തസാക്ഷി

കെന്നഡി വൈററ്ഹൗസിൽ പ്രവേശിച്ചതോടെ കോംഗോയെ സംബന്ധിച്ച അമേരിക്കൻനയത്തിൽ വ്യക്തവും ആശാവഹവുമായ ഒരു വ്യതിയാനം കാണാമായിരുന്നു. ജയിലിലിലടയ്ക്കപ്പെട്ടിരുന്ന ലുമുമ്പയേയും കൂട്ടുകാരേയും വിമോചിപ്പിക്കേണ്ടതാണെന്നും പാർലിമെൻറ് വിളിച്ചുക്കൂട്ടേണ്ടതാണെന്നും ഉള്ള നിർദ്ദേശങ്ങളെ ഐസൻഹോവർഭരണം നിരസിച്ചിരിക്കുകയായിരുന്നു. ഇത്തരമൊരു പശ്ചാത്തലത്തിലാണ് കാസ്സബ്ളാങ്കയിൽ ഘാന, ഗിനിയ, ഐക്യഅറബി റിപ്പബ്ളിക്, മാലി, മൊറോക്കോ എന്നീ രാഷ്ട്രങ്ങൾ സമ്മേളിച്ചത്. കോംഗോവിലെ വിവിധ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു വട്ടമേശസമ്മേളനം നടത്തേണ്ടതാണെന്നും മൊബൂട്ടുവിൻെറ പട്ടാളത്തെ നിരായുധീകരിക്കേണ്ടതാണെന്നും പ്രാതിനിധ്യസ്വഭാവമുള്ള ഒരു മന്ത്രിസഭയുടെ രൂപവല്ക്കരണം ഉടനെ സാധിക്കേണ്ടതാണെന്നും ലുമുമ്പയെ ജയിലിൽനിന്നു മോചിപ്പിക്കേണ്ടതാണെന്നും യോഗം ആവശ്യപ്പെടുകയുണ്ടായി. 1961 ജനുവരി 25-ാംതീയതി കാസാവുബു വിളിച്ചുകൂട്ടിയ വട്ടമേശസമ്മേളനത്തിൽ കോംഗോയെ 12 പ്രവിശ്യകളായി വിഭജിച്ച് ഒരു ഗവണ്മെൻറ് രൂപീകരിക്കാനും പട്ടാളക്കാരെ പലയിടങ്ങളിലായി നിലയുറപ്പിക്കുവാനും തീരുമാനിച്ചു.

ലുമുമ്പയുടെ തിരിച്ചുവരവ് പ്രാകൃതവാസനകൾമാത്രം കൈമുതലായുള്ള സാമ്രാജ്യത്വ്പിണിയാളുകളായ തങ്ങളുടെ അസ്തിത്വത്തിന് കോട്ടംതട്ടിക്കുമെന്ന് ഷോംബെയും കൂട്ടരും ന്യായമായും ശങ്കിച്ചു. കോംഗോവിൽ ഒരു ദേശീയപ്രസ്ഥാനം ആദ്യമായി സംഘടിപ്പിച്ചതും സ്വാതന്ത്ര്യം നേടി

കൊടുത്തതും ലുമുമ്പയായിരുന്നു. 'ഞാൻ കോംഗോവാണെ'ന്നു് ലുമുമ്പയെക്കൊണ്ടു പറയിപ്പിച്ചതു്. താനൊരാൾ മാത്രമേ കോംഗോവിൽ ദേശീയനേതാവായുള്ളുവെന്ന ബോധംകൊണ്ടാണു്. ലുമുമ്പയുടെ വെറുംസാന്നിധ്യം ജനങ്ങളെ ശാന്തശീലരാക്കിയ സന്ദർഭങ്ങളുണ്ടായിട്ടുണ്ടെന്നു് ഫ്രാങ്കോബോണ്ടി എഴുതുന്നു.

ഈ സമുന്നതമായ സ്ഥാനം ലുമുമ്പയ്ക്കു് ആഫ്രിക്കൻ ദേശീയത്വത്തിൻെറ രക്തസാക്ഷിത്വം നേടിക്കൊടുത്തു. ഫെബ്രുവരി 13-ാംനു- ഷോംബെ "രോഷാകുലരായ ഗ്രാമവാസികളെക്കൊണ്ടു്" ലുമുമ്പയെ കൊല്ലിച്ചു. അദ്ദേഹത്തിൻെറ ചെവികൾ കലോഞ്ചിക്കു് സമ്മാനമായി അയച്ചുകൊടുക്കുകയുംചെയ്തു. പ്രാകൃതവാസനകൾ മുററിനിന്ന കാടനായ കലോഞ്ചിയിലെ മൃഗം ഉണർന്നെഴുന്നേററപ്പോൾ ഇത്രയുംകൂടെ ആവശ്യപ്പെട്ടുവത്രേ. ലുമുമ്പയുടെ ഭാര്യയെ അയാൾക്കു് എത്തിച്ചുകൊടുക്കണംപോലും! അതിനെ തടയാൻ ഐക്യരാഷ്ട്രസേനയ്ക്കു് എങ്ങനെയോ കഴിഞ്ഞു.

(ലുമുമ്പയുടെ വധത്തിനും മുമ്പു് അദ്ദേഹം നിരവധി പീഡനങ്ങൾക്കു് വിധേയനാക്കപ്പെട്ടിരുന്നു. ജനുവരി 18-ാം തീയതിയാണു് ലുമുമ്പയെ കസാവുബുപ്രഭൃതികൾ ഷോംബയെ ഏല്പിച്ചതു്.)

ആഫ്രിക്കൻദേശീയത്വത്തിൻെറ പ്രവാചകനായ ലുമുമ്പ അദ്ദേഹത്തിൻെറ ഭാര്യയ്ക്കു് തടവിലായിരുന്നപ്പോൾ എഴുതിയ എഴുത്തിലെ ഉള്ളടക്കം ദേശീയത്വത്തിൻെറ സന്ദേശമുൾക്കൊള്ളാനും ആഹ്വാനം ശ്രവിക്കാനും തയ്യാറെടുത്തുനില്ക്കുന്ന യുവതലമുറയ്ക്കു് ആത്മചൈതന്യവും സൃഷ്ട്യുന്മുഖതയും പ്രദാനംചെയ്യാതിരിക്കയില്ല.

മുമ്പു് ഒരു പോസ്റ്റൽക്ലാക്കായിരുന്ന കോംഗോറിപ്പബ്ളിക്കിൻെറ മുപ്പത്തിയാറുവയസ്സുമാത്രം പ്രായംചെന്ന പ്രധാനമന്ത്രി ലുമുമ്പ തൻെറ ഭാര്യയ്ക്കു് എഴുതി:

"എൻെറ പ്രിയേ,

ഈ കത്തു് എപ്പോഴെങ്കിലും നിനക്കു് കിട്ടാനിടയുണ്ടോയെന്നും അഥവാ എപ്പോഴാണു് കിട്ടുകയെന്നും കത്തു കിട്ടിവായിക്കുമ്പോഴേക്കും ഞാൻ ജീവനോടെ ഉണ്ടായിരിക്കുമോ എന്നും അറിയാതെയാണു് ഞാൻ നിനക്കെഴുതുന്നതു്.

നമ്മുടെ നാട്ടിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിനിടയിൽ നമ്മുടെ പാവനമായ ലക്ഷ്യത്തിൻെറ അന്തിമവിജയത്തിൽ എപ്പോഴെങ്കിലും എനിക്കു് സംശയമുണ്ടായിട്ടില്ല. ഈ ലക്ഷ്യത്തിനുവേണ്ടിയാണു് ഞാനും എൻെറ സഖാക്കളും ജീവിതംമുഴുവനും ഉഴിഞ്ഞുവെച്ചിട്ടുള്ളതു്. ഒന്നുകൊണ്ടും കളങ്കപ്പെടാത്ത മാനമായ ജീവിതത്തിനും യാതൊരു ചരടുമില്ലാത്ത സ്വാതന്ത്ര്യത്തിനുംവേണ്ടി നമ്മുടെ നാട്ടിനുള്ള അവകാശം നേടിയെടുക്കുകയെന്നതാണു് നമ്മുടെ ആവശ്യം.

എന്നാൽ ബൽജിയംകൊളോണിയൽമേധാവിത്വത്തിനും അതിൻെറ പാശ്ചാത്യക്കൂട്ടുകാർക്കും അതല്ല വേണ്ടതു്.

യൂനോകേന്ദ്രത്തിലുള്ള ചില ഉയന്ന ആളുകളുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള പ്രത്യക്ഷവും പരോക്ഷവുമായ പിന്തുണ അവർക്കുണ്ടു്. നാം സഹായത്തിനുവേണ്ടി വിളിച്ചപ്പോൾ നാം എല്ലാവിശ്വാസങ്ങളുമപ്പിച്ച ഒരു സംഘടനയായിരുന്നു അതു്.

അവർ നമ്മുടെ നാട്ടുകാരിൽ ഒരുവിഭാഗത്തെ ദുഷിപ്പിച്ച് മററൊരുവിഭാഗത്തെ വശത്താക്കി. സത്യം വളച്ചൊടിക്കപ്പെടുന്നതിനും സ്വാതന്ത്ര്യത്തെ മാനഭംഗപ്പെടുത്തുന്നതിനും അവർ സഹായംനല്കി. ഇതിൽക്കൂടുതൽ ഞാനെന്തുപറയട്ടെ.

ഞാൻ ജീവിക്കുമോ മരിക്കുമോ എന്നതും ഞാൻ സ്വതന്ത്രനാണോ അതല്ല കോളണിമേധാവികളുടെ കല്പനപ്രകാരം തടവിലാക്കപ്പെട്ടിരിക്കയാണോ എന്നതും വലിയ കാര്യമല്ല. എൻെറ വിധിയല്ല മുഖ്യമായിട്ടുള്ളത്. കോംഗോവിൻേറയും നമ്മുടെ ജനതയുടേയും വിധിയാണ്......

എനിക്കെൻെറ മക്കളെ ഇനിയൊരിക്കലും കാണാൻ സാധിക്കില്ലായിരിക്കാം. പക്ഷേ കോംഗോവിന് മഹത്തായൊരു ഭാവിയുണ്ട്. ഇതാണെനിക്ക് അവരോട് പറയാനുള്ളത്. അതുകൊണ്ട്, നമ്മുടെ സ്വാതന്ത്ര്യത്തേയും പരമാധികാരത്തേയും വീണ്ടെടുക്കാനുള്ള പാവനമായ കടമ മററെല്ലാ കോംഗോക്കാരേയുംപോലെ അവരും ഏറെറടുക്കണമെന്നാണ് രാജ്യത്തിൻെറ ഭാവി പ്രതീക്ഷിക്കുന്നത്.

മാന്യതകൂടാത്ത സ്വാതന്ത്ര്യമില്ല. നീതികൂടാത്ത മാന്യതയില്ല. സ്വാതന്ത്ര്യംകൂടാത്ത ഒരു സ്വതന്ത്രജനതയുമില്ല.

അടിമത്തത്തിൽ ജീവിക്കുകയും എനിക്ക് പാവനമായി തോന്നുന്ന തത്വങ്ങളെ കൈവിടുകയും ചെയ്യുന്നതിനെക്കാൾ ഈ നാട്ടിൻെറ അന്തിമലക്ഷ്യത്തിൽ അഗാധവും അചഞ്ചലവുമായ വിശ്വാസത്തോടെ മരിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്.

ചരിത്രം അതിൻെറ വിധിപറയുന്ന ഒരു ദിവസം വരും...ആഫ്രിക്ക അതിൻെറ സ്വന്തമായ ചരിത്രമെഴുതും. സഹാറയുടെ തെക്കുമുതൽ വടക്കുവരെ സർവ്വയിടങ്ങളിലും ഇതൊരു ശ്രേഷ്ഠമായ, പ്രൗഢമായ ചരിത്രമായിത്തീരുകയും ചെയ്യും. എൻെറ പ്രിയേ! എനിക്കുവേണ്ടി നീ കരയരുത്. ദീർഘയാതന അനുഭവിച്ച എൻെറ രാജ്യത്തിന് അതിൻെറ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാൻ സാധിക്കുമെന്ന് എനിക്കുറപ്പുണ്ട്."

•

ലുമുമ്പയുടെ തിരോധാനം കോംഗോപ്രശ്നം പരിഹൃതമാക്കുന്നതിന് ഒരിക്കലും ഉപകരിക്കുകയുണ്ടായില്ല. ലുമുമ്പയുടെ റഷ്യൻസഹായാഭ്യർത്ഥനയോ ആരോപിക്കപ്പെട്ട കമ്യൂണിസ്റ്റ്പക്ഷപാതിത്വമോ അല്ലായിരുന്നു കോംഗോപ്രശ്നത്തിൻെറ ഉത്ഭവത്തിന് നിദാനമായി വർത്തിച്ച ഘടകങ്ങൾ. കതംഗയുടെ വേറിട്ടുനില്പലാണ് കോംഗോപ്രശ്നത്തിൻെറ ആണിക്കല്ല്. ആ ആണിക്കല്ലിനെ പിഴുതുമാററാനുള്ള യത്നത്തിൽ ലുമുമ്പ സ്വീകരിച്ച അല്ലെങ്കിൽ സ്വീകരിക്കാനിഷ്ടപ്പെട്ട മാർഗ്ഗമാണ് റഷ്യൻ സഹായവും പാശ്ചാത്യചേരിയോടുള്ള വിരോധവും.

അതുകൊണ്ട് ലുമുമ്പയ്ക്കുശേഷവും പ്രശ്നം നിലവിലിരുന്നു; ഭീമാകാരമാകാനും തുടങ്ങി. സ്ഥിതിഗതികളുടെ ഗൗരവം ബോദ്ധ്യപ്പെട്ട ലിയോപോൾഡ്നേതാക്കൾ, ലുമുമ്പയുടെ വധം, കോംഗോയ്ക്കെതിരായ രാജ്യദ്രോഹം, ബാലുബാവർഗ്ഗക്കാരുടെ കൊല എന്നീ കുററങ്ങൾ നടത്തി ഷോംബെയെ വിചാരണ ചെയ്യുവാനും ആറുമാസക്കാലം തടവിൽ വയ്ക്കുവാനും തീരുമാനിച്ചു. കതംഗവിഭാഗീയത പുലർത്തുകയില്ലെന്ന കരാറിന്മേൽ തടവിൽ നിന്നും മോചിപ്പിക്കപ്പെട്ട ഷോംബേ എലിസബത്ത്വില്ലിൽ എത്തിയ ഉടനെ തൻെറ തനിനിറം വ്യക്തമാക്കി.

## ബലപ്രയോഗത്തിന്റെ തത്വശാസ്ത്രം

ഐക്യരാഷ്ട്രസഭയുടെ ഏതൊരു പ്രവത്തനത്തേയും നീക്കത്തേയും തുരങ്കംവെക്കാൻ ചില സ്ഥാപിതതാല്പര്യക്കാർ കിണഞ്ഞുപരിശ്രമിക്കുകയും തൽഫലമായി വിജയിക്കുകയും ചെയ്യുന്നുവെന്നതാണു് കോംഗോവിലെ കുഴപ്പങ്ങൾ പരിഹൃതമാകാത്തതിന്റെ മുഖ്യകാരണം. കോംഗോവിലെ ധാതുസമ്പത്തിൽ കണ്ണുള്ള വെള്ളമേധാവിത്വം ഒളിഞ്ഞും തെളിഞ്ഞും ഐക്യരാഷ്ട്രസഭയുടെ സംരംഭങ്ങളെ നിർജ്ജീവമാക്കുവാനും സ്തംഭിപ്പിക്കുവാനുമുള്ള സംരംഭങ്ങളിൽ വ്യാപൃതമായിരിക്കുകയാണു്. കോംഗോവിൽ ഐക്യരാഷ്ട്രസഭ കട്ടത്തരും കനത്തതുമായ ഒരു നിലപാടവലംബിക്കണമെന്നു് സൌകര്യം കിട്ടുമ്പോഴൊക്കെയും മുറവിളികൂട്ടുന്ന റഷ്യ, ഐക്യരാഷ്ട്രസഭയുടെ പ്രവത്തനങ്ങൾ വിജയിക്കണമെന്ന കാര്യത്തിൽ ആത്മാത്ഥമായി അഭിലഷിക്കുന്നില്ലെന്ന വസ്തുത കോംഗോപ്രശ്നത്തെ കൂടുതൽ സജീവവും സങ്കീർണ്ണവും ആക്കുന്നു. ഐക്യരാഷ്ട്രസഭയുടെ ഫലപ്രദവും വിജയകരവുമായ പ്രവത്തനങ്ങളുടെ അന്തിമഫലം വലതുപക്ഷചായ്‌വുള്ള അല്ലെങ്കിൽ പാശ്ചാത്യചേരിയോടാനുകൂല്യമായ ഒരു ഗവമ്മെൻറിന്റെ സംസ്ഥാപനമായിരിക്കുമെന്നു് മനസ്സിലാക്കുന്ന റഷ്യ ഐക്യരാഷ്ട്രസഭയുടെ കോംഗോവിലെ പ്രവത്തനങ്ങൾക്കു് സാമ്പത്തികസംഭാവനകൾ നൽകാത്തതിന്റെ കാരണമതാണു്. അതേസമയം കുത്തഴിഞ്ഞുകിടക്കുന്ന അച്ചടക്കശീലമില്ലാത്ത കേന്ദ്രഗവമ്മെൻറിന്റെ സൈനികഘടകങ്ങളെ പുനഃസംഘടിപ്പിക്കണമെന്ന ഒരു പ്രമേയത്തെ റഷ്യ വീറേറാചെയ്തതിന്റെ കാരണവും മറ്റൊന്നായിരിക്കുകയില്ല. (കഴിഞ്ഞ ഫെബ്രുവരിയിൽ ഇത്തരമൊരു പ്രമേയത്തെ റഷ്യ എതിക്കുകയുണ്ടായില്ലെന്നതു് ശ്രദ്ധാഹമാണു്.) കൂടാതെ കതംഗയോ കോംഗോയിലെ മറേറതെങ്കിലും പ്രദേശമോ ഐക്യരാഷ്ട്ര

സോവിയറ്റോ കോംഗോറിപ്പബ്ളിക്കിനോ എതിരായി ആയുധങ്ങളോ വിമാനങ്ങളോ ഉപയോഗിക്കുന്നതിനെ തടയുന്നതിന് സെക്രട്ടറി ജനറലിനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള ഒരു ഭേദഗതിയെയും റഷ്യ വീറ്റോ ചെയ്യുകയുണ്ടായി. കോംഗോയുടെ ഏകീകരണത്തിനായി അലറിക്കൊണ്ടിരിക്കുന്ന റഷ്യയുടെ യഥാർത്ഥഉദ്ദേശം മനസ്സിലാക്കുന്നതിന് ഈ വീറ്റോ ഉപകരിക്കുന്നതാണ്. കമ്മ്യൂണിസ്റ്റ്ചായ്വുള്ള സ്റ്റാൻലിവിൽ ആസ്ഥാനമാക്കിയുള്ള വിഭാഗീയപ്രവണത പുലർത്തുന്ന ഗിസങ്കഭരണത്തിനെതിരായി ഐക്യരാഷ്ട്രസഭ പ്രവർത്തിച്ചേക്കാമെങ്കിൽ അതിനെ തടയുന്നതിനാണ് റഷ്യ ഈ വീറ്റോപ്രയോഗം നടത്തിയതെന്ന് മനസ്സിലാക്കുക ബുദ്ധിമുട്ടുള്ള ഒരു കാര്യമല്ല. റഷ്യയുടെ ഈദൃശചെയ്തികൾ ഉന്നയിക്കുന്ന പ്രശ്നം റഷ്യ യഥാർത്ഥത്തിൽ കോംഗോവിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിൽ തല്പരയാണോ എന്നതാണ്.

പടിഞ്ഞാറൻരാജ്യങ്ങളിലെ ബ്രിട്ടന്റേയും ഫ്രാൻസിന്റേയും അതിലെല്ലാമുപരിയായി ബൽജിയത്തിന്റേയും കൈകൾ ഒരിക്കലും ശുദ്ധങ്ങളല്ല. വാസ്തവത്തിൽ കോംഗോയുടെ കുഴപ്പങ്ങളുടെ സമസ്തഉത്തരവാദിത്വവും ബൽജിയത്തിൽ നിക്ഷിപ്തമാണ്. കോംഗോയിലെ പ്രശ്നം വളരെ ലളിതമാണ്. കോംഗോയുടെ നിലനില്പിനും ഭദ്രതയ്ക്കും അത്യന്താപേക്ഷിതമായ കോംഗോയുടെ ഒരു അവിഭാജ്യഘടകമായ കതംഗയെ കേന്ദ്രഗവമ്മേൻറിന്റെ വരുതിയിൽ കൊണ്ടുവരികയെന്നതാണ് കോംഗോപ്രശ്നത്തിന്റെ മൂലകന്ദം. വിഭാഗീയപ്രവണതയെ താലോലിക്കുന്ന കതംഗയുടെ പരമാധികാരവാദത്തിന് ഒരു വിരാമമിടുന്നതോടെ കോംഗോപ്രശ്നവും പരിഹൃതമാകേണ്ടതാണ്. (കതംഗയെ ഏതുവിധേനയെങ്കിലും കേന്ദ്രഗവമ്മേൻറിന്റെ അധീനതയിൽ കൊണ്ടുവന്നാലും കുഴപ്പങ്ങൾ എന്നെന്നേക്കുമായി

അവസാനിക്കുകയില്ലെന്നതു് ശരിതന്നെ. പേഴ്സണാലിററികളുടേയും ഗോത്രങ്ങളുടേയും പൂർവ്വവൈരങ്ങളുടേയും പകപോക്കലുകളുടേയും പ്രശ്നങ്ങൾ അവശേഷിക്കാതിരിക്കയില്ല. കോംഗോയെ അതിൻെറ സ്വാതന്ത്ര്യലബ്ധിക്കുശേഷമുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വീക്ഷിക്കുന്നപക്ഷം, അവ ശക്തിമത്തായ ആഭ്യന്തരകലഹങ്ങളുടെ കാമ്പുള്ള വിഷബീജങ്ങളായി പരിണമിക്കാതിരിക്കുകയില്ല. പക്ഷേ ഈ വിഷബീജങ്ങളുടെ ആവിർഭാവത്തിന്ന് ഹേതുഭൂതമായതു് കതംഗയുടെ വേറിട്ടുനില്ക്കലാണു്. ഈ വേറിട്ടുനില്ക്കലിനെ പ്രോത്സാഹിപ്പിച്ചതും നിലനിർത്തിപ്പോരുന്നതും ബൽജിയമാണു്.)

അപ്രകാരം ബൽജിയവും റൊഡേഷ്യയും ബ്രിട്ടനും ഫ്രാൻസും പരിമിതമായ തോതിലെങ്കിലും റഷ്യയും ഐക്യരാഷ്ട്രസഭ കോംഗോവിൽ വിജയിക്കാതിരിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണംചെയ്തുകൊണ്ടിരിക്കുകയാണു്. ഇത്തരമൊരവസ്ഥയിൽ ഷോംബെയെ സഹായിച്ചുകൊണ്ടിരിക്കുന്ന വിദേശീയരെ ബലം പ്രയോഗിച്ചിട്ടാണെങ്കിൽ പോലും തുരത്തേണ്ടതാണെന്ന സെക്യൂരിററികൗൺസിലിൻെറ തീരുമാനം എത്രത്തോളം ഫലവത്താകുമെന്നതാണു് സംശയം.

കോംഗോവിലെ കുഴപ്പങ്ങൾക്കു് പരിഹാരം കാണുന്നതിന്നും ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിന്നും കോംഗോപാർലിമെൻറു് വിളിച്ചുകൂട്ടേണ്ടതാണെന്നു് വിവിധ കേന്ദ്രങ്ങളിൽനിന്നും പല സന്ദർഭങ്ങളിലായി അഭിപ്രായം ഉയർന്നുവരികയുണ്ടായെങ്കിലും ലുമുംബയുടെ വധത്തിന്നുശേഷവും കസാവുബു-മൊബുട്ടുപ്രഭൃതികൾ അതിനൊരുങ്ങുകയുണ്ടായില്ല. സ്റ്റാൻവിൽ കേന്ദ്രമാക്കി ഭരണം നടത്തിയിരുന്ന ലുമുംബാപക്ഷപാതിയായ ആൻറണിഗിസങ്കയുടെ സഹകരണം കതംഗയെ കേന്ദ്രഗവമ്മെൻറിൻെറ വരുതി

യിലാക്കുന്നതിനു് കസാവൃബുവിനു് ഒഴിച്ചുകൂടാൻവയ്യാത്തൊരുകാര്യമായിരുന്നു. കോകിൽഹത്‌വില്ലിൽവച്ചു് നടന്ന കോംഗോവിലെ ദേശീയനേതൃത്വങ്ങളുടെ സമ്മേളനാനന്തരം പാർലിമെൻറു് കൂടുകയും അതേത്തുടന്നു് അഡൗളയുടെ നേതൃത്വത്തിലും ആൻറണിഗിസങ്ക ഉപപ്രധാനമന്ത്രിയായും ഒരു ഗവമ്മെൻറു് രൂപീകരിക്കുകയും ചെയ്തു. കതംഗയിലെ ഷോംബേയ്ക്കു് ഈ ഗവമ്മെൻറിൽ ഭാഗഭാഗിത്വം ഉണ്ടായിരുന്നില്ല.

കതംഗ കോംഗോയുടെ ഒരു ഭാഗമാകാൻ ആഗ്രഹിക്കുന്നില്ലയെന്നതാണു് ഇതിനു് കാരണം. കതംഗയുടെ ഈ മനോഭാവത്തിനു് വിദേശശക്തികളുടെ ഗണ്യമായ പിന്തുണ സൈനികരൂപത്തിൽപോലും കിട്ടിക്കൊണ്ടിരുന്നു; കിട്ടിക്കൊണ്ടിരിക്കുകയുമാണു്. യൂറോപ്യൻ ആഫീസ്സർമാരുടെ സഹായം എപ്പോൾ കതംഗയ്ക്കു് നഷ്ടപ്പെടുന്നുവോ അതോടെ അതു ജീവച്ഛവമായി പരിഗണിക്കുമെന്ന വസ്തുത എന്തിനെപ്പോലെയും സുവിദിതമാണു്. ഇത്തരമൊരവസ്ഥയിൽ കൂലിപ്പട്ടാളത്തിൻെറയും വിദേശശക്തികളുടേയും സഹായസഹകരണത്തോടെ സ്വതന്ത്രമായ അസ്തിത്വം അവകാശപ്പെട്ടുകൊണ്ടിരിക്കുന്ന ധാതുസമ്പത്തുകൊണ്ടു് പ്രഫുല്ലമായ കതംഗയെ കേന്ദ്രഗവമ്മെൻറിൻെറ വരുതിയിലാക്കുന്നതിനു് ബലപ്രയോഗം നടത്തിയേതീരൂ എന്ന സിദ്ധാന്തത്തിനു് വളരെയേറെ പ്രസക്തിയും യുക്തിപർതയും ഉണ്ടു്.

ബലം പ്രയോഗിച്ചു് കതംഗയെ കേന്ദ്രഗവമ്മെൻറിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും കോംഗോറിപ്പബ്ലിക്കിലെ ആഭ്യന്തരകലഹങ്ങൾക്കു് സൃഷ്ടിപരമായ ഒരു വിരാമമിടുന്നതിനും നിയുക്തമായ ഐക്യരാഷ്ട്രസഭ തന്നെ മുൻകയ്യെടുക്കേണ്ടിയിരുന്നു. കാരണം, അഡൗള ഒരു യുദ്ധം ഒഴിവാക്കാനേ ശ്രമിക്കുകയുള്ളൂ. ആഫ്രിക്കൻ

പട്ടാളങ്ങളിൽവെച്ചേററവും ബൃഹത്തായ കോംഗോളീസ് സൈന്യം വിവിധതാല്പര്യക്കാരുടെ കീഴിലായി ചിന്നിച്ചിതറിക്കിടക്കുകയാണ്. അതിനുംപുറമേ കേണൽ മൊബുട്ടുവിൻെറ തൊട്ടുകീഴിലുള്ള സൈനികോദ്യോഗസ്ഥന്മാർ അദ്ദേഹത്തെ അനുസരിച്ചേക്കാമെങ്കിൽത്തന്നെയും താഴേക്കിടയിലുള്ള പട്ടാളക്കാർ മൊബുട്ടുവിൻെറ ശാസനകളെയും കല്പനകളെയും യഥാവസരം അനുസരിക്കാനും നിറവേററാനും ഒരൊററഘടകമെന്ന നിലയിൽ അച്ചടക്കത്തോടെ പ്രവർത്തിക്കുവാനും സന്നദ്ധരാകുമോയെന്നും സംശയിക്കപ്പെട്ടിരുന്നു.

കതംഗയെ കോംഗോവിനോട്ട് ചേർക്കാനുള്ള ഐക്യരാഷ്ട്രസഭയുടെ ഏതൊരു സമ്മർദ്ദത്തേയും ഏതൊരു ഘട്ടത്തിലും തുരങ്കംവയ്ക്കുന്നതിനുള്ള ഏർപ്പാടുകൾ അപ്രതീക്ഷിതങ്ങളായ കേന്ദ്രങ്ങളിൽനിന്നുതന്നെ ഉണ്ടായിക്കൊണ്ടിരുന്നു. ലോകസമാധാനത്തെ ശാശ്വതീകരിക്കാനായി തൻെറ ജീവിതം ഉഴിഞ്ഞുവെച്ച ഹാമർഷോൽഡിൻെറ മരണം (അതോ വധമോ?) മുതൽ ഐക്യരാഷ്ട്രസഭയുടെ കോംഗോവിലെ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. ബർമ്മയിലെ യുതാണ്ടിനെ സെക്രട്ടറി ജനറൽസ്ഥാനത്ത് അവരോധിക്കുന്നതുവരെയും ഏതാണ്ട് രണ്ടുമാസക്കാലത്തോളം ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനങ്ങളെ നേർവ്വഴിക്ക് നയിക്കുവാൻ ആളില്ലായിരുന്നുവെന്നതിനും പുറമെ ഐക്യരാഷ്ട്രസഭയിൽത്തന്നെ അഞ്ചാംപത്തികളെക്കൊണ്ട് നിറഞ്ഞിരിക്കയുമായിരുന്നു. വെറും ഒരു ഷോംബെയുമായി ഒരു യുദ്ധവിരാമക്കരാറിൽ ഐക്യരാഷ്ട്രസഭയ്ക്ക് ഏർപ്പെടേണ്ടിവന്നുവെന്നത് അതിൻെറ ഗതികേടിനെയല്ലാതെ മററെന്തിനെയാണ് വിളിച്ചറിയിക്കുന്നത്? ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനങ്ങൾക്ക് അതർഹിക്കുന്ന പിന്തുണ ലഭിക്കുന്നില്ലെന്നതിനുംപുറമേ അവയെ തുരങ്കംവയ്ക്കുന്നതി

നായുള്ള ഗൃദ്ധാലോചനകളും സന്നാഹസജ്ജീകരണങ്ങളും ഷോംബെയുടെ അനുകൂലികളായ രാജ്യക്കാർ നടത്തിക്കൊണ്ടിരിക്കയാണു്. (ഇന്ത്യയുൾപ്പെടെ അപൂർവ്വം ചില രാജ്യങ്ങൾമാത്രമേ കാംഗോയുടെ ഐക്യമെന്ന മഹത്തായ ലക്ഷ്യംവെച്ച് യാതൊന്നും മോഹിക്കാതെ പ്രവൎത്തനനിരതരായിട്ടുള്ളു. കോംഗോയുടെകാൎയ്യത്തിൽ വളരെയധികം താല്പൎയ്യംകാണിക്കുന്ന മററു പല രാജ്യങ്ങൾക്കും കതംഗയുടെ ധാതുസമ്പത്തിന്മേലാണു് നോട്ടം. കതംഗ കോംഗോയുടെ ഒരു ഭാഗമായിത്തീരുന്നപക്ഷം കതംഗയിലെ ധാതുസമ്പത്തു് കൊള്ളയടിക്കാൻ കഴിയുകയില്ലെന്നു് ഈ രാജ്യങ്ങൾ മനസ്സിലാക്കുന്നു. അതുകൊണ്ടാണു് ഷോംബെയെ പ്രോത്സാഹിപ്പിച്ച് വിഭാഗീയപ്രവണതകളേയും ഛിദ്രവാസനകളേയും ഊതിക്കത്തിക്കുവാൻ ഇക്കൂട്ടർ തുനിയുന്നതും ആയുധസഹായംനല്കി ഐക്യരാഷ്ട്രസേനയുടെ പ്രവൎത്തനങ്ങളെ മരവിപ്പിക്കുന്നതും.)

കതംഗയിലെ യുദ്ധവിരാമം ഷോംബെയുടെ കൈകൾക്കു് കരുത്തുകൂട്ടിയ ഒരു സംഭവമാണു്. കാരണം, ആ സംഭവം പ്രദാനംചെയ്ത കരുത്തിൻെറ അടിസ്ഥാനത്തിലാണു് കതംഗയിലെ പ്രമാണിയായ ഷോംബെ പറഞ്ഞതു്, കേന്ദ്രഗവൺമെൻറുമായി ചൎച്ചകൾനടത്തണമെങ്കിൽ കതംഗയുടെ സ്വാതന്ത്ര്യം അംഗീകരിക്കണമെന്നു്. ഒരിക്കൽ കതംഗയുടെ സ്വാതന്ത്ര്യം അംഗീകരിച്ചുകഴിഞ്ഞാൽ കേന്ദ്രഗവൺമെൻറുമായി ചൎച്ചകൾനടത്തേണ്ടുന്ന ആവശ്യംതന്നെയില്ല. ഇത്രത്തോളം ഔദ്ധത്യമുള്ള ഒരു നിബന്ധന പൊക്കിപ്പിടിക്കുന്നതിനു് ഷോംബെയ്ക്കു് കരുത്തുനല്കുന്നതു് വിദേശീയരും കൂലിപ്പട്ടാളവുമാണു്.

"കോംഗോ സ്വാതന്ത്ര്യംപ്രാപിക്കുന്നതിനു് വളരെമുമ്പേതന്നെ കതംഗയുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതിനു്

ഞാൻ ഉദ്ദേശിച്ചിരുന്നു" എന്നുപറഞ്ഞ ഷോംബെയുടെ "പരമാധികാരരാഷ്ട്ര"ത്തിന്റെ അസ്തിത്വം അവസാനിപ്പിക്കുന്നതിനു ഒരൊററവഴിയേയുള്ളു. വിദേശീയരേയും കൂലിപ്പട്ടാളത്തേയും തുരത്തുക. അതോടെ പരമാധികാരവാദവും എല്ലാം അവസാനിക്കുന്നു.

കോംഗോയുടെ ഏകീകരണത്തിന് വിഘാതമായി നില്ക്കുന്ന ഒരേഒരുശക്തി ഷോംബെയാണ്. ഷോംബെയ്ക്ക് അതേസമയം തന്നതായി ഒരു ശക്തിയുമില്ല. ഷോംബെയുടെ പിറകിലെ ശക്തികളാരാണെന്നും ഏറെക്കുറെ അറിയാവുന്നതേയുള്ളു. നീതിനടക്കേണ്ടിടത്ത് ദാക്ഷിണ്യത്തിന് സ്ഥാനമില്ല. യുതാണ്ടിന്റെ കരങ്ങളെ ശക്തിപ്പെടുത്താനും ഷോംബെയുടെ കൂലിപ്പട്ടാളത്തെ തുരത്താനും ആരൊക്കെ ആത്മാർത്ഥമായി—ആത്മാർത്ഥമായെന്ന വാക്കിന് വളരെ അർത്ഥമുണ്ട്—മുന്നോട്ടുവരുമെന്നതിനെ ആശ്രയിച്ചായിരിക്കാം കോംഗോയുടെ ഐക്യം സാധിതമാകുന്നത്.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M. 3354 *Acc. No.* 8498

This book should be returned on or before the date last stamped below.

- 4 JUN 1969
1 0 NOV 1976

ന 335.4 8498

മുതലാളിത്ത രാജ്യം
സാമ്രാജ്യത്വത്തിന്റെ
വിശ്വരൂപം.